
# വികസന രേഖ

## തിരുപുറം ഗ്രാമപഞ്ചായത്ത്



ഒൻപതാം പദ്ധതി

ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേയ്ക്ക്

# സമഗ്ര വികസന രേഖ

## തിരുപുറം ഗ്രാമ പഞ്ചായത്ത്

1997-2002

*ഒമ്പതാം പദ്ധതി ജനകീയ പദ്ധതി*



ഭാരതം ജീവിക്കുന്നത് ഗ്രാമങ്ങളിലാണ്.
ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള
അന്തരം പൂർണ്ണമായും ഇല്ലാതായാൽ
മാത്രമെ എന്റെ രാജ്യം സ്വതന്ത്രമായി
എന്ന് അഭിമാനത്തോടെ പറയാൻ കഴിയൂ.
അതിനായുള്ള പോരാട്ടത്തിൽ
എന്റെ പ്രിയപ്പെട്ട ജനത
ഒറ്റക്കെട്ടായി മുന്നേറണം.



**ഇ.എം.എസ്. നമ്പൂതിരിപ്പാട്**
*ചെയർമാൻ*
ഉന്നതതല മാർഗ്ഗനിർദ്ദേശകസമിതി
ജനകീയ ആസൂത്രണ പ്രസ്ഥാനം
കേരളം.

പ്രിയ സുഹൃത്തെ,

താങ്കളുടെ കത്തുകിട്ടി.

നിങ്ങളുടെ സംരംഭങ്ങൾക്ക്

എന്റെ ആശംസകൾ

സ്നേഹപൂർവ്വം

തിരുവനന്തപുരം
26-12-1996

ഇ.എം.എസ്. നമ്പൂതിരിപ്പാട്.

# എഡിറ്റോറിയൽ ബോർഡ്

ഡി. രവീന്ദ്രൻ - പ്രസിഡന്റ്

കെ. സുഭാഷിതൻ (കെ. ആർ. പി.)

ജെ. അജിത് (ഡി. ആർ. പി. കൺവീനർ)

പി. സജിരാജ് വിക്ടർ (ഡി. ആർ. പി)

ആർ. എൽ. യേശുദാസ്

എം. സെലിൻ

പി. മോഹൻലാൽ

തിരുപുറം തങ്കയ്യ

എസ്. ശ്രീകണ്ഠൻ നായർ

ഇ. ജസ്റ്റസ് ഡാനിയേൽ

എം. പുരുഷോത്തമൻ നായർ

പി. രാജരത്നം

ജെ. സി. ബാബുരാജ്

റ്റി.എസ്. പ്രേമ

ജെ. ഷൈലോക്ക്


മുഖചിത്രം - സുരേഷ് - പിറവി

കവർ ഡിസൈൻ - കാരയ്ക്കാ മണ്ഡപം വിജയകുമാർ

ടൈപ്പ് സെറ്റിംഗ് - ഹൈ-ടെക് കംപ്യൂട്ടേഴ്സ്
തമ്പാനൂർ, തിരുവനന്തപുരം. ഫോൺ - 330633

അച്ചടി - സരസ് പ്രിന്റേഴ്സ്, പാച്ചല്ലൂർ


# തിരുപുറം ഗ്രാമപഞ്ചായത്ത്



# തിരുപുറം ഗ്രാമപഞ്ചായത്തിലെ മുൻ പ്രസിഡന്റുമാർ

ഫോട്ടോ ലഭിച്ചിട്ടില്ല

ശ്രീ. കുഞ്ഞുമൂസ കുഞ്ഞ്
(1952 - 1963)



ശ്രീ. ജി. ഭാസ്ക്കരൻ നാടാർ
(1963 - 1993)

# പഞ്ചായത്ത് ഭരണ സമിതി



ഡി. രവീന്ദ്രൻ
*പ്രസിഡന്റ്*



ജെ. ശോഭന
*വൈസ് പ്രസിഡന്റ്*



എൻ. ആർ. ഷാജി
*സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ*



ജി. ചന്ദ്രകുമാരി
*മെമ്പർ*



ബി. സിദ്ധാർത്ഥൻ
*മെമ്പർ*



കെ. ഗിരിജകുമാരി
*മെമ്പർ*




സി. രാമചന്ദ്രൻ നായർ
*മെമ്പർ*



കെ.സി. തങ്കരാജ്
*മെമ്പർ*



ജെ. രമിനാഭായി
*മെമ്പർ*



[illegible] കെ. ശ്രീധർ
*ജില്ലാ [illegible]ത്തു മെമ്പർ*



എം. മേഴ്സി
*ബ്ലോക്ക് പഞ്ചായത്തു വൈസ്പ്രസിഡന്റ്*

# സ്റ്റാഫ് അംഗങ്ങൾ

| | | | |
|---|---|---|---|
| 1. | ശ്രീമതി. ജെ. ശൈലജ | - | സെക്രട്ടറി |
| 2. | ശ്രീമതി. ജെ. വിൽസിഭായി | - | ഹെഡ് ക്ലാർക്ക് |
| 3. | ശ്രീമതി. ജി. ലളിതഭായി | - | യു.ഡി.ക്ലാർക്ക് |
| 4. | ശ്രീ. പി. രാജരത്നം നാടാർ | - | യു.ഡി. ക്ലാർക്ക് |
| 5. | ശ്രീ. എ. പൊന്നയ്യൻ നാടാർ | - | യു.ഡി. ക്ലാർക്ക് |
| 6. | ശ്രീമതി. എ. സരോജിനി | - | എൽ.ഡി.ക്ലാർക്ക് |
| 7. | ശ്രീമതി. പി.എസ്. ഓമന | - | J. B. C. |
| 8. | ശ്രീ. എം. സോമൻ | - | പ്യൂൺ |
| 9. | ശ്രീമതി. എസ്. അംബിക | - | " |
| 10. | ശ്രീ. എം. ഫ്രാൻസിസ് | - | പാർട്ട് ടൈം സ്വീപ്പർ |
| 11. | ശ്രീമതി. ജെ. പുഷ്പലീല | - | പാർട്ട് ടൈം നഴ്സറി ആയ |
| 12. | ശ്രീ. എൻ. മാധവൻ പിള്ള | - | പാർട്ട് ടൈം കടത്തുകാരൻ |
| 13. | ശ്രീ. ജി. ജോർജ്ജ് | - | പാർട്ട് ടൈം കടത്തുകാരൻ |
| 14. | ശ്രീമതി. സി. ചെറുപുഷ്പം | - | നഴ്സറി സ്കൂൾ ടീച്ചർ (കരാർവ്യവസ്ഥ) |

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| 1. | ആമുഖം | - | 13 |
| 2. | തിരുപുറം പഞ്ചായത്ത് പൊതുവിവരങ്ങൾ | - | 15 |
| 3. | തിരുപുറം പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങൾ | | 16 |
| 4. | രാഷ്ട്രീയ സാമൂഹ്യ ചരിത്രം | - | 17 |
| 5. | ഭൂപ്രകൃതിയും - കാലാവസ്ഥയും | - | 20 |
| 6. | കൃഷിയും ജലസേചനവും | - | 24 |
| 7. | മൃഗസംരക്ഷണവും മത്സ്യബന്ധനവും | - | 36 |
| 8. | വ്യവസായം | - | 40 |
| 9. | ഊർജ്ജവും ഗതാഗതവും | - | 42 |
| 10. | കുടിവെള്ളവും പൊതുജനാരോഗ്യവും | - | 46 |
| 11. | വിദ്യാഭ്യാസം | - | 51 |
| 12. | പാർപ്പിടവും സാമൂഹ്യക്ഷേമവും | - | 56 |
| 13. | സാംസ്കാരം | - | 60 |
| 14. | വനിത | - | 62 |
| 15. | സഹകരണ പ്രസ്ഥാനം | - | 64 |
| 16. | പട്ടികജാതി/പട്ടികവർഗ്ഗം | - | 66 |
| 17. | വിഭവ സമാഹരണം | - | 69 |
| 18. | ഉപസംഹാരം | - | 72 |

# ആമുഖം

തിരുപുറം പഞ്ചായത്തിന്റെ സർവ്വതോമുഖമായ വികസനം കണക്കിലെടുത്ത് തയ്യാറാക്കുന്ന രേഖയാണിത്. ജനങ്ങളുടെ വിവിധങ്ങളായ ആവിശ്യങ്ങൾ ഏറെക്കുറെ സത്യസന്ധമായി വിശദീകരിക്കുവാൻ ഞങ്ങൾ ശ്രമിക്കുന്നുണ്ട്. ഇവയെല്ലാം പരിപൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല. എങ്കിലും നമ്മുടെ നാടിന്റെ പൂർണ്ണ വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു രേഖ തയ്യാറാക്കാനാണ് ശ്രമിക്കുന്നത്.

കഴിഞ്ഞ കാലയളവിൽ നാം നടത്തിയ ഗ്രാമസഭകൾ വികസന സെമിനാറുകൾ എന്നിവയിൽ നിന്നു ലഭിച്ച അറിവുകളും ഔദ്യോഗികമായ രേഖകളും ഈ വികസനരേഖയിൽ ഉൾക്കൊള്ളിക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്.

വികസനമെന്നത് ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യ പ്രക്രിയയാണ്. കാർഷിക-വ്യാവസായിക- സാമ്പത്തിക-വിദ്യാഭ്യാസ-ആരോഗ്യ-സാംസ്കാരിക-സാമൂഹ്യ മേഖലകളിലാകെയുള്ള വളർച്ച ഇതിനാവശ്യമാണ്. ഉത്പാദനം കൂടിയാൽ മാത്രം പോര അതിന്റെ വിതരണവും നീതിപൂർവ്വമാകണം. ഇതിനൊക്കെ ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്ന ഒരു വികസന രേഖയാണ് ഇവിടെ തയ്യാറാക്കുന്നത്. ഇവയെല്ലാം സജീവമായ പ്രവർത്തന പദ്ധതികളാക്കി മാറ്റിയാൽ മാത്രമെ നാം ഉദ്ദേശിക്കുന്ന നിലയിൽ നമുക്ക് എത്തിച്ചേരാൻ കഴിയൂ.

കഴിഞ്ഞ എട്ട് പഞ്ചവത്സരപദ്ധതികാലത്തും നമ്മുടെ നാട്ടിൽ എന്താണ് വേണ്ടതെന്ന് തീരുമാനിച്ചിരുന്നത് ഒരു പിടി ഉദ്യോഗസ്ഥന്മാരാണ്. അതിൽ നിന്നും വ്യതിചലിച്ച് പുതിയൊരു വികസന മേഖല കെട്ടിപ്പടുക്കാനാണ് 9-ാം പദ്ധതിയിൽ കൂടി കേരളം വിഭാവന ചെയ്തിരിക്കുന്നത്. ഈ പദ്ധതിയിൽ നമ്മുടെ നാട്ടിൽ എന്തു ചെയ്യണമെന്ന് തീരുമാനിക്കാനുള്ള അവകാശം ഈ നാട്ടിലെ ജനങ്ങൾക്ക് ലഭിച്ചിരിക്കയാണ്. ആവേശകരമായ ഒരനുഭവമാണിത്.

പ്രത്യേക ഗ്രാമസഭകൾ വഴി ജനകീയസഭകൾ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തോടുകൂടി നടപ്പിലാക്കി തുടങ്ങുമ്പോൾ ഒരു പക്ഷെ എട്ട് പഞ്ചവത്സര പദ്ധതികളിലും കൂടി ലഭിച്ചിട്ടുള്ള പ്രയോജനം ഈ ഒറ്റ പഞ്ചവത്സര പദ്ധതിമൂലം ജനങ്ങൾക്ക് ലഭിച്ചെന്നു വരും.

അങ്ങനെ സംഭവിച്ചാൽ കേരളം ഒരിക്കൽകൂടി ഇന്ത്യക്കും ഒരു പക്ഷെ ലോകത്തിനു തന്നെയും മാതൃകയാകുകയാണ്. ഈ പദ്ധതി പൂർണ്ണ വിജയമാണെന്നു കണ്ടാൽ 10-ാം പഞ്ചവത്സരപദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന് ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ കേരളം കൈക്കൊണ്ട മാർഗ്ഗം അനുകരിച്ചെന്നു വരാം. അങ്ങനെ ഒരു പുതിയ പദ്ധതിയും കൂടി കേരളം ഇൻഡ്യക്ക് വഴികാട്ടിയും മാതൃകയും ആവുകയാണ്.

പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതുവിതരണം തുടങ്ങിയ രംഗത്തൊക്കെ കേരളം ഇൻഡ്യയിലെ മറ്റേതൊരു സംസ്ഥാനത്തെയുംകാൾ മെച്ചപ്പെട്ട സ്ഥിതിയിലാണിന്ന്. എന്നാൽ കാർഷിക വ്യവസായിക, ഉല്പാദന, സാമ്പത്തിക മേഖലകളിൽ നമ്മുടെ വളർച്ച

തുലോം പരിമിതവുമാണ്. സാമൂഹ്യക്ഷേമ രംഗത്ത് ഏറെ മുന്നിലായ കേരളത്തിന് ധനകാര്യ കുഴപ്പം ഏറെ ഉണ്ടെന്നതും സത്യം. ഗൾഫ് വരുമാനം കുറഞ്ഞുവരുമ്പോൾ ഇത് ഇനിയും കൂടാനാണ് സാദ്ധ്യത.

ഈ സാമ്പത്തിക പ്രതിസന്ധി മുറിച്ചു കടക്കാൻ നമുക്ക് കഴിയണം. അതിന് ജാതി-മത-രാഷ്ട്രീയ പരിഗണനകൾക്കതീതമായി നാം ഒത്തൊരുമയോടെ മുന്നേറണം. എങ്കിൽ മാത്രമെ ഇന്നത്തെ വികസനപ്രതിസന്ധിക്ക് തെല്ലെങ്കിലും പരിഹാരം കാണാൻ കഴിയൂ. കേരളത്തിന്റെ മൊത്തത്തിലുള്ള പ്രശ്നങ്ങൾ പലതും നമ്മുടെ പഞ്ചായത്തിനും ബാധകമാണ്. മുൻകാല അനുഭവങ്ങളെ വിമർശനബുദ്ധ്യാ നമുക്ക് പരിശോധിക്കാം. തള്ളേണ്ടത് തള്ളി പുതിയൊരു പ്രവർത്തന പന്ഥാവ് നമുക്ക് കെട്ടിപ്പടുക്കാം.

ഭക്ഷ്യ സാധനങ്ങൾ, വൈദ്യുതി, വസ്ത്രം നിത്യോപയോഗസാധനങ്ങൾ തുടങ്ങി മിക്കവാറുമെല്ലാം നാം മറ്റ് സംസ്ഥാനങ്ങളെ ആശ്രയിച്ചു കഴിയുന്ന സ്ഥിതി വിശേഷമാണിന്നുള്ളത്. ഇതിനൊരു അറുതി വരുത്താൻ നമുക്ക് എത്രമാത്രം കഴിയും. അതാണ് പരിശോധിക്കേണ്ടത്.

ഇതെല്ലാമാണെങ്കിലും നമ്മുടെ പരിമിതിക്കകത്തു നിന്നുകൊണ്ട്, ശേഖരിക്കാൻ കഴിയുന്ന മുഴുവൻ വിഭവങ്ങളെയും ഉപയോഗിച്ചുകൊണ്ട് നമുക്കെന്തു ചെയ്യാൻ കഴിയും എന്നതിനെ പറ്റി ഉറക്കെ ചിന്തിക്കുന്ന ഒരു രേഖയാണ് ഇതിലൂടെ തയാറാക്കാൻ ശ്രമിക്കുന്നത്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്തിനെ എങ്ങനെ കരകയറ്റാൻ കഴിയുമെന്ന് സജീവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. പരിഹാരം കാണാനുള്ള പ്രശ്നങ്ങൾ ഏറെയാണ്, വിവിധങ്ങളുമാണ്. അവയാകെ പരിഹരിക്കാൻ നമ്മുടെ കൈയിലുള്ള വിഭവങ്ങളും മാർഗ്ഗങ്ങളുമാകട്ടെ പരിമിതവും. ആയതിനാൽ ആസൂത്രിതമായി ഇനി മുന്നോട്ടു നീങ്ങിയേ മതിയാവൂ.

ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ഈ രേഖ തയാറാക്കിയിരിക്കുന്നത്. പ്രധാനമായും 12 മേഖലകളെയാണ് ഇതിൽ പരാമർശിക്കുന്നത്. ഇവയാകെ നടപ്പിലാക്കാൻ വേണ്ടുന്ന വിഭവം, നടപ്പിലാക്കുന്ന രീതി, അതിനാവശ്യമായ സമയം, സാങ്കേതികമായ അറിവ് ഇവയെല്ലാം വേണ്ടിയിരിക്കുന്നു.

സ്വന്തം കുടുംബത്തിലെയും ചുറ്റുപാടുമുള്ളവരുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സജീവമായി ശ്രമിക്കുന്ന നമുക്ക്, ഈ നാടിന്റെ പ്രശ്നങ്ങൾ എന്താണെന്ന് പരിശോധിക്കാനും അതിനു പരിഹാരം കാണാനും ബാദ്ധ്യതയുണ്ട്. അതിനുവേണ്ടി നമുക്ക് കൂട്ടായി ചിന്തിക്കാം, കൂട്ടായി പരിശ്രമിക്കാം. വിജയം തീർച്ചയായും നമുക്കുതന്നെ.

ഇതിനു വേണ്ടുന്ന ഒരു വികസന രേഖയായി ഇതിനെ തിരുപുറം പഞ്ചായത്തിലെ ജനങ്ങൾക്കു മുമ്പിൽ ഞങ്ങൾ സമർപ്പിക്കുന്നു.

തിരുപുറം
26.12.96

എഡിറ്റോറിയൽ ബോർഡ്

## തിരുപുറം ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

| | | | |
|---|---|---|---|
| 1. | പഞ്ചായത്തിന്റെ പേര് | - | തിരുപുറം |
| 2. | വില്ലേജ് | - | തിരുപുറം |
| 3. | ബ്ലോക്ക് | - | പാറശ്ശാല |
| 4. | താലൂക്ക് | - | നെയ്യാറ്റിൻകര |
| 5. | ജില്ല | - | തിരുവനന്തപുരം |
| 6. | അസംബ്ളി | | പാറശ്ശാല |
| 7. | പാർലമെന്റ് | - | തിരുവനന്തപുരം |
| 8. | വിസ്തീർണ്ണം | - | 8.57 ച.കി.മി. (1536 ഹെക്ടർ 77 ആർ 193 ച. മീറ്റർ |
| 9. | അതിരുകൾ | | |
| | തെക്ക് | - | പൂവ്വാർ പഞ്ചായത്ത് |
| | കിഴക്ക് | - | നെയ്യാർ |
| | വടക്ക് | - | അതിയന്നൂർ, പെരുമ്പഴുത്തൂർ പഞ്ചായത്തുകൾ |
| | പടിഞ്ഞാറ് | - | കാഞ്ഞിരംകുളം പഞ്ചായത്ത് |
| 10. | ജനസംഖ്യ | - | 16600 (1991 ലെ സെൻസസ് പ്രകാരം) |
| 11. | ജനസാന്ദ്രത | - | 1937. ച.കി.മി. |
| 12. | സാക്ഷരർ | - | 12676 |
| 13. | വാർഡുകൾ | - | 9 |
| 14. | പ്രസിഡന്റ് | - | ഡി.രവീന്ദ്രൻ |
| 15. | വൈസ്പ്രസിഡന്റ് | - | ജെ. ശോഭന |
| 16. | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | - | എൻ. ആർ. ഷാജി |
| 17. | പഞ്ചായത്ത് സെക്രട്ടറി | - | ജെ. ശൈലജ |

## തിരുപുറം പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങൾ

### സ്വന്തം കെട്ടിടം ഉള്ളവ

1. പഞ്ചായത്താഫീസ്
2. വില്ലേജാഫീസ്
3. കൃഷി ഭവൻ
4. കഞ്ചാം പഴിഞ്ഞിഹൈസ്കൂൾ
5. പരണിയം ഹൈസ്കൂൾ
6. പുത്തൻകട ഗവ: എൽ.പി. സ്കൂൾ
7. ആയുർവേദ ആശുപത്രി
8. ആഗ്രോ സർവീസ് സെന്റർ
9. കൂവളി പമ്പ്ഹൗസ്
10. പാഞ്ചിക്കാട് പമ്പ്ഹൗസ്
11. ദേവസ്വം സബ്ഗ്രൂപ്പ് ഓഫീസ്, തിരുപുറം
12. പഞ്ചായത്ത് നഴ്സറിസ്കൂൾ
13. ഗ്രാമസേവിക ഓഫീസ്, പുറവഞ്ചാൽ
14. പരണിയം ഗവ: എൽ.പി. സ്കൂൾ
15. പരണിയം PHC
16. PHC സബ്സെന്റർ - അരുമാനൂർ
17. കൃഷിഭവൻ ക്വാർട്ടേഴ്സ്, പുറവഞ്ചാൽ
18. ശ്രീ. ഭാസ്കരൻ നാടാർ സ്മാരക പഞ്ചായത്തു ലൈബ്രറിയും ഷോപ്പിംഗ് കോംപ്ലക്സ് - കം - കമ്മ്യൂണിറ്റിഹാളും

### വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ

1. എക്സൈസ് ഓഫീസ്
2. പോസ്റ്റാഫീസ് -
3. പോസ്റ്റാഫീസ് - മുള്ളുവിള
4. മാവേലിസ്റ്റോർ
5. സെയിൽടാക്സ് ഓഫീസ് (ചെക്ക് പോസ്റ്റ്)
6. സബ്പോസ്റ്റാഫീസ്, കഞ്ചാംപഴിഞ്ഞി
7. മൃഗാശുപത്രി.
8. ഗ്രാമസേവിക ഓഫീസ്, പുത്തൻകട
9. PHC സബ് സെന്റർ, മുലൈനോട്ടം
10. മൃഗാശുപത്രി സബ്സെന്റർ, ഇരുമൈക്കോണം
11. KSEB ഓവർസിയർ ഓഫീസ്, പഴയകട

# രാഷ്ട്രീയ സാമൂഹ്യ ചരിത്രം

തിരുപുറം പഞ്ചായത്തിന്റെ രാഷ്ട്രീയ സാമൂഹ്യ ചരിത്രം പരിശോധിച്ചാൽ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിൽ പ്രമുഖമായ ഒരു സ്ഥാനം നമുക്കുണ്ട്. നെയ്യാറ്റിൻകര താലൂക്കിലെ പ്രധാനപ്പെട്ട പല സ്വാതന്ത്ര്യസമര സേനാനികൾക്കും ജന്മം നൽകിയ ഭൂമിയാണിത്.

സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് കേന്ദ്രഗവൺമെന്റിന്റെ താമ്രപത്രം നേടിയ രണ്ടു പ്രമുഖ നേതാക്കന്മാർ നമ്മുടെ പഞ്ചായത്തിലുണ്ട്. തിരു-കൊച്ചി നിയമസഭയിൽ അംഗമായിരുന്ന ശ്രീ. അഡ്വ: കുഞ്ഞൻ നാടാരും നിരവധി വർഷം തിരുപുറം പഞ്ചായത്ത് അംഗമായിരുന്ന ശ്രീ. കെ.പി. നാടാരും. ഇവർ ഈ നാടിന്റെ അഭിമാനം കാത്തവരാണ്.

അതുപോലെ തന്നെ തിരു-കൊച്ചി നിയമസഭയിൽ അംഗമായിരുന്ന ശ്രീ. കെ.എം. ശങ്കരൻനാടാരും ഈ പ്രദേശത്തെ ചരിത്രത്തിന്റെ താളുകളിൽ സ്ഥാനം കൊടുക്കാൻ സഹായിച്ചു.

സർക്കാർ സേവനത്തിനിടയിൽ 1952-ൽ ചരമം പ്രാപിച്ച് പോലീസ് സബ് ഇൻസ്പെക്ടറായിരുന്ന ശ്രീ. വേലായുധൻ നാടാരും ഈ പഞ്ചായത്തിലാണ് ജനിച്ചത്.

ക്രിസ്തീയ മഹത്ഗാനങ്ങൾ രചിച്ച് പ്രശസ്തനായ ശ്രീ. മോശവത്സലം ശാസ്ത്രിയാരുടെ ജന്മം കൊണ്ടും ധന്യമായ ഭൂമിയാണ് ഈ ഗ്രാമം.

തിരുപുറം വില്ലേജിന്റെ പരിധിയിലാണ് തിരുപുറം പഞ്ചായത്ത് ഇപ്പോഴും. പൂവാർ പഞ്ചായത്തും തിരുപുറം വില്ലേജിന്റെ പരിധിയിലാണ്. 1952 - ലാണ് ആദ്യമായി പഞ്ചായത്ത് രൂപീകരിച്ചതും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ വന്നതും.

### 1952 - ലെ ഭരണ സമിതി

1. കുഞ്ഞുമൂസകുഞ്ഞ് (പ്രസിഡന്റ്)
2. ദാസൻ നാടാർ
3. എം. പത്മനാഭൻ നാടാർ
4. മാർക്കോസ് വൈദ്യർ
5. രാമൻകുട്ടിപിള്ള
6. പി. മാധവപണിക്കർ (വൈസ്പ്രസിഡന്റ്)
7. ഡേവിഡ് കുലാസ്
8. എസ്. എ. ഹക്കിം
10. വർഗ്ഗീസ്

തിരുപുറം പഞ്ചായത്തിലെ മുടന്താണിയിലുള്ള ശ്രീ. എം. പത്മനാഭൻ നാടാരുടെ വക കെട്ടിടത്തിലാണ് പഞ്ചായത്താഫീസ് ആദ്യം പ്രവർത്തിച്ചിരുന്നത്. അതിനുശേഷം പഴയകട ശ്രീ. കൃഷ്ണൻകുട്ടി നായരുടെ വക കെട്ടിട

"ഇന്നുതൊട്ടിനിയില്ല നമ്മളിൽ
ഭിന്നവർഗീയ ചിന്തകൾ
ഇല്ല ജാതി മതാദിഭേതങ്ങ-
ളില്ലനാചാര നിഷ്ഠകൾ."

-ചങ്ങമ്പുഴ

ത്തിൽ ഓഫീസ് പ്രവർത്തിച്ചു. പിന്നീട് 1965 ജനുവരി 31 ൽ ഇന്നു കാണുന്ന പഞ്ചായത്താഫീസ് ഉത്ഘാടനം ചെയ്തു.

**1963 - ലെ ഭരണസമിതി.**

1. ജി. ഭാസികരൻ നാടാർ (പ്രസിഡന്റ്)
2. കെ. പി. നാടാർ
3. ഇ. കൃഷ്ണൻകുട്ടി
4. എം. പത്മനാഭൻ നാടാർ
5. എം. കൃഷ്ണപിള്ള
6. ബി. മാർക്കോസ്
7. ആർ. സരോജിനി
8. പി. മാധവൻ
9. എൻ. വാമദേവൻ
10. എസ്. എം. നൂഹു
11. എം. എസ്. ഹമീദ്
12. കെ. ജി. സുധാകരൻ (വൈസ് പ്രസിഡന്റ്)

1969 - സെപ്തംബർ 25-ാം തീയതി തിരുപുറം പഞ്ചായത്ത് തിരുപുറം, പൂവാർ എന്നീ പഞ്ചായത്തുകളായി വിഭജിക്കപ്പെട്ടു. ഇന്നു കാണുന്ന വിധത്തിലുള്ള പഞ്ചായത്ത് പ്രത്യേകമായി രൂപീകരിക്കപ്പെട്ടത് അന്നുമുതലാണ്. നിലവിലുണ്ടായിരുന്ന 12 മെമ്പർമാരിൽ 8 പേർ പൂവാർ പഞ്ചായത്തിലേക്കും ബാക്കി വന്ന 4 പേർ തിരുപുറം പഞ്ചായത്തിലും നിലനിന്നു.

**25-9-69 മുതൽ 29-11-75 വരെ നിലവിലിരുന്ന ഭരണ സമിതി**

1. ജി. ഭാസ്ക്കരൻ നാടാർ (പ്രസിഡന്റ്)
2. കെ.പി. നാടാർ
3. ഇ. കൃഷ്ണൻകുട്ടി
4. എം. പത്മനാഭൻ നാടാർ

1975 നവംബർ 29-ാം തീയതി മുതൽ ബഹു:ഗവൺമെന്റ് നോമിനേറ്റ ചെയ്ത ആറ് പുതിയ മെമ്പർമാരെകൂടി പഞ്ചായത്തു കമ്മിറ്റിയിൽ ഉൾപ്പെടുത്തി.

1. ജി. ഭാസ്ക്കരൻ നാടാർ (പ്രസിഡന്റ്)
2. കെ. പി. നാടാർ
3. ഇ. കൃഷ്ണൻകുട്ടി
4. എം. പത്മനാഭൻ നാടാർ
5. കെ.കെ. ശ്രീധരൻ ---- നോമിനേറ്റഡ് മെമ്പർ
6. എൻ. ഭാസ്ക്കരൻ നാടാർ "
7. പണയിൽ രവി "
8. എസ്. തങ്കയ്യൻ നാടാർ "
9. കൊച്ചു പാർവതി അമ്മ "
10. എം. നേശൻ "

**79 മുതൽ 1984 വരെയുള്ള ഭരണസമിതി**

1. ജി. ഭാസ്ക്കരൻ നാടാർ (പ്രസിഡന്റ്)

ഒരു രാജ്യം നിങ്ങൾക്കൊരു ഭാഷ നിങ്ങൾ-
ക്കൊരു ദേവൻ നിങ്ങൾക്കൊരു സമുദായം

2. ജി. വേണുഗോപാലൻ നായർ - (വൈസ് പ്രസിഡന്റ്)
3. കെ.സി. തങ്കരാജ്
4. കെ. ഭാർഗ്ഗവൻ
5. കെ. കുഞ്ഞൻ നാടാർ
6. കെ. സുരേന്ദ്രൻ നാടാർ
7. സി. രാമചന്ദ്രൻ നായർ
8. എം. നേശൻ
9. സി. ഗുണമണി
10. കമലാഭായി

20-10-84 മുതൽ 5-2-1988 വരെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലില്ലായിരുന്നു. ഈ സമയത്ത് താലൂക്ക് പഞ്ചായത്താഫീസറാണ് കമ്മിറ്റിയുടെ ചുമതല വഹിച്ചിരുന്നത്.

### 88 മുതൽ 1994 വരെയുള്ള ഭരണസമിതി

1. ജി. ഭാസ്ക്കരൻ നാടാർ (പ്രസിഡന്റ്)
2. ജി. വേണു ഗോപാലൻ നായർ (വൈസ് പ്രസിഡന്റ്)
3. സി. ചന്ദ്രകുമാരി
4. എൽ. സോമൻ കുഞ്ഞ്
5. പി. മോഹൻലാൽ
6. സി. രാമചന്ദ്രൻ നായർ
7. എം. നേശൻ
8. എം. മേഴ്സി
9. ഡി. രവീന്ദ്രൻ

17-3-94 - ൽ പ്രസിഡന്റായിരുന്ന ശ്രീ. G. ഭാസ്ക്കരൻ നാടാർ അന്തരിച്ചു. അന്നുമുതൽ 31-9-94 വരെയുള്ള ആറര മാസക്കാലം തിരുപുറം പഞ്ചായത്തിൽ തെരഞ്ഞെടുത്ത ഭരണസമിതിക്ക് യാതൊരുവിധ ഭരണ അംഗീകാരവും ഇല്ലായിരുന്നു. എന്നാൽ കമ്മിറ്റി പിരിച്ചുവിട്ടിരുന്നുമില്ല. ഭരണ സമിതിയുടെ അംഗീകാരമുള്ള ഉദ്യോഗസ്ഥന്മാരും, ഉണ്ടായിരുന്നില്ല. ഭരണ അനിശ്ചിതത്വം നിലനിന്നിരുന്ന സമയമായിരുന്നു ഇത്. 31-9-94 - ൽ നിലവിലുണ്ടായിരുന്ന ഭരണ സമിതിയെ സർക്കാർ പിരിച്ചു വിട്ടു. 1-10-94 മുതൽ സ്പെഷ്യൽ ഓഫീസർ ചാർജ് എടുത്തു. അതോടെ ഭരണ അനിശ്ചിതത്തിന് അറുതിവന്നു.

1995 സെപ്തംബർ 30-ാം തീയതി അധികാരമേറ്റ പുതിയ സമിതിയാണ് ഇപ്പോൾ നിലവിലുള്ളത്.

തിരുപുറം പഞ്ചായത്തിലെ പ്രധാന കേന്ദ്രം പഴയകടയാണ്. പുത്തൻകട, മാങ്കൂട്ടം, പരണിയം, അരുമാനൂർക്കട, തിരുപുറം, ആണ്ടിക്കുടി, കഞ്ചാംപഴിഞ്ഞി തുടങ്ങിയവയാണ് പഞ്ചായത്തിലെ ഗ്രാമീണ കേന്ദ്രങ്ങൾ.

സമ്പൂർണ്ണ സാക്ഷരത നേടിയ ജനത, എട്ട് സ്കൂളുകൾ, ഏതാണ്ട് ജനതയ്ക്കാവശ്യമായ ഗതാഗത സൗകര്യങ്ങൾ, ശാസ്ത്ര സാഹിത്യ പരിഷത്ത് പോലുള്ള സന്നദ്ധസംഘടനകളുടെയും സാമൂഹ്യപ്രവർത്തകരുടെയും സജീവമായ പ്രവർത്തനം എന്നിവ കൊണ്ട് നാം ധന്യരാണ്. ഇതിനെല്ലാമുപരി ശക്തമായ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, മത സഹിഷ്ണുതയുള്ള ജനവിഭാഗം എന്നിവയും നമ്മുടെ കൈമുതലാണ്. ഇവയെല്ലാം യോജിപ്പിച്ച് കൂട്ടായ പ്രവർത്തനം നടത്തിയാൽ ശോഭനമായ ഒരു ഭാവി നമ്മുടെ പഞ്ചായത്തിൽ പടുത്തുയർത്താൻ നമുക്കു കഴിയും.

# ഭൂപ്രകൃതിയും കാലാവസ്ഥയും

ഏറെ ഭൂമി ഉയർന്നു സമതല മായും വളരെ കുറച്ചുഭാഗം ഏലായായും കാണുന്ന ഭൂപ്രകൃതിയാണ് നമ്മുടെ പഞ്ചായത്തിന്റേത്. അതിലാകട്ടെ രണ്ടു ഏലാകളിലായി 40 ഹെക്ടർ ഭൂമിയാണു ള്ളത്. കുമിളി-ഇരുവൈക്കോണം ഏലാ യിൽ 19 ഹെക്ടറും തിരുപുറം ഏലാ യിൽ 21 ഹെക്ടർ നെൽകൃഷി പാടശേ ഖരവുമാണുള്ളത്.

ഈ പഞ്ചായത്തിന്റെ കാലാവസ്ഥ യേയും ഭൗതിക സാഹചര്യങ്ങളെയും സ്വാധീനിച്ചും കൃഷിക്കും കുടിവെള്ള ത്തിനും സഹായകരമായ നിലയിലും നെയ്യാർ നദി പഞ്ചായത്തിന്റെ കിഴക്കു വശത്തുകൂടി ഒഴുകുന്നു. അതിന്റെ വശ ത്തുള്ള ഒരു പ്രദേശത്തു മുഴുവൻ എക്കൽ ചേർന്ന കളിമണ്ണ് കാണാം. ബാക്കി മിക്കവാറുമെല്ലാ സ്ഥലത്തും ചെമ്മണ്ണ് തന്നെയാണ് കാണുന്നത്. മണൽ ചേർന്ന കൃഷിഭൂമി നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്.

ഈ പഞ്ചായത്തിന്റെ മൊത്തം കാലാവസ്ഥ ഏറെക്കുറെ ഒന്നുതന്നെ യാണ്. ഇടവപ്പാതിയിലും തുലാ വർഷത്തിലും ലഭിക്കുന്ന മഴയേയും കാലം തെറ്റി വരുന്ന ചാനൽ ജല ത്തെയും ആശ്രയിച്ചാണ് ഏറെ സ്ഥലത്തും കൃഷി രൂപപ്പെടുത്തിയിരി ക്കുന്നത്. ഏറ്റവും അധികം മഴ ലഭിക്കു ന്നത് ജൂൺ, ജൂലൈ മാസങ്ങളിലാണ്.

വേനൽക്കാലത്ത് കിണറുകൾ വറ്റിപോകുന്ന പ്രവണത ഏറെക്കാല മായി കാണുന്നു. ഭൂഗർഭ ജലത്തെ പൂർണ്ണമായും ഇനിയും ഉപയോഗിക്കേ ണ്ടിയിരിക്കുന്നു.

## ജലസേചന സൗകര്യങ്ങൾ

നമ്മുടെ പഞ്ചായത്തിലെ കൃഷി ക്കാവശ്യമായ ജലം നമുക്കു ലഭിക്കുന്ന തേയില്ല. കാലം തെറ്റി വരുന്ന മഴയേയും അതിനെക്കാൾ തെറ്റിവരുന്ന ചാനൽ ജലത്തെയും ഉപയോഗപ്പെടുത്തികൊ ണ്ടാണ് ഭൂരിഭാഗം സ്ഥലങ്ങളിലും നാം കൃഷി രൂപപ്പെടുത്തിയിരിക്കുന്നത്. പരി മിതമായ നിലയിൽ സ്വകാര്യവ്യക്തി കൾ പമ്പുപയോഗിച്ച് കൃഷി നടത്തു ന്നുണ്ട്. എന്നാൽ പരമ്പരാഗതമായി വെള്ളത്തിന്റെ സ്രോതസുള്ള കുറെ കുളങ്ങളും തോടുകളും ഒരിക്കലും വറ്റാത്ത നെയ്യാറും നമ്മെ അനുഗ്രഹി ക്കുകയും ചെയ്യുന്നുണ്ട്.

## തോടുകൾ

ഏതാണ്ട് ഒരു ഡസനോളം തോടു കൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അതിൽ മിക്കവാറും വെള്ളം വറ്റാറില്ല. ഇവ ഈ മേഖലയിലെ കൃഷിക്ക് ഉപ യോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്. പ്രധാനമായവ ചുവടെ ചേർക്കുന്നു.

1. ഇരുവൈക്കോണം - കാലുംമുഖം - പാഞ്ചിക്കാട് നടുതോട്
2. ഇരുവൈക്കോണം - അടീക്കലം - വെള്ളംകൊള്ളി നടുതോട്
3. ഇരുവൈക്കോണം - കിഴക്കേക്കരതോട്

4. കുമിളി - വെള്ളംകൊള്ളി - കാലും മുഖംതോട്

ഇതിൽ തന്നെ വടക്കേക്കര, നടുതോട്, തെക്കേക്കരതോട് എന്നിങ്ങനെ മൂന്നു തോടുകളും ഒഴുകി വെള്ളം കൊള്ളിയിൽ യോജിക്കുന്നു.

5. കടവിള-കൂട്ടം- ചാക്കുവിളാകം തോട്

6. ആണ്ടിക്കുടി
- പാലംതലയ്ക്കൽതോട്

7. തിരുപുറം ഏലാ നടുത്തോട്

8. സിറ്ററം ഏലാ തോട്

9. കാവുകുളം - സിറ്ററം തോട്

10. ഊറ്റുകുഴി - സിറ്ററം തോട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന തോടുകൾ.

ഇതിൽ ഇരുവൈക്കോണം-കാലുംമുഖം നടുത്തോട്ടിൽ വെള്ളം കൊള്ളിക്കു സമീപം ഒരു ക്രോസ്ബാർ (ചീപ്പ്) കെട്ടിയിട്ടുണ്ട്. അതിൽ പലക ഉപയോഗിച്ച് ഷട്ടർ ഉണ്ടാക്കി ഏലായിലെ കിഴക്കുഭാഗത്ത് കൃഷിക്കായി വെള്ളം കൊണ്ടുപോകുന്ന സ്ഥിരം സംവിധാനമൊരുക്കിയിട്ടുണ്ട്.

## കുളങ്ങൾ

തിരുപുറം പഞ്ചായത്തിലാകെ ഉറവ വറ്റാത്ത അര ഡസനോളം കുളങ്ങളും കൃഷിയുടെ ആവശ്യത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. അവ താഴെ ചേർക്കുന്നു.

1. ഇരുവൈക്കോണംകുളം
2. കുമിളി കുളം
3. പാൽക്കൂട്ടം കുളം
4. തെക്കണ്ണികൂട്ടം കുളം
5. കടുവ കുളം
6. കള്ളകുളം
7. കാവുകുളം

## ചാനൽ

വടക്കു പോങ്ങ് മുതൽ പരണിയം വരെയുള്ള നെയ്യാറിന്റെ 5 കിലോമീറ്റർ മെയിൻ ചാനലും 15 സ്ളൂസിൽ നിന്നായി 15 കിലോമീറ്ററോളം സബ് ചാനലുകളും കാഡ ചാലുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. വേനൽകാലത്ത് ഈ ചാനലിൽ നിന്നും കൃത്യമായി വെള്ളം നമുക്കു ലഭിക്കാറില്ല. അതുകൊണ്ട് തന്നെ ചാനൽജലം ഉപയോഗിച്ച് നടത്തിയിരുന്ന പല കരകൃഷികളും ഇന്ന് നാശത്തിന്റെ വക്കിലാണ്. മഴപോലെ തന്നെ സമയം തെറ്റിയാണ് പലപ്പോഴും നമുക്ക് ചാനൽ ജലം ലഭിക്കുന്നത്.

മാത്രമല്ല മാങ്കുളം, കുമിളി തുടങ്ങി പല പ്രദേശങ്ങളിൽ ചാനൽ ജലം ആർക്കും പ്രയോജനമില്ലാതെ തോടുകളിൽ ചെന്നു ചേരുന്ന കാഴ്ചയും സ്ഥിരമായി കാണാം. നേരത്തെയുണ്ടായിരുന്ന സബ് ചാനലുകളും ചാലുകളും കുറേശ്ശെ കുറേശ്ശെയായി നാശത്തിലേക്കു നീങ്ങുന്ന കാഴ്ചയും സാധാരണമായിരിക്കുന്നു. പുതിയ വീടുകൾ, കെട്ടിടങ്ങൾ, മതിലുകൾ എന്നിവയൊക്കെ പഴയ ചാലുകളിൽ കെട്ടിപ്പൊക്കുമ്പോൾ അതിനെ തടസ്സപ്പെടുത്താനോ പകരം സംവിധാനം ഏർപ്പെ

ടുത്താനോ പോലും ആരും മിനക്കെടാറില്ല. അതിന്റെ ഫലമായി 5 വർഷത്തിനു മുൻപ് ചാനൽജലം ലഭിച്ചിരുന്ന വലിയൊരു ഭാഗത്ത് ഇപ്പോൾ ഒരു തുള്ളി വെള്ളം പോലും ലഭിക്കാത്ത സ്ഥിതിയുമുണ്ട്.

ചാനലിന് മുകൾവശത്തുള്ള മുള്ളുവിള, പുറുത്തിവിള വാർഡുകളിൽ പൂർണ്ണമായും കുട്ടനിന്നതിൻ വാർഡിന്റെ വലിയൊരു മേഖലയിലും ഈ ജലം ലഭിക്കാത്തതു നിമിത്തം ആ പ്രദേശത്ത് യാതൊരു പ്രയോജനവും കൃഷിക്കായി ലഭിക്കുന്നുമില്ല.

എന്നാൽ ചാനൽജലം ലഭിക്കുന്നതുകൊണ്ടുമാത്രമാണ് തിരുപുറം ഏലയിലെ കൃഷി നടക്കുന്നത് എന്ന സത്യവും വിസ്മരിച്ചുകൂടാ. ചാനൽ ജലം കള്ളകുളത്തിൽ എത്തിച്ച് അവിടെ നിന്നുമാണ് തിരുപുറം ഏലയിലെ കൃഷിക്കാർ ഉപയോഗിക്കുന്നത്.

### മഴ

കുളങ്ങളും തോടുകളും ചാനലും ഉണ്ടെങ്കിലും തിരുപുറം പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പ്രദേശങ്ങളിലെയും കൃഷിക്കാർ ഇന്നും ആശ്രയിക്കുന്നത് മഴയെതന്നെയാണ്. കൃത്യമായി മഴ ലഭിച്ചാൽ നല്ലവിള ലഭിക്കും. മഴ ചതിച്ചാൽ കൃഷിയും നശിക്കും. കേരളത്തിലെയും ഇൻഡ്യയിലെയും പൊതുസ്ഥിതി തന്നെയാണ് ഏറെക്കുറെ ഇക്കാര്യത്തിൽ തിരുപുറം പഞ്ചായത്തിലും ഉള്ളത്.

### കിണറുകൾ, പമ്പുസെറ്റുകൾ


സ്വന്തമായുള്ള കിണറുകളിൽ നിന്ന് പമ്പുപയോഗിച്ച് കൃഷി നടത്തുന്നവരും നമ്മുടെ പഞ്ചായത്തിലുണ്ട്. വ്യാവസായിക അടിസ്ഥാനത്തിൽ പമ്പുപയോഗിച്ച് കൃഷി നടത്തുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമാണ്.

**ഭൂമിസംബന്ധിച്ച വിവരങ്ങൾ**
**അടിസ്ഥാന വിവര രജിസ്റ്റർ**

| ഇനം | - | വിസ്തീർണ്ണം |
|---|---|---|
| നിലം | - | 42 ഹെക്ടർ 18 ആർ 32 ച: മീറ്റർ |
| പുരയിടം | - | 1272 ഹെക്ടർ 22ആർ 82 ച: മീറ്റർ |
| ആകെ | - | 1314 ഹെക്ടർ 40 ആർ 121 - ച: മീറ്റർ |

എന്താണ് ചെയ്തിരിക്കുന്നതെന്ന് നോക്കണം
അല്ലാതെ ആരാണ് ചെയ്തിരിക്കുന്നത്
എന്ന് നോക്കി വിധികൽപ്പിക്കരുത്

**ഡോ: എസ്. രാധാകൃഷ്ണൻ**




| മൺതരം | ചെമ്മണ്ണ് | ചെമ്മണ്ണ് | ഏക്കൽകലർന്ന കളിമണ്ണ് |
|---|---|---|---|
| സസ്യവിവരണം | തെങ്ങ്<br>പലവൃക്ഷങ്ങൾ | തെങ്ങ്<br>വാഴ<br>മരച്ചീനി<br>നെല്ല് | നെല്ല്<br>പച്ചക്കറി<br>പലവൃക്ഷങ്ങൾ<br>തെങ്ങ് |
| ജലഭ്യത | കുറവ് | ഉണ്ട്<br>നീരുറവ | ഉണ്ട്<br>സമീപത്താണ് നെയ്യാർ |
| പരിസ്ഥിതി പ്രശ്നങ്ങൾ | മണ്ണൊലിപ്പ് | വയൽ നികത്തൽ<br>ചെറിയ രീതിയിൽ മണ്ണൊലിപ്പ് | മണ്ണൊലിപ്പ്<br>ഇഷ്ടിക ചൂളകൾക്ക് മണ്ണെടുത്ത് കുഴിക്കുക |

# കൃഷിയും ജലസേചനവും

ഇൻഡ്യയിലെ 80% ജനങ്ങളും കാർഷിക വൃത്തിയെ ആശ്രയിച്ചാണല്ലോ കഴിയുന്നത്. കേരളത്തിന്റെ സ്ഥിതിയും വ്യത്യസ്ഥമല്ല. തിരുപുറം പഞ്ചായത്തിലാകട്ടെ ബഹുഭൂരിപക്ഷം ജനങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ കൃഷിയെ ആശ്രയിച്ചുതന്നെയാണ് കഴിയുന്നത്. അത്തരത്തിൽ നോക്കിയാൽ നമ്മുടെ ആസൂത്രണ പ്രക്രിയയിൽ ഏറ്റവുമധികം ശ്രദ്ധ വേണ്ട രംഗവും കൃഷിതന്നെ.

നമ്മുടെ പഞ്ചായത്തിലെ കൃഷിക്ക് ഏതെല്ലാം തരത്തിലുള്ള ബുദ്ധിമുട്ടുകളാണുള്ളത്? അവയ്ക്ക് എങ്ങനെ പരിഹാരം കാണാം? എന്നതിനെ കുറിച്ച് വളരെ വിപുലമായ നിലയിൽ തന്നെ പഞ്ചായത്തിലുടനീളം ചർച്ച ചെയ്തിട്ടുണ്ട്. ഏറെക്കുറെ പ്രശ്നങ്ങൾ എല്ലാ വാർഡിലെതും ഒന്നു തന്നെ. ചിലവ ചില പ്രദേശങ്ങളിൽ മാത്രം ഒതുങ്ങി നില്ക്കുന്നവയും ആണ്.

നമ്മുടെ പഞ്ചായത്തിലെ കാർഷിക പ്രശ്നങ്ങൾ സാമ്യമുള്ളതാണ്. എന്നാലിതിൽ ഇരുവൈക്കോണം, പഴയകട, മലൈതോട്ടം, കഞ്ചാം പഴിഞ്ഞി, തിരുപുറം വാർഡുകളിലെ വിപുലമായ ഒരു പ്രദേശം കൃഷിക്ക് എപ്പോഴും വെള്ളം ലഭിക്കത്തക്ക വിധത്തിലുള്ള ഭൂമിയാണ് മറ്റു പ്രദേശങ്ങളിൽ ഇത്തരത്തിലുള്ള സ്വാഭാവിക ജലം കൃഷിക്കായിലഭിക്കുന്നില്ല. അതുകൊണ്ടുതന്നെ നേരത്തെ പറഞ്ഞ സ്ഥലങ്ങളിൽ നടത്തുന്നപല കൃഷികളും മറ്റ് മേഖലകളിൽ നടത്താൻ കഴിയുന്നില്ല.

കഴിഞ്ഞ 50 വർഷത്തെ പഞ്ചായത്തിന്റെ കാരർഷിക രംഗം പരിശോധിച്ചാൽ വമ്പിച്ച മാറ്റങ്ങൾ പലസ്ഥലത്തും വന്നു കഴിഞ്ഞു. കൃഷിഭൂമി തുലോം പരിമിതമായി, ജനങ്ങളുടെ ആവശ്യം കൂടി. പാർപ്പിട സൗകര്യം കൂടുതലായി വേണ്ടി വന്നപ്പോൾ കൃഷി ഭൂമിയെ തന്നെയാണ് ആശ്രയിക്കുന്നത്. അതോടൊപ്പം വികസനത്തിന്റെ ഭാഗമായി 50 വർഷത്തിനകം നമ്മുടെ പഞ്ചായത്തിൽ വന്ന റോഡുകളുടെ സ്ഥിതി പരിശോധിച്ചാലും കൃഷിഭൂമിയെ തന്നെയാണ് അതിനായും ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ഒരു വശത്ത് ഇങ്ങനെ കൃഷിഭൂമി കുറഞ്ഞുവെങ്കിലും വേറോരു ഭാഗത്ത് നേരത്തെ ഉള്ളതിനെക്കാൾ അല്പം കൃഷിഭൂമി ലഭിച്ചുട്ടുമുണ്ട്. പരണിയം, പഴയകട തുടങ്ങിയ പ്രദേശങ്ങളിൽ പണ്ടുണ്ടായിരുന്ന വലിയ ആനപ്പടുവാലുകൾ (മഴവെള്ളം ഒലിച്ചുപോയി കൊണ്ടിരുന്ന കരഭാഗത്തെ വലിയ ചാലുകൾ) പലതും ഇന്നില്ല. അവയുടെ പലഭാഗത്തും ഇന്ന് ബണ്ടുകൾ നിർമ്മിച്ചും വെട്ടിയും കിളച്ചും കൃഷിയോഗ്യ ഭൂമിയാക്കി മാറ്റിയിട്ടുണ്ട്. അതുപോലെ തന്നെ വിളകളുടെ രംഗത്തും വമ്പിച്ച മാറ്റം വന്നിട്ടുണ്ട്. പണ്ട് മരച്ചീനി, എള്ള്, കപ്പലണ്ടി, കൂവരക്, ചാമ, വെറ്റിലകൊടി പയർ, കാണം, എള്ള്

തുടങ്ങിയവ വൻതോതിൽ നമ്മുടെ പഞ്ചായത്തിൽ കൃഷി ചെയ്തിരുന്ന താണ്. എന്നാലിന്ന് ഇവയെല്ലാം വിരവി ലെണ്ണാവുന്ന സ്ഥിതിയിലായി. അതേസ മയം ഈ കൃഷി മേഖലയിലാകെ തെങ്ങുകൃഷി കടന്നു കയറുകയും ചെയ്തു. ഇന്ന് നമ്മുടെ പഞ്ചായത്തിൽ സാർവത്രികമായി ഉണ്ടായിരിക്കുന്ന കൃഷി തെങ്ങുകൃഷിയാണെന്നത് നിസം ശയം പറയാം.

കുമിളി-ഇരുവൈക്കോണം, തിരു പുറം ഏലകളിൽ മുമ്പ് നെൽകൃഷി ചെയ്തിരുന്ന വലിയൊരു ഭാഗത്ത് ഇന്നും മറ്റുവിളകളാണ് കൃഷി ചെയ്യു ന്നത്. അതുകൊണ്ടുതന്നെ 10 വർഷ ത്തിനു മുമ്പ് ഉല്പാദിപ്പിച്ചിരുന്ന നെല്ലിന്റെ ഉല്പാദനം പകുതിയായി കുറഞ്ഞു. ഈ ഭൂമിയും വാഴ, മരച്ചീനി, പച്ചക്കറികൾ, തെങ്ങ് എന്നിവയ്ക്കായി വഴി മാറി.



പച്ചക്കറി വൻതോതിൽ കൃഷി ചെയ്യുന്ന ഒരു വിഭാഗം കൃഷിക്കാർ നമ്മുടെ നാട്ടിലുണ്ട്. സീസൺ കൃഷി യാണ് ഇവർ ചെയ്യുന്നത്. പാവൽ, പട വലം പയർ, വെള്ളരി, ചീര, കത്തിരി, മുളക്, വെണ്ട എന്നിവയാണ് ഇതിൽ പ്രധാനം. ഇതിന്റെ പ്രധാന മാർക്കറ്റ് തിരുവനന്തപുരവുമാണ്. എന്നാൽ പണ്ടുണ്ടായിരുന്ന വെള്ളരി, വെണ്ട, കത്തിരിക്ക, മുളക് തുടങ്ങിയ നാടൻ പച്ചക്കറികളുടെ ഉല്പാദനം ഗണ്യമായി കുറയുകയും ചെയ്തിരിക്കയാണ്. വാഴ കൃഷി പണ്ടത്തെക്കാളും വിപുലമായെ ങ്കിലും നമ്മുടെ ആവശ്യത്തിന്റെ അടു ത്തെങ്ങും എത്തുന്നില്ല. ചുരുക്കത്തിൽ കാർഷിക മേഖലയായ നമ്മുടെ പഞ്ചാ യത്തിലെ ആവശ്യം നിറവേറ്റണമെങ്കിൽ പോലും പച്ചക്കറികളും വാഴപ്പഴവു മെല്ലാം തമിഴ്നാട്ടിൽ നിന്ന് വരേണ്ട

സ്ഥിതിവിശേഷമാണുണ്ടായിരിക്കുന്നത്. എന്തിനേറെ ഈ പഞ്ചായത്തിന് ആവശ്യമായ പൂവുപോലും നമുക്ക് ഉല്പാദിപ്പിക്കാൻ കഴിയുന്നില്ല. അതും തമിഴ്നാട്ടിന്റെ സംഭാവനയാണ്.

നിസാരമായി ഉല്പാദിപ്പിക്കുവാൻ നമുക്കാവുമായിരുന്ന ഒന്നാണ് കോഴിമുട്ട. എന്നാൽ അതിനു നാം മറ്റ് സ്ഥലങ്ങളെ ആശ്രയിക്കുന്ന സ്ഥിതിയാണുള്ളത്. ചിലവ ചുണ്ടികാണിച്ചെന്നേയുള്ളു. ഇവയെല്ലാം സമഗ്രമായി പരിശോധിക്കണം. സ്വന്തം ആശ്രയത്തിൽ ഇവയുടെയെല്ലാം ഉല്പാദനം എത്രത്തോളം കൂട്ടാൻ നമുക്കാവും എന്നതിനെ പറ്റി സജീവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്തിൽ തരിശുഭൂമി വളരെ കുറവാണ്. പരിമിതമായ ചില വ്യക്തികളുടെ ഭൂമികൾ മാത്രമെ ഇതിനു അപവാദമായുള്ളു. അവിടങ്ങളിൽ പോലും തെങ്ങുകൃഷി വ്യാപകമായി ഉണ്ടുതാനും.

കർഷക തൊഴിലാളികളുടെ അംഗസംഖ്യ അനുദിനം കുറഞ്ഞുവരികയാണ്. ഈ മേഖലയിൽ പണി എടുക്കാനുള്ള തൊഴിലാളികളുടെ താല്പര്യകുറവും മറ്റ് മേഖലകളിലെ ആകർഷണീയമായ ശമ്പളവുമാണ് ഇതിനു കാരണം. പ്രത്യേകിച്ച് കർഷകതൊഴിലാളി സ്ത്രീകളുടെ അംഗസംഖ്യ വിരലിൽ എണ്ണാവുന്നതായി മാറിയിരിക്കയാണ്. കൊയ്ത്തിനും അതുമായി അനുബന്ധമുള്ള മറ്റ് പ്രവർത്തനങ്ങൾക്കും തൊഴിലാളികളെ ലഭിക്കാൻ വളരെ ബുദ്ധിമുട്ടാണ്. കൂലിനിരക്കിൽ അല്പാചില ഏറ്റകുറച്ചിലുകൾ ഉണ്ടാകുമെന്നു മാത്രം. ഏതാണ്ട് പുരുഷതൊഴിലാളികൾക്ക് 100 രൂപയോളം ദിവസകൂലി ലഭിക്കുന്നതായി കാണാം. സ്ത്രീ. തൊഴിലാളികൾക്കും അല്പം ചില കുറവുകളെ വരുത്തുന്നുള്ളു.

തേങ്ങ ഇടാനും അതിന് അനുബന്ധമായ മറ്റ് പ്രവർത്തനങ്ങൾക്കും തൊഴിലാളികളുടെ അഭാവം കണ്ടുതുടങ്ങി. ആ മേഖലയിലേയ്ക്കും പുതുതായി വരാൻ തൊഴിലാളികൾ മടിക്കുന്നു. തൊഴിലാളികളെ സമയത്തിനു ലഭിക്കാത്ത പ്രശ്നങ്ങളും കാർഷിക മേഖലയിൽ ഉയർന്നുവരുന്നു വെന്നത് സത്യം മാത്രം.

നമ്മുടെ നാട്ടിലെ മണ്ണിന്റെ ഫലപുഷ്ടി വിവിധതരത്തിലുള്ളവയാണ്. അവ പരിശേധിക്കാനും നമ്മുടെ കൃഷിഭൂമി പൂർണ്ണമായി ഉപയോഗപ്രദമാക്കാമനുമുള്ള സംവിധാനം മിക്കവാറും കൃഷിക്കാർ ഉപയോഗപ്പെടുത്തുന്നില്ല. ഇതിന്റെ ഫലമായി കീടങ്ങൾ കൂടാനും ഉല്പാദനക്ഷമത കുറയാനും പെട്ടെന്ന് കാരണമാകുന്നു.

പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന കാർഷിക വിളകൾക്ക് വിപണന സാധ്യത പൂർണ്ണമായി നമുക്കു ലഭിക്കുന്നില്ല. അതിനാൽ ലഭ്യമാകുന്ന മാർക്കറ്റിൽ സാധനങ്ങൾ വിറ്റഴിക്കാൻ നാം നിർബന്ധിതരാകുന്നു. പ്രധാനമായ മാർക്കറ്റുകൾ പഴയകട, പുത്തൻകട, അരുമാനൂർക്കട എന്നിവയാണ്. എന്നാൽ കാഞ്ഞിരംകുളം, പൂവാർ എന്നീ മാർക്കറ്റുകളെയും നാം ആശ്ര

യിക്കുന്നു. പച്ചക്കറികൾ വ്യാപകമായി വരുമ്പോൾ പഴയകട കേന്ദ്രീകരിച്ച് ഇട ത്തട്ടുകാരായ വ്യാപാരികൾ ഇവ വാങ്ങി മറുവിലയ്ക്ക് തിരുവനന്തപുരം പട്ടണ ത്തിൽ വില്കുകന്നതാണ് സ്ഥിരമായി നടക്കുന്ന പ്രക്രിയ. അതേസമയം നാളി കേരം എണ്ണയാക്കാനുള്ള നിരവധി മില്ലു കൾ നമ്മുടെ പഞ്ചായത്തിലും സമീപ ത്തുമായി ഉണ്ട്. ഒറ്റ നോട്ടത്തിൽ കാർഷിക മാർക്കറ്റ് നമുക്ക് കുറവല്ല. ഇട നിലക്കാരുടെ സഹായത്തോടെ ഇവ വിറ്റഴിക്കാൻ നമുക്കു കഴിയുന്നു.

എന്നാൽ ഇവയെല്ലാം പൊതു മാർക്കറ്റിൽ എത്തിച്ച് നേരിട്ട് ആവശ്യ ക്കാർക്ക് കൊടുക്കാനും അതിന്റെ ലാഭ മുണ്ടാക്കാനും കൃഷിക്കാർക്ക് കഴിയു ന്നുമില്ല. ഉദാഹരണത്തിന് കുരുമുളക്. അതിന്റെ സീസണിൽ തിരുപുറത്ത് മാർക്കറ്റ് കുറവായതിനാൽ ഇടനിലക്കാർ വാങ്ങി കൂടുതൽ ലാഭം ലഭിക്കുന്ന കാട്ടാ ക്കട പോലുള്ള പ്രദേശങ്ങളിലാണ് വിറ്റ ഴിക്കുന്നത്. അവ വ്യാപകമായി ശേഖ രിക്കുന്ന മാർക്കറ്റ് ഇവിടെ ഉണ്ടായിരു ന്നെങ്കിൽ നമ്മുടെ ഉല്പന്നത്തിന് കുറെ കൂടി ലാഭം കൃഷിക്കാർക്ക് നേരിട്ട് ലഭി ക്കുമായിരുന്നു. ഈ വിധത്തിലുള്ള മാർക്കറ്റിന്റെ കുറവ് നമുക്ക് അനുഭവ പ്പെടുന്നുമുണ്ട്.

### വായ്പാ സൗകര്യങ്ങൾ

കൃഷിക്കാർ ഇന്നനുഭവിക്കുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട് സാമ്പത്തി കമാണ്. തിരുപുറത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനു സർക്കാർ തീരുമാനിച്ചിട്ടുള്ളത് പ്രധാന മായും താഴെ പറയുന്ന ബാങ്കുകളെ യാണ്.

| | | |
|---|---|---|
| 1,2,3 വാർഡുകൾ | - | മർക്കന്റയിൽ ബാങ്ക് - പഴയകട |
| 4, 5 " | - | SBT-ഉദിയൻ കുളങ്ങര |
| 6 " | - | വൈശ്യാബാങ്ക് - പൂവാർ |
| 7,8,9 " | - | കാനറാബാങ്ക് |
| | - | അരുമാനൂർ |

നെയ്യാറ്റിൻകര ഭൂവികസന ബാങ്കിന്റെ സഹായവും പരിമിതമായി ലഭിക്കുന്നുണ്ട്.

ഇതിനു പുറമെയാണ് തിരുപുറം സർവീസ് സഹകരണബാങ്കിന്റെ സഹാ യവും. ഇവയെല്ലാം നിലവിലുണ്ടെ ങ്കിലും തിരുപുറം പഞ്ചായത്തിലെ കൃഷി ക്കാർക്ക് ആവശ്യമായ വായ്പ ലഭിക്കു ന്നതിന് വളരെയേറെ ബുദ്ധിമുട്ട് അനു ഭവിക്കുകയാണ്. ബാങ്കുകളെ സ്വാധീനി ക്കാൻ കഴിയുന്ന ചെറിയൊരു വിഭാഗ ത്തിനൊഴികെ കൃഷിക്കാർക്ക് ആവശ്യ മായ ധനസഹായം നൽകാൻ ഈ ബാങ്കുകളെ കൊണ്ടാവുന്നില്ല. പല ബാങ്കുകാർക്കും കൃഷിക്കാരുടെ കാര്യ ത്തിൽ താല്പര്യവുമില്ല.

ഇതു നിമിത്തം അമിത പലിശക്ക് പണംകടമെടുക്കേണ്ട സ്ഥിതി കൃഷി ക്കാർക്ക് ഉണ്ടാവുന്നു. അവർ ആജീവ

**ഭാരതമെന്ന പേരുകേട്ടാൽ അഭിമാനപൂരിതമാകണമന്തരംഗം**
**കേരളമെന്നുകേട്ടാലോ തിളയ്ക്കണം ചോര ഞരമ്പുകളിൽ**

നാന്തം കടക്കാരായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

### നടീൽ വസ്തുക്കൾ

ഇന്നത്തെ കാലാവസ്ഥയ്ക്കും നമ്മുടെ മണ്ണിനും പറ്റിയ മുന്തിയ തരം നടീൽ വസ്തുക്കൾ പലപ്പോഴും നമുക്കു ലഭിക്കാറില്ല. സമയമാകുമ്പോൾ എവിടെ നിന്നെങ്കിലും ലഭിക്കുന്ന തൈകളും വിത്തുകളുമാണ് നാം ഉപയോഗിക്കുന്നത്. ശരിയായ പരിചരണവും ആവശ്യമായ വിദഗ്ദ ശാസ്ത്ര രീതികളും ഉപയോഗിക്കാതെ ലഭിക്കുന്ന വിത്തുകളും തൈകളുമാണ് പലപ്പോഴും നാം ഉപയോഗിക്കുക. ഇതു നിമിത്തം പെട്ടെന്നുണ്ടാകുന്ന ഉല്പാദന ക്ഷമത കുറഞ്ഞും വരുന്നു. ഇതിനൊക്കെ പരിഹാരം കാണണം. ഇവക്കു പുറകെ ജൈവവളങ്ങൾ, രാസവളങ്ങൾ, കീടനാശിനികൾ, എന്നിവ സമയാസമയങ്ങളിൽ ലഭിക്കാത്തതും സാമ്പത്തിക ബുദ്ധിമുട്ടുമെല്ലാം നമ്മുടെ കൃഷിയെ ബാധിക്കുന്നു.

**നടീൽ വസ്തു വിതരണം**

(കൃഷിഭവൻ മുഖേന)

എണ്ണം

| ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| തെങ്ങ് | 600 | 260 | 485 |
| കശുമാവ് | .. | 160 | 320 |
| കുരുമുളക് | 10,000 | 5000 | 4575 |
| കവുങ്ങ് | _ | _ | _ |
| ഗ്രമ്പ് | 30 | _ | 50 |
| ജാതി | 100 | _ | _ |

-

### കൃഷിഭവൻ, മറ്റ് സമിതികൾ



ഒരു പഞ്ചായത്തിന്റെ കാർഷിക മേഖലയിലെ ഏറ്റവും വലിയ നേതൃത്വക്കാർ കൃഷിഭവനുകളാണ്. നിർഭാഗ്യവശാൽ തിരുപുറം പഞ്ചായത്തിലെ കൃഷിഭവനെ പറ്റി അത്തരമൊരു വിലയിരുത്തൽ നടത്താൻ ആവുന്നില്ല. കൃഷിക്കാരിൽ നിന്നും വ്യാപകമായ പരാതികൾ ഉണ്ടായികൊണ്ടേയിരിക്കുന്നു. ഗ്രാമസഭകളിൽ മിക്കവാറുമെല്ലാം ഏകസ്വരത്തിൽ ഇതിന്റെ പ്രവർത്തനങ്ങളെ വിമർശിച്ചിരിക്കുകയാണ്.

ഏറ്റവും വലിയ വിമർശനം കൃഷിക്കാർക്ക് എത്തിപ്പെടാൻ കഴിയാത്ത ഒരു സ്ഥലത്താണ് ഇതിന്റെ കേന്ദ്രമെന്നതു തന്നെ. കൃഷിഭവൻ മുഖേന വരുന്ന പുതിയ പദ്ധതികളെ സംബന്ധിച്ചോ ധനസഹായങ്ങളെക്കുറിച്ചോ പുതിയതരം വിത്തു, വളം കീടാനാശിനി, തൈകൾ എന്നിവയെ

സംബന്ധിച്ചോ കൃഷിക്കാർക്കിടയിൽ വ്യാപകമായ അറിവു ലഭിക്കുന്നില്ല. അതു നിമിത്തം പുതിയ രീതിയിലുള്ള കൃഷിപോലും പലർക്കും അജ്ഞാത മാണ്. അതിന്റേതായ കുറവുകളും കാർഷിക മേഖലയിൽ ഉണ്ടായികൊണ്ടി രിക്കുന്നു.

കുമിളി - ഇരുവൈക്കോണം പാട ശേഖരസമിതി, തിരുപുറം പാടശേഖര സമിതി, കേരകർഷക സമിതി, കാഡ എന്നിവയെല്ലാം നമ്മുടെ പഞ്ചായ ത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ സമിതികളുടെ സജീവമല്ലാത്ത പ്രവർത്തനം നിമിത്തം കൃഷിക്കാർക്ക് ആവശ്യമായതു പലതും യഥാസമയം ലഭിക്കാതെ പോവുകയാണ്.

കാഡയെ സംബന്ധിച്ച് യാതൊരു പ്രവർത്തനവുമില്ലാത്ത നിലയിലാണ് കാര്യങ്ങൾ. സജീവമല്ലാത്തതാണ് ഇതിന്റെ പല ഉപസമിതികളും. കൃഷി ക്കാരുടെ ഉന്നമനത്തിനായി ഉണ്ടാക്കിയി രിക്കുന്ന ഈ സമിതികളിൽ മിക്കവാറു മെല്ലാം നിർജീവമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. ഇതും കാർഷിക മേഖലയെ തകരാറിലാക്കുന്നു.

പൊതുവിൽ നമ്മുടെ പഞ്ചായ ത്തിലെ കാർഷിക മേഖലയിൽ അനുഭ വപ്പെടുന്ന ബുദ്ധിമുട്ടുകളെ കുറിച്ചാണ് ഇവിടെ വിവരിച്ചത്. മേൽപ്പറഞ്ഞ കാര്യ ങ്ങൾ എല്ലാം തന്നെ വിവിധ വാർഡുക ളിലെ ഗ്രാമസഭകളിൽ ഉയർന്നു വന്ന വിമർശനങ്ങളെ ആധാരമാക്കിയുള്ള താണ്. അതുപോലെ തന്നെ സർക്കാ രിന്റെ വിവിധ ഏജൻസികൾ വഴിക്കുള്ള വിലയിരുത്തലും ഇതിനെ ശരിവയ്ക്കു ന്നുണ്ട്. ഇവയ്ക്കു പുറമെ ചർച്ച ചെയ്യ പ്പെടാത്തതും ഇനിയും ചൂണ്ടികാണി ക്കാനുള്ളതുമായ നിരവധി കാര്യങ്ങൾ ഉണ്ടാവാം. അവയൊക്കെ ഇനിയും ചർച്ച ചെയ്യപ്പെടേണ്ടതുമാണ്. ഉൾക്കൊ ള്ളിക്കേണ്ടതുമാണ്. പരിഹാരം കാണേ ണ്ടതുമാണ്.

## സാധ്യതകൾ/ആവശ്യങ്ങൾ/ നടപ്പിലാക്കേണ്ടവ

മേൽവിവരിച്ച ഭാഗങ്ങളുടെ അടി സ്ഥാനത്തിൽ പഞ്ചായത്തിലെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നിലവിലുള്ള സ്ഥിതി മെച്ചമാക്കുന്നതിനും നിരവധി സാധ്യതകളുണ്ട്.

ഇതിലേയ്ക്കുള്ള നിർദ്ദേശങ്ങൾ മിക്കവയും വിവിധ സെമിനാറുകളിൽ കൂടി രൂപപ്പെട്ടു വന്നവയാണ്. ഇവയിൽ ചിലത് പ്രാദേശികമായി ചെയ്യാൻ കഴി യുന്നവയാണ്. മറ്റു ചിലത് പഞ്ചായത്തു ലവലിൽ ചെയ്തു തീർക്കാൻ കഴിയും. എന്നാൽ മറ്റുള്ള പലതും ബ്ലോക്ക്ജില്ലാ തലങ്ങളിൽ മാത്രമേ ചെയ്തു തീർക്കാൻ കഴിയു എന്നുള്ളതുമാണ്.

തരിശായി കിടക്കുന്ന ഭൂമി ചൂണ്ടി കാണിച്ച്, അവ കൃഷി ചെയ്യാൻ തയാ റുള്ള കൃഷിക്കാരനെ ഏല്പിക്കണം. പാടങ്ങളിൽ 3-ാം വിള കൃഷി ചെയ്യാൻ സംവിധാനമൊരുക്കണം.

തെങ്ങ് ഉൾപ്പെടെയുള്ള വിള കൾക്ക് ഉണ്ടാകുന്ന വിളനാശങ്ങൾക്കും ഉല്പാദനകുറവിനും കൂട്ടായി പരിഹാരം കാണാൻ ശ്രമിക്കണം. അതാതു രംഗത്തു പ്രവർത്തിക്കുന്ന സംഘടനക

ളെകൂടി ഉപയോഗപ്പെടുത്തി പ്രവർത്തനങ്ങൾ വ്യാപകമാക്കുക. ഇതിന് കൃഷി ഭവൻ ഉദ്യോഗസ്ഥൻമാർ നേരിട്ട് നേതൃത്വം നൽകുക. കീടനാശിനി പ്രയോഗങ്ങൾ വളം, ആധുനിക വിത്തുകളും തൈകളും നൽകൽ തുടങ്ങി ഇവയ്ക്ക് ഊന്നൽ കൊടുക്കുന്ന ഒരു പുതിയ കൃഷി വികസന നയം പഞ്ചായത്താകെ നിലവിൽ കൊണ്ടുവരിക.

പഞ്ചായത്തിനാകെയുള്ള പച്ചക്കറി നമ്മുടെ നാട്ടിൽ തന്നെ ഉണ്ടാക്കാൻ അടുക്കളത്തോട്ടം ഉൾപ്പെടെയുള്ള പുതിയ രീതികൾ അടിയന്തിരമായി നടപ്പിൽ വരുത്തുക. വ്യവസായിക അടിസ്ഥാനത്തിൽ പച്ചക്കറി ഉല്പാദിപ്പിക്കാനും പരിപാടി തയ്യാറാക്കണം. ഇതിനാവശ്യമായ പുതിയ വിത്തുകൾ തൈകൾ ഇവ ഉല്പാദിപ്പിക്കാൻ പഞ്ചായത്തിൽ വിവിധതരം നഴ്സറികൾ രൂപപ്പെടുത്തുക. ഇതിനാവശ്യമായ ജൈവവളങ്ങൾ, രസവളങ്ങൾ, കീടനാശിനികൾ എന്നിവയുടെ ലഭ്യതയും കൃഷിക്കാർക്കാവശ്യമായ ബോധവൽക്കരണവും നൽകുക. വർഷാവർഷങ്ങളിൽ കാർഷിക മേളകൾ സംഘടിപ്പിക്കുക ആവശ്യമായ പരസ്യം പഞ്ചായത്ത് സന്നദ്ധ സംഘടനകൾ കൃഷിഭവൻ, വിവിധ സമിതികൾ എന്നിവ വഴി നടത്തുക. ഇതുവഴി പഞ്ചായത്തിൽ പച്ചക്കറികൾക്ക് സ്വയം ലഭ്യത ഉറപ്പുവരുത്തുക.

ഇതിനായി വ്യാപകമായി കമ്പോസ്റ്റവളം ഉണ്ടാക്കാനും അവ കൃഷിക്ക് ഉപയുക്തമാക്കാനും വേണ്ടതു ചെയ്യണം. അതുപോലെ തന്നെ കൃഷി ഉപകരണങ്ങൾ ആവശ്യമായവർക്ക് എത്തിച്ചു കൊടുക്കാനും അതിനാവശ്യമായ ധനസഹായം ഗ്രാന്റായി നൽകാനും കൃഷിഭവൻ മുഖേന ശ്രമിക്കണം.

നിലവിലുള്ള നെൽപ്പാടം ഇനി കുറയാതിരിക്കാൻ ആവശ്യമായ, ശക്തമായ നടപടികൾ സ്വീകരിക്കണം. നെൽപാടത്തിൽ തെങ്ങു വയ്ക്കാനുള്ള പ്രവണത നിരുത്സാഹപ്പെടുത്തുകയും നിയമംമൂലം നടപ്പിലാക്കുകയും ചെയ്യണം. ഇതിനുവേണ്ടി ആവശ്യമായ ബോധവൽക്കരണവും സാമൂഹ്യ സമ്മർദ്ദവും ചെലുത്തികൊണ്ടുവരണം. മറ്റ് ഏതു കൃഷിക്കും ഒരു സ്ഥലത്തല്ലെങ്കിൽ മറ്റൊരു സ്ഥലം നമുക്ക് ഉപയോഗപ്പെടുത്താം. എന്നാൽ നെൽപ്പാടം നികത്തിയാൽ എന്നന്നെയ്ക്കുമായി നഷ്ടപ്പെടുന്നുവെന്ന സത്യം കൃഷിക്കാരെ ബോദ്ധ്യപ്പെടുത്തണം.

പുതിയ തരത്തിലുള്ള കാർഷിക ഉപകരണങ്ങൾ ലഭ്യമാക്കാനും അവ ഉപയോഗിക്കാനും വേണ്ടുന്ന നടപടികൾ സ്വീകരിക്കണം. ഇതിനായി ആഗ്രോ ക്ലിനിക്കുകൾ പഞ്ചായത്തിൽ സ്ഥാപിക്കണം.

തെങ്ങിന് കാലാകാലങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന രോഗങ്ങൾക്ക് പരിഹാരം കാണണം. അവ വെട്ടിമാറ്റാനും പുതിയ ഇനം തൈകൾ വച്ചുപിടിപ്പിക്കാനും ആവശ്യമായ സാമ്പത്തിക സഹായം നൽകണം. തേങ്ങയുടെ തൊണ്ട്, ചകിരി, ചിരട്ട ഇവ സുലഭമായി ലഭിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ഇവ കൊണ്ടുള്ള കുടിൽ വ്യവസായങ്ങൾ ആരംഭിക്കാനുള്ള

സാധ്യത ആരായണം. ഇവയുടെ വിപണന സാധ്യത മാത്രമല്ല കുറേപേർക്ക് പുതുതായി തൊഴിൽ ഉറപ്പുവരുത്താനും ഇതു നിമിത്തം നമുക്കു കഴിയും. പഞ്ചായത്തിൽ ഒരു കൊപ്ര സംസ്ക്കരണ കേന്ദ്രം ഉണ്ടാക്കുക.

കാഡ. കേരകർഷക സമിതി, പാടശേഖര സമിതി എന്നിവയുടെ പ്രവർത്തനങ്ങൾ കുറെകുടി ജനകീയമാക്കി അതാതു മേഖലയിലെ പ്രവർത്തനം ഏറെ ഉഷാറാക്കുക. അതിൽ കാഡയുടെ പ്രവർത്തനം അടിമുടി മാറ്റേണ്ടിയിരിക്കുന്നു. നെയ്യാർ ചാനലിൽകുടി വരുന്ന ജലം എല്ലാ കൃഷിയിടങ്ങളിലും കൃത്യമായി ലഭിക്കാൻ ഇതിന്റെ പ്രാദേശിക കമ്മിറ്റികൾ പ്രത്യേകമായി ശ്രദ്ധിക്കണം. കാലാകാലങ്ങളിൽ വരുന്ന അറ്റകുറ്റ പണികൾ തീർത്ത് ജലം ലഭ്യമാക്കാൻ വേണ്ടതു ചെയ്യണം. എങ്കിൽ മാത്രമെ നാം ഉദ്ദേശിക്കുന്നതിന്റെ അടുത്തെങ്കിലുമെത്താൻ നമ്മുടെ പഞ്ചായത്തിനാവൂ. അടഞ്ഞുപോയ ചാലുകൾക്ക് പകരം സംവിധാനം ഏർപ്പെടുത്താനും കാഡ കമ്മിറ്റി മുന്നിട്ടിറങ്ങണം.

വേനൽക്കാലത്ത് കൃത്യമായി ചാനൽ ജലം ലഭിച്ചെങ്കിൽ മാത്രമെ വിപുലമായ ഒരു പ്രദേശത്ത് കാർഷിക വിളകൾ ഉല്പാദിപ്പിക്കാൻ കഴിയൂ. അവ ഉറപ്പുവരുത്തണം. നെയ്യാറിലെ ജലം ലഭിച്ചാലും ഇല്ലെങ്കിലും ചാനലിനു താഴെയുള്ളവർ മുഴുവൻ വെള്ളക്കരം നൽകണം. വെള്ളക്കരം നൽകുന്നവർക്കെല്ലാം വെള്ളം ഉറപ്പുവരുത്താൻ വേണ്ടുന്ന നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിക്കണം.

തിരുപുറം ഏലായിൽ കൃഷി നടത്തുന്നവെങ്കിൽ കള്ളകുളത്തിൽ വെള്ളം വേണം. കള്ളകുളത്തിൽ വെള്ളമെത്തണമെങ്കിൽ ചാനൽ ജലം കുടിയെ കഴിയൂ. ഇത് ഉറപ്പായാൽ തിരുപുറം ഏലായിലെ നെൽകൃഷി കുറെകുടി സജീവമാക്കാൻ അവിടത്തെ കൃഷിക്കാർക്കു കഴിയും. ഇവ കണക്കിലെടുത്ത് കാഡ പുന:സംഘടിപ്പിച്ച് സജീവമാക്കണം.

## പൊതുമാർക്കറ്റ്

കാർഷികവിളകൾക്ക് ന്യായമായ വില ലഭിക്കുവാനും പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ യഥാസമയം വിറ്റഴിക്കാനും ഒരു പൊതുമാർക്കറ്റിന്റെ കുറവുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടി പുത്തൻകടയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പൊതുചന്തയ്ക്കുള്ള സ്ഥലം കഴിവതും വേഗം വിലക്കെടുക്കാനും ചന്തയ്ക്കാവശ്യമായ മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്താനും സത്വരം നടപടികൾ സ്വീകരിച്ചിരിക്കണം.

ഓരോ വീട്ടിൽ നിന്നും കുറെയെങ്കിലും പൂവ് ഉല്പാദിപ്പിക്കുവാൻ നമുക്കു കഴിയും. വിദേശ-ദേശീയ സംസ്ഥാന പഞ്ചായത്തടിസ്ഥാനത്തിൽ തന്നെ വിവിധ നിലയിലുള്ള മാർക്കറ്റും നമുക്കു ലഭിക്കും. പുഷ്പകൃഷി വികസനത്തിനു വേണ്ടി മിനി നഴ്സറികൾ സ്ഥാപിച്ച് നല്ലയിനം തൈകൾ ഉറപ്പുവരുത്തുക. ഇവ കൃഷിചെയ്യുന്നതിനാവശ്യമായ സാമ്പത്തിക സാങ്കേതിക സഹായവും നൽകേണ്ടതാണ്.



കുൺകൃഷി വ്യാപകമാക്കുന്നതിനും ആവശ്യമായ നടപടികൾ കൃഷി ഭവൻ മുഖേന നടപ്പിലാക്കുക.

### കൃഷിഭവൻ പ്രവർത്തനം

കൃഷിഭവന്റെ പ്രവർത്തനം മാതൃകാപരമാവണം. ഇതിന്റെ സെന്ററിനെ സംബന്ധിച്ച് വ്യാപകമായ പരാതി ഉയർന്നുവന്നിട്ടുണ്ട്. ഭൂരിപക്ഷം കൃഷിക്കാർക്കും എളുപ്പിത്തിൽ ബന്ധപ്പെടാൻ കഴിയും വിധത്തിൽ കൃഷിഭവന്റെ ഒരു സബ്സെന്റർ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി സ്ഥാപിക്കണം. ഇവിടെ സ്ഥിരമായി ഉദ്യോഗസ്ഥനും ഉണ്ടാവണം.

വ്യക്തികൾ സ്ഥാപിച്ചിരിക്കുന്ന പുതിയ പമ്പുസെറ്റുകൾക്ക് കഴിവതും വേഗം അനുമതി നൽകാനും വൈദ്യുതി കണക്ഷൻ നൽകാനും വേണ്ട നടപടികൾ സ്വീകരിക്കണം. സ്ഥല പരിധി ഒഴിവാക്കി പമ്പ് സെറ്റിനുള്ള സബ്സിഡി നൽകുക. കാർഷിക ആവശ്യങ്ങൾക്കായി നിർമ്മിക്കുന്ന കിണറുകൾക്ക് സബ്സിഡി നൽകുക.

### നിലവിലുള്ള പമ്പുകൾ ഉപയോഗിക്കുക.

നെയ്യാറിൽ നിന്ന് വെള്ളം എടുത്ത് മുലൈതോട്ടം കഞ്ചാംപഴിഞ്ഞി വാർഡുകളിൽ കൃഷി നടത്താനുള്ള ഒരു പരിപാടി വർഷങ്ങൾക്ക് മുമ്പ് പ്ലാൻ ചെയ്തിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ഇറയൻവിള കാഞ്ചിപുറം എന്നിവിടങ്ങളിൽ രണ്ടു പമ്പുസെറ്റുകൾ സ്ഥാപിക്കുകയും വെള്ളം കൊണ്ടുപോകാനുള്ള ചാലുകൾ നിർമ്മിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ അവ പ്രവർത്തനമില്ലാതെ കേടായി കിടക്കുകയാണ്.

അടിയന്തിരമായി ഇവ പുന:സ്ഥാപിക്കണം. ഇതുപയോഗിത്ത് മേൽപറഞ്ഞ വാർഡികളിലെ കൃഷി

പരിപോഷിപ്പിക്കാം . കൂടാതെ പുതിയോരു ലൈൻ സ്ഥാപിച്ച് കള്ളകുളത്തിൽ വെള്ളമെത്തിക്കാനുള്ള ഒരു പദ്ധതികൂടി വികസിപ്പിച്ചെടുക്കണം. ഇതുമൂലം യഥാസമയം ചാനൽ വെള്ളം ലഭിച്ചില്ലെങ്കിൽ തന്നെ നെയ്യാറ്റിൽ നിന്നുള്ള വെള്ളം ഉപയോഗിച്ച് തിരുപുറം ഏലായിലെ കൃഷി ഉറപ്പിക്കാൻ സാധിക്കും.

• രണ്ടോ അതിലധികമോ വ്യക്തികൾ ചേർന്ന് കൂട്ടായി കിണറും പമ്പും സ്ഥാപിക്കുകയും അതുപയോഗിച്ച് ലഭിക്കുന്ന വെള്ളം കൂട്ടായി കൃഷിക്കു ഉപയുക്തമാക്കുന്ന പരിപാടിയും പലയിടങ്ങളിലും ഉണ്ട്. അത്തരത്തിലുള്ള കൂട്ടായ പരിശ്രമവും ആലോചിക്കണം. ചെലവ് കൂട്ടായി നേരിടുക. വെള്ളം കൂട്ടായി ഉപയോഗിക്കുക.

## കുമിളി പദ്ധതി

നമ്മുടെ പഞ്ചായത്തിലെ കുടിവെള്ളക്ഷാമവും ഒരു പരിധിവരെ കൃഷി ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ കഴിയുന്ന ജല സ്രോതസ്സുള്ള ഒരു പ്രദേശമാണ് കുമിളി.

ഇതിലേയ്ക്ക് കുമിളി റോഡിന് കിഴക്കുവശവും നിലവിലുള്ള ഗ്യാലറിക്ക് (വയലിനരികത്ത്) പടിഞ്ഞാറു വശത്തുമായി കിടക്കുന്ന ഉദ്ദേശം മൂന്ന് ഏക്കറോളം വരുന്ന സ്വകാര്യ ഭൂമി (പഴയ കുമിളി ഏല) അക്വയർ ചെയ്യണം. ഇവിടെ ആധുനിക രീതിയിൽ പമ്പുഹൗസും വലിയൊരു ഗ്യാലറിയും ഉണ്ടാക്കിയാൽ നമ്മുടെ പഞ്ചായത്തിനാവശ്യമുള്ള ശുദ്ധജലവും കൃഷിക്കാവശ്യമായ ജലവും ഇവിടെ നിന്നും ലഭിക്കും.

വിവിധ നിലവാരത്തിലുള്ള സർക്കാർ ഏജൻസികളെ ഉപ.യോഗപ്പോടുത്തി ഈ പദ്ധതി നടപ്പിൽ വരുത്തിയാൽ നമ്മുടെ ജലക്ഷാമത്തിന് പലിയൊരളവുവരെ പരിഹാരം കാണാൻ കഴിയും.

## നെയ്യാറിൽ ചെക്ക് ഡാം

### നെയ്യാർ, ഇരുവൈക്കോണം, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

നെയ്യാറിന് കുറുകെ പന്നിച്ചാത്തി, കാട്ടുവിള, കുറുമണൽ, ആറാട്ടുകടവ് എന്നീ സ്ഥലങ്ങളിൽ നാലു ചെക്കു ഡാമുകൾ നിർമ്മിക്കുക, ഇതിന്റെ പരിസരത്ത് പമ്പു സെറ്റുകൾ സ്ഥാപിച്ച് ഇവിടെ നിന്നുള്ള വെള്ളം പമ്പു ചെയ്ത് ചാനലിൽ എത്തിക്കുക. അവിടെനിന്നും സബ് ചാനലുകളും ചെറിയ ചാലുകളും വഴി കൃഷിയിടങ്ങളിൽ വെള്ളം എത്തിക്കുക.

ചാനൽ ജലം എത്താത്ത മേഖലകളിൽ ലോ-ലവൽ ടാങ്കുകൾ നിർമ്മിച്ച് അവിടെ നിന്നും വെള്ളം കൃഷിയിടങ്ങളിൽ എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

ഇതേപോലെ തന്നെ ഇരുവൈക്കോണം കുളത്തിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി മുഖേന വെള്ളം കൃഷിയിടങ്ങളിൽ എത്തിക്കാനുള്ള പദ്ധതിക്ക് രൂപം നൽകുക.

പൊതുവിലുള്ള ഇക്കാര്യങ്ങൾ കൂടാതെ താഴെ പറയുന്ന കാര്യങ്ങൾക്കു കൂടി കാർഷിക മേഖലയിൽ നാം പരിഹാരം കാണേണ്ടിയിരിക്കുന്നു.

* അത്യുല്പാദനശേഷിയുള്ള സങ്കര യിനം തെങ്ങിൻ തൈകൾ, പുതിയ നെൽവിത്തുകൾ, ശേഷിയുള്ള വാഴ കന്നുകൾ, പുതിയ ഇനം കുരുമുളക്, ചേമ്പ്, ചേന, പയറുവർഗ്ഗങ്ങൾ, കിഴ ങ്ങുവർഗ്ഗങ്ങൾ സുഗന്ധദ്രവ്യങ്ങൾ പച്ചക്കറികൾ തുടങ്ങിയ കാർഷിക-നാണ്യവിളകളുടെ വിത്തുകളും തൈകളും കൃഷിഭവൻ മുഖേന വിത രണം നടത്തുക. കഴിയുന്നത്ര സൗജ ന്യമായി വിതരണം ചെയ്യുക. ഇതി നാവശ്യമായ നഴ്സറികൾ സ്ഥാപി ക്കുക.

* മുള്ളുവിളയിൽ ഒരു കൃഷി സബ് ഓഫീസ് സ്ഥാപിക്കുക

* തെങ്ങുകയറ്റ തൊഴിലാളികൾ, കർഷക തൊഴിലാളികൾ എന്നി വർക്ക കൂടുതൽ സഹായങ്ങൾ സർക്കാർവഴി നൽകുക.

* കാർഷിക ഉല്പന്നങ്ങൾ താങ്ങുവില നൽകി സർക്കാർ ഏറ്റെടുത്ത് വിതരണം ചെയ്യുക.

* പുറുത്തിവിള വാർഡിൽ ഒരു കൃഷി സബ്സെന്റർ സ്ഥാപിക്കുക.

* തിരുപുറം പഞ്ചായത്തിൽ സൗകര്യ പ്രദമായ സ്ഥലങ്ങളിൽ സോളാർ പമ്പുസെറ്റുകൾ സ്ഥാപിക്കുക.

**ജലസേചനം**

* ഇരുവൈക്കോണം - കാലുംമുഖം നടുത്തോട് സൈഡുകെട്ടി ബണ്ട് നിർമ്മിക്കുകയും മെയിന്റനൻസ് നട ത്തുകയും ചെയ്യുക.

* ഇരുവൈക്കോണം - കാലും മുഖം കിഴക്കേക്കര തോട്ടിൽ സൈഡ്വാൾ ഇല്ലാത്ത സ്ഥലത്ത് അവ കെട്ടുക.

* കിഴക്കേകര തോടിന്റെ ബണ്ടിൽ കൂടി കാലുംമുഖം വരെ റോഡ് നിർമ്മിച്ച് ഗതാഗത സൗകര്യം ഉണ്ടാക്കുക.

* ഇരുവൈക്കോണം, വാറുനട, കിളി കോട്, അടീക്കലം ഗ്രാമക്കോണം കാലുംമുഖംതോട് പുനരുദ്ധരിക്കുക.

* നെടിയവിള അവസാനിക്കുന്ന കാഡ ചാനൽ ചെക്കിളവിള വഴി അടീ ക്കലം വരെ നീട്ടുക.

* പറയൻവിള നിന്നും ഇരുവൈ ക്കോണം വരെ കാഡ ചാനൽ നീട്ടുക

* വെള്ളം കൊള്ളിയിലെ ക്രോസ്ബാർ (ചീപ്പ്) മെയിന്റനൻസ് ചെയ്യുക

* കുമിളിയിലെ വടക്കേക്കര തോട്, നടു ത്തോട്, തെക്കേക്കര തോട് എന്നിവ ഓടകെട്ടി വൃത്തിയാക്കുക

"കാലം മാറി കോലവും മാറി.
നാട്ടുനടപ്പുകൾ പലതും മാറി
എന്തെല്ലാം മാറ്റങ്ങൾ!
എങ്ങെല്ലാം മാറ്റങ്ങൾ!"

* കാലുംമുഖം തോടിലെ കല്പടവ് മെയിന്റനൻസ് ചെയ്യുക
* പാഞ്ചിക്കാടിൽ പുതിയൊരു പമ്പു സ്ഥാപിച്ച് കൃഷിക്കാവശ്യമായ വെള്ളം എത്തിക്കുക.
* നെയ്യാർ ബണ്ടിന്റെ സൈഡ് വാൾ കെട്ടി ബണ്ടിനെ ഉറപ്പിക്കുക
* പാഞ്ചിക്കാട് മുതൽ കാലുംമുഖം വരെയുള്ള തോടിന്റെ ഇരുഭാഗത്തും ബണ്ട് നിർമ്മിക്കുക.
* കടവിള, ചില്ലിൻവിള, വാഴവിള, പന്നിച്ചാത്തി, മൂലൈതോട്ടം ഭാഗങ്ങളിൽ പുതിയ കിണറുകളും പമ്പു സെറ്റുകളും നിർമ്മിച്ച് കൃഷിക്കായി ഉപയോഗപ്പെടുത്തുക.
* നെയ്യാറിൽ നിന്ന് പമ്പ് ചെയ്ത് കഞ്ചാംപഴിഞ്ഞിയിൽ കൃഷിക്കായി വെള്ളം എത്തിക്കുക.
* കാഡ സബ്ചാനൽ ആലുംമൂടിൽ നിന്നും പാൽകൂട്ടം വരെ കെട്ടുക.
* തിരുപുറം പഞ്ചായത്തിലെ കുളങ്ങൾ പുനരുദ്ധാരണ പണികൾ നടത്തി കൃഷിക്ക് യോഗ്യമാക്കി തീർക്കുക.
* കാർഷിക ആവശ്യത്തിനുള്ള പമ്പു സെറ്റുകൾ അപേക്ഷ ലഭിക്കുന്ന മുറക്ക് കാലതാമസം കൂടാതെ അനുവദിക്കുക.
* കിഴക്കുമുറി മുതൽ കള്ളകുളം വരെയുള്ള ചാനൽ ഓടകെട്ടിവൃത്തിയാക്കുക.
* കള്ളകുളത്തിനോട് ചേർന്ന് ഒരു പബ്ലിക് പമ്പുഹൗസ് സ്ഥാപിക്കുക.
* കാഡാ പദ്ധതി തിരുപുറം ഏലാ വരെ എത്തിക്കുക
* FACT യുടെ ഒരു ഡിപ്പോ പഞ്ചായത്തിൽ സ്ഥാപിക്കുക.
* പഞ്ചായത്തിൽ ഒരു കാർഷിക വിപണന കേന്ദ്രം സ്ഥാപിക്കുക.
* പഞ്ചായത്തിൽ കുഴൽ കിണറുകൾ സ്ഥാപിച്ച് ജലസേചനത്തിന് സൗകര്യമുണ്ടാക്കുക.
* കുട്ടനിന്നതിൽ വാർഡിൽ കാഡ പദ്ധതി വിപുലമാക്കുക
* കുട്ടനിന്നതിൽ വാർഡിൽ കൃഷി ഓഫീസിന്റെ ഒരു സബ്ഓഫീസ് സ്ഥാപിക്കുക
* MWS - പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കിണറുകൾ കുട്ട നിന്നതിൽ വാർഡിൽ നിർമ്മിക്കുക.
* കൃഷി പരിശോധനയ്ക്കും മൂല്യ നിർണ്ണയിത്തിനും KGT, MGT പാസ്സായവരുടെ സേവനം ഉപയോഗപ്പെടുത്തുക.

**പണിയില്ലാപ്പട പെരുകും നാടിനു മോചനമില്ലെന്നറിയുക നാം**
**പണിയെത്തിക്കൂ കൈകളിലെല്ലാം പട്ടിണിയില്ലാതാവട്ടെ**

# മൃഗസംരക്ഷണവും മത്സ്യ ബന്ധനവും

## എ. മൃഗസംരക്ഷണം

മൃഗസംരക്ഷണരംഗത്ത് വളരെയധികം വികസനസാദ്ധ്യതകളുള്ള പഞ്ചായത്തുകളിൽ ഒന്നാണ് തിരുപുറം. പശു, എരുമ, ആട്, മുയൽ പന്നി, കോഴി താറാവ് എന്നിവയാണ് ഈ ഗ്രാമത്തിലെ മൃഗസമ്പത്ത്.

പോഷക പ്രാധാനമായ പാൽ, മുട്ട, മാംസം എന്നിവയുടെ ആവശ്യം വർദ്ധിച്ചുവരുന്ന സാഹചര്യമാണ് ഇന്നുള്ളത്. എന്നാൽ ആഭ്യന്തര ഉല്പാദനം കുറവാണ്.

കൃഷി ഇടങ്ങളിൽ അശാസ്ത്രീയമായ രാസവള പ്രയോഗത്തിനു പകരം ജൈവ വളം ഉപയോഗിക്കുന്ന സമ്പ്രദായം പ്രോത്സാഹിപ്പിക്കണം. ഇപ്പോഴും നിലം ഉഴുന്നതിനും ഭാരം വലിക്കുന്നതിനും ഉള്ള ഒരു പ്രധാന ആശ്രയം മൃഗശക്തിതന്നെയാണ്. വൈദ്യുതി ഇന്ധന ലാഭം ഉണ്ടാക്കാൻ ബയോഗ്യാസ് ഒരു ഊർജ്ജ സ്രോതസായി വളർത്തി എടുക്കണം.

ഗ്രാമ ജനതയുടെ സാമ്പത്തിക ഉന്നമനത്തിന് ഉതകുന്ന ഒരു പ്രധാന മേഖലയാണ് മൃഗ സമ്പത്ത്. ഇതിന്റെ വികസനം ജനതയുടെ സാമ്പത്തികവും ആരോഗ്യപരവുമായ മേഖലകളിലെ വളർച്ചയെ സഹായിക്കുന്നതാണ്.

ശുദ്ധമായ മാംസവും മുട്ടയും പാലും സുലഭമായി നമുക്ക് ലഭിക്കുന്നില്ല. അഭ്യന്തര പാൽ ഉല്പാദനം ഗണ്യമായി വർദ്ധിപ്പിച്ചില്ലെങ്കിൽ പാലിനും പാൽ ഉല്പന്നങ്ങൾക്കും മറ്റ് സംസ്ഥാനങ്ങളെ നമുക്ക് ഇനിയും ആശ്രയിക്കേണ്ടിവരും. ഇതുതന്നെയാണ് മാംസത്തിന്റെയും മുട്ടയുടെയും സ്ഥിതി.

പാൽ ഉല്പാദകർക്ക് ഇന്നു ലഭിക്കുന്നവില ഉല്പാദനചെലവിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ തുലോം തുച്ഛമാണ്. ഇത് പരിഹരിക്കുന്നതിനു വേണ്ടിയുള്ള നടപടിസ്വീകരിക്കണം.

സങ്കര ഇനം പശുക്കളെ വളർത്തി എടുക്കുന്നതിലുണ്ടായ വിജയം കാലിതീറ്റ ഉൽപാദനരംഗത്ത് ഉണ്ടായില്ല. സ്വന്തമായി കാലിതീറ്റ ഉണ്ടാക്കുന്നതിനുള്ളള പരിശീലനം നൽകണം. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കാലിതീറ്റ നിർമ്മാണ കേന്ദ്രം സ്ഥാപിക്കുന്നത് ഈ മേഖലയിൽ ഗുണകരമായി തീരും. ഇത് സഹകരണമേഖലയിലായാലും മതിയാകും.

### പ്രശ്നങ്ങളും പരിഹാര മാർഗ്ഗവും

* നല്ലയിനം കന്നുകാലികളെ കർഷകർക്ക് നൽകുക.
* പോഷക മൂല്യങ്ങൾ അടങ്ങിയ കാലിത്തീറ്റ ലഭ്യത മിതമായ വിലയ്ക്ക് ഉറപ്പു വരുത്തുക.
* മൃഗ കൃഷിക്കാർക്ക് ആവശ്യമായ ലോണും ഗ്രാന്റും നൽകുക.
* സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാവർക്കും സൗജന്യമായി കന്നുകാലികളും സബ്സിഡിയോടു കൂടിയ തീറ്റയും നൽകുക
* കന്നുകാലികൾക്കാവശ്യമായ വൈദ്യസഹായങ്ങൾ സൗജന്യമായി നൽകുക.

* കന്നുകാലികളെ രോഗത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി പ്രാദേശിക തലത്തിൽ മൃഗാശുപത്രിയുടെ സബ്സെന്റർ സ്ഥാപിച്ച് പ്രവർത്തനം വിപുലപ്പെടുത്തുക.
* കന്നുകാലി കൃഷിക്കാർക്ക് ബോധവൽകരണ ക്യാമ്പുകൾ സംഘടിപ്പിക്കണം,
* മുട്ടയ്ക്കും ഇറച്ചിയ്ക്കും വേണ്ടിയുള്ള കോഴി കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുക. കുറഞ്ഞത് ഒരു വാർഡിൽ 100 കുടുംബങ്ങൾക്കെങ്കിലും 25 കോഴികുഞ്ഞുങ്ങൾ വീതം ഉറപ്പു വരുത്തുക.
* കന്നുക്കുട്ടി പരിപാലന സ്കീം പഞ്ചായത്തിലുടനീളം വ്യാപകമാക്കുക. മൂന്നുമാസത്തിലൊരിക്കലെങ്കിലും കന്നുകുട്ടികളെ പരിശോധിച്ച് തീറ്റ നൽകുന്നതിനുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തുക.
* പഞ്ചായത്തടിസ്ഥാനത്തിൽ വർഷം തോറും കന്നുകാലിപ്രദർശന മത്സരം സംഘടിപ്പിക്കുക.
* വീട്ടു നായ്കളെയും തെരുവു നായ്കളെയും പേവിഷബാധയിൽ നിന്ന് സംരക്ഷിക്കാൻ ആവശ്യമായ പ്രതിരോധ കുത്തി വയ്പ്പുകൾ നടത്തുക.
* മുള്ളുവിള കേന്ദ്രമാക്കി ഒരു പാൽ സൊസൈറ്റി സ്ഥാപിക്കുക.
* ഇരുവൈക്കോണത്ത് നിലവിലുള്ള ICDP സബ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിച്ച് മൃഗാശുപത്രിയായി ഉയർത്തുക.
* തീറ്റപുല്ല് വളർത്തൽ വ്യാപകമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.
* ഓരോ വാർഡിലും കുറഞ്ഞത് 100 ഡയറി യൂണിറ്റുകളെങ്കിലും സ്ഥാപിക്കുക.
* മുലൈതോട്ടം കേന്ദ്രമാക്കി ഒരു പാൽ സൊസൈറ്റി രൂപികരിക്കുക.
* സഹകരണ മേഖലയിൽ ഒരു കോഴി വളർത്തൽ കേന്ദ്രം മുലൈതോട്ടത്ത് ആരംഭിക്കുക.
* ഒരു മാതൃക ആടുവളർത്തൽ കേന്ദ്രം, തിരുപുറം വാർഡിൽ സ്ഥാപിക്കുക.
* പുത്തൻകട വാർഡിൽ നിലവിലുള്ള മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് നിലനിർത്തുക.
* പുറുത്തിവിള കേന്ദ്രമാക്കി ഒരു കോഴി വളർത്തൽ കേന്ദ്രം സ്ഥാപിക്കുക.
* പുറുത്തി വിള കേന്ദ്രമാക്കി ഒരു പാൽ സൊസൈറ്റി സ്ഥാപിക്കുക.
* ഒരു ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രയിനിംഗ് സെന്റർ പഞ്ചായത്തിൽ അനുവദിക്കുക.
* പുത്തൻകട കേന്ദ്രമാക്കി ഒരു മിൽമാ ബൂത്ത് അനുവദിക്കുക.
* കന്നുകാലികൾക്കുണ്ടാകുന്ന അസുഖങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടി ഡിഡീസ് ഫ്രീ സോണിന്റെ ഒരു ഓഫീസ് പുറുത്തി വിള വാർഡിൽ അനുവദിക്കുക.
* തിരുപുറം പഞ്ചായത്തിൽ ഒരു വെറ്റിനറി കോളേജ് അനുവദിക്കുക.
* പരണിയത്ത് മൃഗാശുപത്രിയുടെ ഒരു സബ്സെന്റർ ആരംഭിക്കുക

* കുട്ടനിന്നതിൽ വാർഡിൽ ഒരു പാൽ സൊസൈറ്റി സ്ഥാപിക്കുക.
* കുട്ടനിന്നതിൽ വാർഡിൽ നിർധനരായ 75 കുടുംബങ്ങൾക്ക് പന്നി വളർത്തലിന് ധന സഹായം നൽകുക.
* പഞ്ചായത്തിലെ കുളങ്ങളുടെയും ബണ്ടുകളുടെയും വശങ്ങളിൽ പുൽകൃഷി ചെയ്യണം. അവയിൽ നിന്നും കാലി തീറ്റ ലഭ്യമാകും. മണ്ണൊലിപ്പ് തടയുന്നതിനും സാധിക്കും.
* സംഘങ്ങളിൽ നിന്നും ശേഖരിക്കുന്ന പാലിൽ ചെറിയതൊരു വിഹിതം അംഗനവാടി, ബാലവാടി എന്നിവിടങ്ങളിലെ കുഞ്ഞുങ്ങൾക്ക് സൗജന്യമായി നൽകാൻ പദ്ധതി തയാറാക്കണം.
* കന്നുകാലികളെ മുഴുവൻ ഇൻഷുറൻസ് , സ്കീമിൽ ഉൾപ്പെടുത്തുക. ഇതിനാവശ്യമായ തുക സർക്കാരിൽനിന്നും സൗജന്യമായി നൽകുക.

പട്ടിക - 1

**രോഗവിവരങ്ങൾ**

| നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പട്ടി | കോഴി |
|---|---|---|---|---|---|---|
| 1. | ദഹനസംബന്ധമായ | 301 | 119 | 29 | 45 | 54 |
| 2. | ശ്വാസ കോശ സംബന്ധമായ | 297 | 123 | 41 | - | 701 |
| 3. | ഉപാപചയ സംബന്ധമായ | 79 | 73 | 42 | - | - |
| 4. | ത്വക്ക് രോഗങ്ങൾ | 98 | 12 | 71 | 127 | - |
| 5. | ധാതു ലവണ അഭാവം | 21 | 71 | - | - | - |
| 6. | പരാത രോഗങ്ങൾ | 42 | 43 | 55 | 41 | - |
| 7. | പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടത്. | 237 | 22 | 51 | 11 | - |
| 8. | വന്ധ്യത | 447 | 24 | 101 | 42 | - |
| 9. | അകിട് വീക്കം | 252 | 21 | 124 | - | |
| 10. | മുടന്തൻ പനി | 424 | 147 | 153 | - | - |
| 11. | പകർച്ച വ്യാധികൾ | 683 | 402 | 65 | 8 | - |

പട്ടിക 2

## വളർത്തു മൃഗ പക്ഷി സംഖ്യ


| കാളസങ്കരം | | പശുസങ്കരം | | എരുമ | | ആട് | പട്ടി | മുയൽ | കോഴി | | താറാവ് | |
|---|---|---|---|---|---|---|---|---|---|---|---|---|
| വംശ-വർദ്ധനവ് | മറ്റുള്ളവ | കറവ്-ഉള്ളത് | ഇല്ലാത്തത് | കറവ ഉള്ളത് | ഇല്ലാത്തത് | | | | പൂവൻ | പിട | പൂവൻ | പിട |
| 12 | 7 | 943 | 646 | 231 | 99 | 1824 | 1182 | 2 | 3041 | 17487 | 66 | 57 |

പട്ടിക - 3

## കൃത്രിമബീജസങ്കലനവിവരങ്ങൾ

| വളർത്തുമൃഗം | ആകെഎണ്ണം | കൃത്രിമബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടില ധികം ബിജസങ്കലനം വേണ്ടിവന്നവ. |
|---|---|---|---|
| പശു | 584 | 550 | 34 |
| കിടാരി | 250 | 134 | 66 |
| എരുമ | 48 | | |

### ബി. മത്സ്യ ബന്ധനം



നമ്മുടെ ആഹാരത്തിൽ മത്സ്യത്തിന്റെ പ്രധാന്യം വർദ്ധിച്ചു വരുകയാണ്. മത്സ്യം എളുപ്പത്തിൽ ദഹിക്കുന്ന മാംസാഹാരമാണ്.

നമ്മുടെ പഞ്ചായത്തിൽ സമുദ്ര മത്സ്യ സമ്പത്ത് ഇല്ല. ശുദ്ധജല മത്സ്യ കൃഷി മാത്രമേ സാദ്ധ്യമാവു. ഏഴ് കുളങ്ങൾ കൊണ്ട് സമ്പന്നമാണ് നാം. എന്നാൽ ശുദ്ധജലമത്സ്യ കൃഷിയുടെ പ്രയോജനം നമ്മുടെ ഗ്രാമത്തിലെ ജനങ്ങൾക്ക് ഇതേവരെ ബോദ്ധ്യമായിട്ടില്ല. ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി ശുദ്ധജല മത്സ്യ സമ്പത്ത് വികസിപ്പിച്ചെടുക്കണം. ഇത് പഞ്ചായത്തിന്റെ ആദായം വർദ്ധിപ്പിക്കുകയും മത്സ്യത്തിന്റെ ലഭ്യത കൂട്ടുകയും ചെയ്യും.

* സ്വകാര്യ വ്യക്തികൾക്ക് ശുദ്ധജല മത്സ്യ കൃഷി ചെയ്യുന്നതിന് സാങ്കേതിക പരിജ്ഞാനവും സാമ്പത്തിക സഹായവും നൽക്കുക.
* ഇതിനാവശ്യമായ മത്സ്യ കുഞ്ഞുങ്ങളും തീറ്റയും സൗജന്യമായി വിതരണം ചെയ്യുക.
* മത്സ്യ വിപണന രംഗത്തെ ഭവനരഹിതരായ തൊഴിലാളികൾക്ക് ഭവനം നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുക.

# വ്യവസായം

ഗാന്ധിജി സ്വപ്നം കണ്ട സ്വാശ്രയ ഗ്രാമങ്ങൾ പ്രാഥമിക മേഖല യായ കൃഷിയോടൊപ്പം വ്യവസായ ത്തിന് വൻ പ്രധാന്യമുണ്ട്. പരമ്പരാഗ തവ്യവസായങ്ങളായ കൈത്തറി, പർപ്പടക നിർമ്മാണം, പനയോല വ്യവ സായം എന്നിവ നമ്മുടെ പഞ്ചായത്തി ലുണ്ട്. ചെറുകിട വ്യവസായങ്ങൾ, ആധുനീകവ്യവസായങ്ങൾ, വൻകിട വ്യവസായങ്ങൾ എന്നിവ നമ്മുടെ മാത്രമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്.

എന്നാൽ പഞ്ചായത്ത് മേഖല യിലെ മാനുഷികശേഷിയും വിഭവശേ ഷിയും പൂർണ്ണമായി പ്രയോജനപ്പെടു ത്താൻ കഴിയുന്ന പരമ്പരാഗതവും ആധുനീകവുമായ വ്യവസായ സാദ്ധ്യ തകളുണ്ട്.

പല വ്യവസായയൂണിറ്റുകളും തുട ങ്ങാമെങ്കിലും സാമ്പത്തികപ്രശ്നവും



പഞ്ചായത്തിലില്ല.

ഒൻപത് ഇഷ്ടിക നിർമ്മാണ യൂണിറ്റുകളും എട്ട് ഇലക്ട്രിക്കൽ വർക്സ് യൂണിറ്റുകളും ഒരുഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റും നാല് ഓയിൽ മില്ലുകളും ഏഴ് റൈസ് ആന്റ് ഫ്ളവർ മില്ലുകളും രണ്ട് സാമില്ലുകളും

ഭൗതീക സാഹചര്യങ്ങളും തുലോം തുച്ഛമാണ്.

തൊഴിലിനുവേണ്ടിയുള്ള പരിശീ ലനവും ബാങ്ക് മുഖേനയുള്ള ധനസ ഹായവും വ്യവസായ മേഖലയെ പരി പോഷിപ്പിക്കുവാനും വ്യവസായ വളർച്ച ത്വരിതപ്പെടുത്തുവാനും സാധിക്കും.

## തിരുപുറം ഗ്രാമ പഞ്ചായത്തിലെ വ്യവസായസ്ഥാപനങ്ങൾ

| | | |
|---|---|---|
| ഇഷ്ടിക നിർമ്മാണം | - | 9 |
| ഇലക്ട്രിക്കൽ വർക്സ് | - | 8 |
| ഹോളോ ബ്രിക്സ് നിർമ്മാണം | - | 1 |
| ഓയിൽമിൽ | - | 4 |
| റൈസ് ആന്റ് ഫ്ളവർമിൽ | - | 7 |
| സാമിൽ | - | 2 |

തിരുപുറം ഗ്രാമപഞ്ചായത്തിൽ ആധുനീക രീതിയിലുള്ള പവർലൂം ആരംഭിക്കുക

കൊപ്രാസംസ്ക്കരണ കേന്ദ്രം സ്ഥാപിക്കുക.

തൊണ്ടു സംസ്കരണ യൂണിറ്റ് സ്ഥാപിക്കുക.

കോഴിക്കുഞ്ഞ് ഉല്പാദന കേന്ദ്രം സ്ഥാപിക്കുക

പഞ്ചായത്തിലെ പാല് ശേഖരിച്ച് സംസ്ക്കരിച്ച് വിതരണം ചെയ്യുന്നതിന് ഒരു യൂണിറ്റ് സ്ഥാപിക്കുക.

പൗൾട്രിഫാം സ്ഥാപിക്കുക

പുത്തൻകട വാർഡിലും തിരുപുറം വാർഡിലും ഓരോ ആട് വളർത്തൽ കേന്ദ്രം സ്ഥാപിക്കുക.

ഒരു സോപ്പ് നിർമ്മാണ ഫാക്ടറി സ്ഥാപിക്കുക

മൂലൈതോട്ടം വാർഡിൽ ഒരു അലുമിനിയം ഫാക്ടറി സ്ഥാപിക്കുക.

കഞ്ചാംപഴിഞ്ഞിയിൽ സഹകരണമേഖലയിൽ ഒരു ഇഷ്ടിക നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

പുത്തൻകടയിൽ സഹകരണ മേഖലയിൽ ഒരു തീപ്പെട്ടി കമ്പനി ആരംഭിക്കുക

ഒന്നോ രണ്ടോ വാർഡുകൾ കേന്ദ്രമാക്കി ചോക്ക് നിർമ്മാണയൂണിറ്റും മെഴുകുതിരി നിർമ്മാണ യൂണിറ്റും റെഡിമെയ്ഡ് ഗാർമെൻസ് യൂണിറ്റും സഹകരണ മേഖലയിൽ തുടങ്ങുക.

പഴയകട വാർഡിൽ കുമിളിയിൽ ഒരു റെഡിമെയ്ഡ് ഗാർമെന്റ്സ് കേന്ദ്രം ഉണ്ടാക്കുക.

പഴയകട വാർഡിൽ ഒരു സോപ്പ് നിർമ്മാണശാല സ്ഥാപിക്കുക.

ഇരുവൈക്കോണം വാർഡിൽ ചെറുകിട വ്യവസായങ്ങൾക്ക് വൈദ്യുതി എത്തിക്കുക.

മൂലൈതോട്ടം വാർഡിൽ ഒരു പാല് സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുക.

ഓരോ വാർഡിലും കോഴിവളർത്തൽ കേന്ദ്രം സ്ഥാപിക്കുക.

തിരുപുറം ഗ്രാമപഞ്ചായത്തിൽ ഒരു ആണിനട്ട് ബോൾട്ട് വ്യവസായശാല സ്ഥാപിക്കുക.

അപ്ഹോൾസ്റ്റി വർക്സ് യൂണിറ്റ് സ്ഥാപിക്കുക.

പോഷകമൂല്യം കുറഞ്ഞ വൈക്കോലിനെ യൂറിയ ചേർത്ത് പോഷക പ്രധാനമുള്ള കാലിതീറ്റയാക്കി മാറ്റുന്ന പദ്ധതി നടപ്പിലാക്കുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുക.

# ഊർജ്ജവും ഗതാഗതവും

## എ. ഊർജ്ജം

ഏറ്റവും കൂടുതൽ ഊർജ്ജപ്രതിസന്ധി നേരിടുന്ന ഒരു സംസ്ഥാനമാണ് കേരളം. അതിന്റെ ഭാഗമായ പ്രശ്നങ്ങൾ നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്. നമുക്ക് വൈദ്യുതി ലഭിക്കുന്നത് പാറശ്ശാല, നെയ്യാറ്റിൻകര എന്നീ സബ്സ്റ്റേഷനുകളിൽ നിന്നാണ്. മൊത്തം ചെലവാകുന്ന വൈദ്യുതിയുടെ 80 ശതമാനവും ഗാർഹികാവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 12 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നിശ്ചിത ശേഷിയെക്കാൾ ലോഡ് വഹിക്കേണ്ടിവരുന്നതിനാൽ വോൾട്ടേജ് ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.

വിറകിന്റെ വില വർദ്ധനയും, ദൗർലഭ്യവും മൂലം ജനങ്ങൾ പാചക വാതകത്തെ അധികമായി ആശ്രയിക്കുന്നു. മുമ്പ് സർക്കാർ ഉടമസ്ഥതയിലുള്ള പാചകവാതക ഏജൻസികൾ മാത്രമുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് സ്വകാര്യ മേഖലയിലെ ഏജൻസികളും പ്രവർത്തിക്കുന്നു. ഊർജ്ജമേഖലയിലെ ഏജൻസികളും പ്രവർത്തിക്കുന്നു. ഊർജ്ജ നഷ്ടം ഒഴിവാക്കുന്ന തരത്തിലുള്ള പരിഷത്ത് അടുപ്പുകളുടെ ഉപയോഗം ഇനിയും കാര്യക്ഷമമായി വർദ്ധിപ്പിച്ചിട്ടില്ല. പരിഷത്ത്അടുപ്പുകളുടെ പ്രയോജനം ജനങ്ങളെ ബോധ്യപ്പെടുത്തി കൂടുതൽ വ്യാപകമാക്കണം. ബയോഗ്യാസ് പ്ലാന്റുകൾ കൂടുതൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കണം. തിരുപുറം ഗ്രാമപഞ്ചായത്തിനെ പുകവിമുക്ത ഗ്രാമമാക്കി മാറ്റാൻ കഴിയുന്ന പരിപാടികൾ സംഘടിപ്പിക്കണം.

പാരമ്പര്യേതര ഊർജ്ജ വകുപ്പിന്റെ (അനർട്ട്) സേവനം നമ്മൾ പ്രയോജനപ്പെടുത്തിയാൽ ഊർജ്ജമേഖലയിൽ ഒരു പരിധിവരെ സ്വയം പര്യാപ്തത നേടുവാൻ കഴിയും. നാം പാഴാക്കി കളയുന്ന സൗരോർജ്ജം നമുക്ക് പ്രകാശമായും, ഇന്ധനമായും ഉപയോഗിക്കാനും ഊർജ്ജ നഷ്ടം ഉണ്ടാകാതിരിക്കാൻ ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളും വർദ്ധിച്ചുവരുന്ന ഊർജ്ജപ്രതിസന്ധിക്ക് പരിഹാരം കാണാനും കഴിയും. പ്രധാന കവലകളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കണം.

തിരുപുറം ഗ്രാമപഞ്ചായത്തിലൂടെ നീളം പഞ്ചായത്തിൽ നിന്ന് സൗജന്യമായി വയറിംഗ് ചെയ്തിരിക്കുന്ന വീടുകൾക്ക് കണക്ഷൻ അടിയന്തിരമായി നൽകുക.

തിരുപുറം ഗ്രാമപഞ്ചായത്ത് പൂർണ്ണമായും വൈദ്യുതീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് എല്ലാവീടുകളും പഞ്ചായത്തിൽ നിന്നും വയറിംഗ് ചെയ്യുകയും വൈദ്യുതിബോർഡിൽ നിന്നും കണക്ഷൻ നൽകുന്നതിന് നടപടി കൈക്കൊള്ളുകയും ചെയ്യുക.

തിരുപുറം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക് എത്താത്ത മേഖലകളിൽ ലൈൻ എത്തിച്ച് തെരുവ് വിളക്ക് സ്ഥാപിക്കുക.

പ്രധാനപ്പെട്ട കലവകളിൽ ഫ്ളൂറസന്റ് ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.

തിരുപുറം അരുമാനൂർക്കട, കഞ്ചാംപഴിഞ്ഞി, മുള്ളുവിള, ബ്യൂറോ ജംഗ്ഷൻ, മാങ്കൂട്ടം പരണിയം PHC നട,

ഇരുവൈക്കോണം എന്നിവിടങ്ങലിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

തിരുപുറം പഞ്ചായത്തിലെ ഹരിജൻ കോളനികളിൽ സൗരോർജ്ജ ടി. വി. യും പാനലും സ്ഥാപിക്കുക.

## ബി. ഗതാഗതം

തിരുപുറം പഞ്ചായത്തിലെ ഗതാഗതസൗകര്യങ്ങളിൽ പ്രധാനമായത് റോഡുഗതാഗതം തന്നെയാണ്. എന്നാൽ മാവിളക്കടവുമുതൽ തണ്ടളം വരെയുള്ള ഭാഗത്ത് നെയ്യാറിൽകൂടി വള്ളത്തിൽ യാത്രചെയ്യാനുള്ള സൗകര്യവുമുണ്ട്. റോഡുഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിലേക്കായി നിലവിൽ ഉള്ള റോഡുകൾ കൂടുതൽ ഗതാഗതയോഗ്യമാക്കേണ്ടതാണ്. ഇതിലേക്കായി ടാർ ഇട്ട റോഡുകളുടെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ ചെയ്യേണ്ടതും, വീതി കുറഞ്ഞ റോഡുകൾ വീതികൂട്ടേണ്ടതും, റോഡിന്റെ രണ്ടുവശവും ഓടകെട്ടേണ്ടതും ആണ്. ആവശ്യമായ സ്ഥലങ്ങളിൽ പുതുതായി റോഡുകൾ നിർമ്മിച്ചും യാത്രാസൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്.

### ടാറിട്ട P.W.D റോഡുകൾ

മാവിളക്കടവുമുതൽ മണ്ണക്കൽ വരേയും (3km)

പൂവൻവിളമുതൽ പട്ട്യക്കാല വരേയും (3 km)

പട്ട്യക്കാലമുതൽ പരണിയാം വരേയും (2.5 km)

പഴയകടമുതൽ മനവേലി വരേയും (2 km) ഉള്ളതാണ്.

### പഞ്ചായത്തിലെ ടാറിട്ട റോഡുകൾ

മനവേലി - ഇരുവൈക്കോണം തോട്ടം റോഡ്-3.5km

ആനമരംവലിച്ച - കുഴിവിള റോഡ് - 0.3 km

മൂലവിള - കാഞ്ഞിരംനിന്ന റോഡ് 0.365km

ഇരുവൈക്കോണം - മാങ്കുളം - കുമിളി പുത്തൻ കടറോഡ് - 1.750km

ഇരുവൈക്കോണം - നെടിയവിള - പറയൻവിള - കോളനിറോഡ് - 0.6km

പുത്തൻകട - ഗ്രാമക്കോണം കാലും മുഖം റോഡ് - 0.170 km

പഴയകട - പാഞ്ചിക്കാട്ടുകടവ് റോഡ് - 0.480 km

കടവിള - കുറുമണൽ റോഡ് -0.650km

കക്കാട് - ആറാട്ടുകടവ്റോഡ് 0.650km

കുറ്റിക്കാട് - ഏലാമുടുമ്പുനട റോഡ്-0.180 km

മുറുകച്ചാൽ - പാലം തലയ്ക്കൽ റോഡ് - 0.200km

അരുമാനൂർകട - മാങ്കൂട്ടം റോഡ് - 1.250 km

അരുമാനൂർകട പ്ലാന്തോട്ടം റോഡ് - 1.590 km

തിരുപുറം കാവുനട - കൊല്ലപ്പഴഞ്ഞി ഏലാ റോഡ് - 0.400 km

തുളിപ്പഴിഞ്ഞി - പുളിമൂട് ഏലാ റോഡ് - 0.5km

താന്നിനിന്ന -കാരയ്ക്കാവിള റോഡ് - 0.5 km

പരണിയം പഴവിള എട്ടുകുറ്റി റോഡ് - 2 km

പുറുത്തിവിള - മാങ്കൂട്ടം റോഡ് - 0.950 km

എട്ടുകുറ്റി - പനനിന്നറോഡ് - 0.570 km

പുത്തൻകട-പുലവങ്ങൽ ലക്ഷം വീട് റോഡ് - 1.250 km

ആറുമുളാവ് - പഴവിള റോഡ് - 0.2 km

മേൽപറഞ്ഞവയാണ് തിരുപുറം പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ

## പഞ്ചായത്തിലെ ടാർ ചെയ്യേണ്ട റോഡുകൾ

ആനമരം വലിച്ച - മുള്ളുവിള റോഡ് - 500 m

നെല്ലിക്കാക്കുഴി - കാഞ്ഞിരനിന്ന - മൂലവിള റോഡ് - 485m

പുറുത്തിവിള - കുഴിവിള റോഡ് - 750 m

മുള്ളുവിള കുറ്റിത്താന്നി - ചാനൽകര റോഡ് - 500 m

മുള്ളുവിള - മൂലവിള റോഡ് - 500m

കാഞ്ഞിരനിന്ന - ഗ്രാമംവിള റോഡ് - 240 m

പ്ലാവുനിന്ന - കുഴിവിള റോഡ് - 300m

മുള്ളുവിള - കുഴിവിളറോഡ് - 500 m

നെടിയവിള - കുമിളി ലക്ഷം വീട് റോഡ് - 220 m

മണ്ണാംവിളാകം - നുള്ളിയോട് ഹരിജൻ കോളനി റോഡ് - 750 m

മേലേ നുള്ളിയോട് കീഴേ നുള്ളിയോട് എലാ ബണ്ട് റോഡ് – 200 m

ഇരുവൈക്കോണം - നുള്ളിയോട് - കാലുംമുഖം കുരിശ്ശടിനട ബണ്ടു റോഡ് - 1km

ഇരുവൈക്കോണം - മുടിപ്പുര റോഡ് - 70 m

മാങ്കുളം യുവദർശിനി - ഹരിജൻ സെറ്റിൽമെന്റ് റോഡ് - 550 m

പറയൻ വിള - ഇളവൽവിള റോഡ് - ചാനൽകര റോഡ് - 400 m

കുഴിവിള - പറയൻവിള റോഡ് - 350 m

അടിക്കലം - മണ്ണാം വിളാകം ഏലാബണ്ടുറോഡ് - 400 m

നെടിയവിള - പട്ടിവിള ഹരിജൻ സെറ്റിൽമെന്റ് റോഡ് - 300 m

ഇരുവൈക്കോണം - ഹരിജൻ സെറ്റിൽമെന്റ് റോഡ് - 200 m

## ഇനി ടാറിടേണ്ട റോഡുകൾ

മുടന്താന്നി - മണ്ണക്കൽ - ചെക്കാവിള റോഡ് - 500m

പൂവൻവിള - തണ്ടളം കടവ് റോഡ് - 250 m

പൂവൻവിള - മൂലൈത്തോട്ടം റോഡ് - 250 m

കാലുംമുഖം കുരിശ്ശടിനട - മൂലൈത്തോട്ടം റോഡ് -300m

മണ്ണക്കൽ താഴയ്ക്കാമണ്ണടി - പന്നിച്ചാർത്ത് ബണ്ടു റോഡ് - 900m

പാഞ്ചിക്കാട്ടുവിള-കുറുമണൽ ബണ്ടു റോഡ് -1300 m

മണ്ണക്കൽ വാഴവിള - കാട്ടുവിളക്കടവ് റോഡ് - 750 m

ചായ്പുറം - താഴയ്ക്കാമണ്ണടി റോഡ് - 200 m

മലഞ്ചരിവ് - കടവിളറോഡ് - 600 m

കശവൻവിള - പെരുമാവിള റോഡും - ഈ റോഡിൽ നിന്നും കശവൻവിള വീടുവരെയുള്ള റോഡും - 300 m

മുറുകച്ചാൽ - പാലം തലയ്ക്കൽ റോഡ് - 450 m

തിരുത്തറ - കൊല്ലപ്പഴഞ്ഞി റോഡ് -400 m

ആണ്ടിക്കുടി - പൂമുഖത്തു റോഡ് - 120 m

തിരുത്തറ - തുണ്ടത്തുവിളറോഡ് - 100 m

ഊറ്റുവിള ക്ഷേത്രനടറോഡ് - 230 m

പള്ളിച്ചംമണ്ണടി - കുറുമണൽ റോഡ് - 250m

ആണ്ടിക്കുടി - പാൽക്കൂട്ടം കുളനട റോഡ് - 230 m

അഗരത്തുവിള - കാവുനടറോഡ് - 250 m

കുറ്റിക്കാട് - ആണ്ടിക്കുടി, കുഴിയംമണ്ണടി റോഡ് - 250m

പൊടുവൽ - ഉദിങ്കാട് ഹരിജൻ കോളനി - മാങ്കൂട്ടം റോഡ് - 750 m

തൂളിപ്പഴിഞ്ഞി - കാരയ്ക്കാവിള റോഡ് - 180m

തിരുപുറം കലുങ്കുനട - കരവായ്ത്തല റോഡ് - 300 m

മേവറം - പുനയ്ക്കാട് റോഡ് - 400m

അരുമാനൂർകട - ലക്ഷം വീട് ഹരിജൻ കോളനി റോഡ് - 300m

തിരുപുറം - സിറ്ററം റോഡ് - 150 m

അരുമാനൂർകട - വെളുത്തണ്ടുവിള - തിരുപുറം റോഡ് - 500 m
കഞ്ചാംപഴിഞ്ഞി H.S. റോഡ് - 350 m
കാരയ്ക്കാവിള - തിരുപുറം ഹരിജൻ കോളനി റോഡ് - 500m
പത്തനാവിള - ഹരിജൻ കോളനി റോഡ് - 550m
കൂട്ടനിന്നതിൽ - തവ്വാവിള - റോഡ് – 650m
പരണിയം - തേരിവിള - പത്തനാവിള - താന്നിനിന്ന- വാറുവിളറോഡ് - 1500 m
മുണ്ടുവിരാലി - ഒറ്റപ്പനവിളറോഡ് - 90 m
പഴവിള - കിണറുവെട്ടിയ ഒറ്റപ്പനവിള റോഡ് 300m
പത്തനാവിള - വരിയ്ക്കപ്ലാവിള റോഡ് - 500m
പഴവിള - കുഴിഞ്ഞാനിചാനൽകര റോഡ് - 550 m
ഇരട്ടയായണി - എട്ടുക്കുറ്റിറോഡ് - 600m
ചെറുകരി - കിഴക്കുമുറി റോഡ് - 200m
കാണവിള - മുള്ളുവിള റോഡ് - 300m
എട്ടുകുറ്റി - കുളത്തിൽ റോഡ് - 250 m
തേരി - മനവേലിറോഡ് - 250 m
ഇരട്ടയായണി - ഉണ്ണിമിശിഹാ ചർച്ച് റോഡ് 400 m

## P.W.D. ഏറ്റെടുക്കേണ്ട റോഡുകൾ

മനവേലി മുള്ളുവിള ഇരുവൈക്കോണം റോഡ്
പുറുത്തിവിള മാങ്കുട്ടം അരുമാനൂർക്കട റോഡ്
അരുമാനൂർക്കട പ്ലാന്തോട്ടം പുത്തൻകട റോഡ്
പരണിയം പഴവിള എട്ടുകുറ്റി കാഞ്ഞിരംകുളം റോഡ്
പുത്തൻകട കുമിളി മാങ്കുളം ഇരുവൈക്കോണം റോഡ്

## KSRTC ഓടുന്ന റോഡുകൾ

താഴെപറയുന്ന റോഡുകളിൽകൂടി KSRTC ബസ് സർവീസ് നടത്തുന്നുണ്ട്.

1. അരുമാനൂർ - പുത്തൻകട റോഡ്
2. അരുമാനൂർ - പുറുത്തിവിള റോഡ്
3. മനവേലി - ഇരുവൈക്കോണം റോഡ്
4. മുള്ളുവിള - ആനമരംവലിച്ച റോഡ്
5. പുത്തൻകട - കുമിളി - ഇരുവൈക്കോണം റോഡ്
6. പരണിയം - തവ്വാവിള - എട്ടുക്കുറ്റി റോഡ്

## ഗതാഗത സൗകര്യത്തിനായി പൂവ്വാർ ഈസ്റ്റ് ബ്രാഞ്ച് ചാനലിൽ പാലം നിർമ്മിക്കേണ്ട സ്ഥലങ്ങൾ

1. ഇളവൽ ജംഗ്ഷൻ
2. പ്ലാവുനിന്ന
3. ദർഭനിന്ന
4. കിഴക്കുംമുറി
5. അപ്പട്ടുവിള
6. മാങ്കൂട്ടം
7. കുഴിഞ്ഞാനി
8. പത്തനാവിള
9. ലഗ് മെമ്മോറിയൽ ചർച്ച്നട

നെയ്യാറിൽ പാഞ്ചിക്കാട് കടവിലും ആറാട്ട് കടവിലും കാട്ടുവിളക്കടവിലും ഓരോ ക്രോസ് വേ നിർമ്മിക്കുക.

## തിരുപുറം പഞ്ചായത്തിലെ റോഡുകൾ

| P.W.D. റോഡുകൾ | പഞ്ചായത്ത് ടാറിട്ട റോഡുകൾ | ഗ്രാവൽഡ് റോഡുകൾ | എർത്തേൻ റോഡുകൾ |
|---|---|---|---|
| 10.500 KM | 18KM | 6.125 KM | 26.740 KM |

# കുടിവെള്ളവും പൊതുജനാരോഗ്യവും

### എ. കുടിവെള്ളം

ജലസ്രോതസുകളുടെയും മഴലഭ്യതയുടെയും കാര്യത്തിൽ കേരളം നെയ്യാറുകൊണ്ട് സമ്പുഷ്ടമാണ്, നീരുറവകൾകൊണ്ട് സമ്പുഷ്ടമാണ് കുമിളിയും. ഇവ തിരുപുറം പഞ്ചായത്തിന്റെ ജലസ്രോതസുകളാണ്. എങ്കിലും



സമ്പന്നമാണെങ്കിലും ഇന്നു നാം ആഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നങ്ങളിനൊന്നാണ് കുടിവെള്ളം. ഈ പ്രശ്നം നമ്മുടെ പഞ്ചായത്തിനെയും സാരമായി ബാധിച്ചിട്ടുണ്ട്. തിരുപുറത്തിന്റെ കിഴക്കേഅതിർത്തി പഞ്ചായത്തിൽ ശുദ്ധജലക്ഷാമം രൂക്ഷമാണ്. കിണറുകളിൽ നിന്നുള്ള ജലവും നാം ഉപയോഗിക്കുന്നു. കാലാകാലങ്ങളായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വൈകല്യമാണ് ഇതിനുകാരണം. ഗ്രാമസഭകളിൽനിന്നും ഉയർന്നവന്ന

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ജനകീയആസൂത്രണപ്രസ്ഥാനത്തിലൂടെ നൂറുശതമാനം വിജയം കൈവരിയ്ക്കാമെന്ന് പ്രത്യാശിക്കാം.

1. ശാസ്താംകുളത്തോ, കുമിളിയിലോ പമ്പ്സ്ഥാപിച്ച് തവ്വാവിളയിലോ കൈവൻകാലയിലോ ടാങ്കുസ്ഥാപിച്ച് വെള്ളം സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.

2. ഇരുവൈക്കോണം കുളത്തിൽ പമ്പ് സ്ഥാപിച്ച് മുള്ളുവിളയിൽ ടാങ്ക് നിർമ്മിച്ച് ജലം സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.

3. കുമിളിശുദ്ധജലപദ്ധതിപ്രദേശം മുഴുവൻ ജലസംരക്ഷണ മേഖലയായി പ്രഖ്യാപിച്ച് ജലസ്രോതസുകൾക്ക് പ്രത്യേക സംരക്ഷണം നൽകി പുതിയ കിണറുകളും ഗ്യാലറികളും നിർമ്മിച്ച് വെള്ളം ശുദ്ധിചെയ്ത് മുഴുവൻ സമയവും ജലം വിതരണം ചെയ്യുന്നതിനുവേണ്ടി ശക്തി കൂടിയ മോട്ടാറുകൾ സ്ഥാപിച്ച് കുമിളിശുദ്ധജല പദ്ധതി വിപുലീകരിയ്ക്കുക.

4. കാവുകുളത്ത് കിണർ കുഴിച്ച് മാങ്കുട്ടത്ത് ടാങ്ക്കെട്ടി ജലം സംഭരിച്ച് പൈപ്പുലൈൻ ഇല്ലാത്തസ്ഥലങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുക.

5. മാങ്കുട്ടത്തുള്ള പൊതുകിണറിൽ പമ്പ്സൈറ്റ് സ്ഥാപിച്ച് സമീപപ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുക.

6. ആറുങ്കാവിലുള്ള പൊതുകിണറിൽ പമ്പ് സെറ്റ് സ്ഥാപിച്ച് പ്രാന്തപ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുക.

7. പഞ്ചായത്തിലുടനീളം ശുദ്ധജലം ലഭ്യമാക്കുന്നതിന് പുതിയ കിണർ കുഴിക്കാൻ 100% സാമ്പത്തിക സഹായം നൽകുക.

**താഴെപറയുന്ന സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എത്തിക്കുക**

പനനിന്ന എട്ടുക്കുറ്റി റോഡ്

ഇരട്ടയാണിപുലവങ്ങൽ റോഡ്

പുലവങ്ങൽ മാങ്കൂട്ടം റോഡ്

മനവേലിതേരിവിള റോഡ്

കാണവിളഎട്ടുക്കുറ്റി റോഡ്

മാംകൂട്ടം തവ്വാവിള റോഡ്

പുലവങ്ങൽ ലക്ഷം വീട്

കിഴക്കുംമുറി തൈകുട്ടം റോഡ്

മാംകൂട്ടം പ്ലാന്തോട്ടം റോഡ്

മേപുറം കുട്ടനിന്നതിൽ റോഡ്

ഭാസ്ക്കരൻനാടാർ മെമ്മോറിയൽ റോഡ്

പഴയ കട കാരക്കാവിള റോഡ്

കാരയ്ക്കാവിള തിരുപുറം റോഡ്

പന്നകുഴിക്കാല, കഞ്ചാം പഴിഞ്ഞി H.S.ആലുംമൂട് റോഡ് അരുമാനൂർക്കട സിറ്റാംറോഡ്

പരണിയം ചാനൽക്കര തുരപ്പൻ വിള റോഡ്

പുത്തൻ കടപോങ്ങ് ചാനൽക്കര റോഡ്

പത്തനാവിള R.C. ചർച്ച് ഹരിജൻ സെറ്റിൽമെന്റ് റോഡ്

പുത്തൻകടകുമിളിറോഡ്

പുത്തൻകട ദർഭനിന്ന പ്ലാവുനിന്ന റോഡ്

കുരിശ്ശടിനട തണ്ടതും റോഡ്

കാലും മുഖം ഓലത്താന്നി റോഡ്

പുത്തൻ കട കാഞ്ഞിരവിളാകം കാലും മുഖം റോഡ്

പഴയകട - CSI ചർച്ച് നട റോഡ്

### കിണർസ്ഥാപിക്കേണ്ട സ്ഥലങ്ങൾ

തിരുപുറം ഹരിജൻ കോളനി

ഉങ്കൊട് ഹരിജൻ കോളനി

കഞ്ചാം പഴിഞ്ഞി

ദർഭനിന്ന ഹരിജൻ കോളനി

പഴവിള

പുത്തൻകട

പത്താനവിള

കുഴിവിള

കാഞ്ഞിരവിളാകം

ഗ്രാമക്കോണം

വെള്ളമോടി

ചെറുകരി

പുറുത്തിവിള

മാംകൂട്ടം

ആരുമാനൂർക്കട

എട്ടുക്കുറ്റി

പ്ലാന്തോട്ടം

ആണ്ടിക്കുടി

വട്ടവിള

പഴയ G.I. പൈപ്പമാറ്റി P.V.C പൈപ്പുകൾ സ്ഥാപിക്കുക.

**പഞ്ചായത്തിലെജലസ്ത്രോതസ്സുകൾ**

| വാർഡ് നമ്പർ | ജലസേചന കിണറുകൾ | കുടിവെള്ള കിണറുകൾ | കുളം |
|---|---|---|---|
| I | - | - | |
| II | - | - | |
| III | - | - | |
| IV | - | - | 1 |
| V | - | - | 1 |
| VI | - | - | 3 |
| VII | - | - | 2 |
| VIII | - | - | |
| IX | - | - | |
| ആകെ | - | - | 7 |

## ബി. പൊതുജനാരോഗ്യം

ആരോഗ്യമെന്നാൽ ആശുപത്രി, ഡോക്ടർ, മരുന്ന് എന്ന വ്യവസ്ഥാപിത സങ്കല്പത്തിൽ നിന്നും പരിസരശുചിത്വം, ശുദ്ധജലം, പോഷകാഹാരം എന്ന ദിശയിലേയ്ക്ക് നാം മാറി ചിന്തിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. സംസ്ഥാനത്തെ ആരോഗ്യനിലവാരവുമായി അവലോകനം ചെയ്യുമ്പോൾ തിരുപുറം പഞ്ചായത്തിലെ ആരോഗ്യനില താരതമ്യേന മെച്ചപ്പെട്ടതാണ്. എന്നിരുന്നാലും നമ്മുടെ പഞ്ചായത്തിലെ ചികിത്സാ സൗകര്യങ്ങൾ പരിമിതമാണ്. ഗവൺമെന്റ് മേഖലയിൽ സ്ഥിതിചെയ്യുന്ന ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവും രണ്ട് സബ്സെന്ററുകളും ഒരു ആയുർവേദ ആശുപത്രിയും, സ്വകാര്യ മേഖലയിൽ സ്ഥിതിചെയ്യുന്ന ഒരു അലോപ്പതി ആശുപത്രിയും പത്തോളം

സിദ്ധ വൈദ്യശാലകളും രണ്ടു ഹോമിയോ ചികിത്സകേന്ദ്രങ്ങളും മർമ്മ ചികിത്സാവിദഗ്ധരും ഉൾക്കൊള്ളുന്ന താണ് ഈ പഞ്ചായത്തിലെ ആരോഗ്യ

3. അന്തരീക്ഷ മലിനീകരണത്തിന് കാരണമാകുന്ന ചപ്പും ചവറും നീക്കം ചെയ്യുന്നതിന് പഞ്ചായത്തിലുടനീളം നടപടി സ്വീകരിക്കുക.



പരിപാലനരംഗം.

1. തിരുപുറം പഞ്ചായത്തിലെ കക്കൂസ് ഇല്ലാത്ത വീടുകൾക്ക് കക്കൂസ് സ്ഥാപിക്കുക
2. ആരോഗ്യ പരിപാലനത്തിനെക്കുറിച്ച് സന്നദ്ധസംഘടനകൾ വഴി ബോധവൽക്കരണം നടത്തുക.
4. അമ്മമാരുടെയും കുട്ടികളുടെയും ഗർഭിണികളുടെയും ആരോഗ്യ സംരക്ഷണത്തിനുവേണ്ടി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.
5. രോഗപ്രതിരോധത്തെക്കുറിച്ചും പോഷകാഹാരത്തെക്കുറിച്ചും പഠന ക്ലാസ്സ് നടത്തുക

6. മുള്ളുവിളയിൽ ഒരു മിഡ്‌വൈഫറി സെന്ററും മർമ്മാശുപത്രിയും സ്ഥാപിക്കുക.

7. ഇരുവൈക്കോണം ആയുർവേദ ആശുപത്രിക്ക് 10 കിടക്കകളോടുകൂടിയ കെട്ടിടം നിർമ്മിക്കുക.

8. ഇരുവൈക്കോണത്ത് ഹെൽത്ത് സെന്ററും സ്ഥാപിക്കുക

9. പഞ്ചായത്ത് നിവാസികൾക്ക് അടിയന്തിരചികിത്സ സൗകര്യം എത്തിക്കാൻ മൊബൈയിൽ ക്ലിനിക്ക് സ്ഥാപിക്കുക.

10. പഞ്ചായത്താകെ പ്രവർത്തിയ്ക്കത്തക്കവിധം ആവശ്യമായ ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിക്കുക.

11. പഞ്ചായത്തിലെ കിണറുകൾ ശുദ്ധീകരിക്കാൻ ക്ലോറിനേഷൻ നടത്തുക.

12. പഴയകട വാർഡിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

13. ഈ പഞ്ചായത്തിൽ ഒരു പൊതു ശ്മാശനം സ്ഥാപിക്കുക.

14. പഴയകടയിലും പുത്തൻകടയിലും കഞ്ചാംപഴിഞ്ഞിയിലും പൊതുമൂത്രപ്പുരകൾ സ്ഥാപിക്കുക.

15. അരുമാനൂർക്കടയിൽ സിവിൽ സപ്ലൈസ് മെഡിക്കൽ സ്റ്റോർ സ്ഥാപിക്കുക.

16. വ്യാജമരുന്നുകളുടെയും, കാലഹരണപ്പെട്ട മരുന്നുകളുടെയും വില്പന തടയാൻ പഞ്ചായത്തുതലത്തിൽ ഒരു സ്ക്വാഡ് പ്രവർത്തിപ്പിക്കുക.

17. അരുമാനൂർക്കടയിൽ ഒരു മർമ്മാശുപത്രി സ്ഥാപിക്കുക.

18. കൊതുകുനിവാരണ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

19. പുലവങ്ങൽ ലക്ഷം വീട് കോളനിയിൽ ഒരു മിഡ്‌വൈഫ് സെന്റ്ർ സ്ഥാപിക്കുക.

20. പരണിയം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ 40 കിടക്കകളും അതിനു വേണ്ട കെട്ടിടവും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും X-ray, ECG ലാബ്രട്ടറികളും സ്ഥാപിക്കുക.

21. പരണിയം P.H.C. യ്ക്ക് ഒരു വാഹനം അനുവദിക്കുക.

22. ഔട്ട്പേഷ്യന്റിന് വിശ്രമസ്ഥലം നിർമ്മിക്കുക.

23. പഞ്ചായത്തിലെ എല്ലാ സ്കൂളുകൾക്കും പൊതുകക്കൂസ് നിർമ്മിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

25. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു പ്രകൃതിചികിത്സകേന്ദ്രം സ്ഥാപിക്കുക.

26. പരണിയം ആശുപത്രിയിൽ ഒരു സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുക.

അടുക്കള വൃത്തിയായിരിക്കണം. ഈച്ച വരരുത്.
ഭക്ഷണം അടച്ചു വയ്ക്കണം
കുടിവെള്ളത്തിൽ കൈയിടരുത്
ആരോഗ്യരക്ഷയ്ക്കു വേണ്ടത്ര ആഹാരം.

# വിദ്യാഭ്യാസം

സമൂഹത്തിന്റെ എല്ലാ മേഖലകളിലും ഫലപ്രദമായി ഇടപെടുന്ന പ്രതിബന്ധതയുള്ള ഒരു പുതിയ തലമുറയെ സൃഷ്ടിക്കുന്നതാണ് വിദ്യാഭ്യാസ ലക്ഷ്യം. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ കേരളത്തിലെ മറ്റ് പ്രദേശങ്ങളിലെപോലെ തന്നെ നമ്മുടെ പഞ്ചായത്തിനും സമ്പന്നമായ ഒരു പാരമ്പര്യം അവകാശപ്പെടാനുണ്ട്. അടിസ്ഥാന വിദ്യാഭ്യാസം ലഭിച്ചവരുടെയും ഉന്നത വിദ്യാഭ്യാസം ലഭിച്ചവരുടെയും സംഖ്യ നമ്മുടെ പഞ്ചായത്തിലും കുറവല്ല. വിദ്യാഭ്യാസ പ്രവർത്തകർനമ്മുടെ പഞ്ചായത്തിലെ പഞ്ചായത്തിലെ സാംസ്ക്കാരിക രാഷ്ട്രീയ രംഗങ്ങളിലും വലിച്ച സംഭാവനകൾ നൽകിയിട്ടുള്ളവരാണ്.



പ്രീപ്രൈമറി- പ്രൈമറി- ഹൈസ്കൂൾ എന്നിവ നമ്മുടെ പഞ്ചായത്തിൽ പരിമിതമാണ്. നമ്മുടെ പഞ്ചായത്തിൽ പ്രിപ്രൈമറി വിദ്യാഭ്യാസത്തിനുള്ള അടിസ്ഥാന സൗകര്യ

"ഒരു മനുഷ്യന്റെ പൂർണതയുടെ ആവിഷ്കാരമുണ്ടാകുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്."
–സ്വാമി വിവേകാനന്ദൻ

"ഇരുട്ടിനെ പഴിക്കുന്നതിനു പകരം അവിടെ ഒരു മെഴുകുതിരി കൊളുത്തിവയ്ക്കു"
– വെൽത്തി ഫിഷർ

ങ്ങളും പരിമിതമാണ്. അക്കാരണത്താൽ തന്നെ പ്രൈമറി വിദ്യാഭ്യാസം വളരെയധികം ശോചനീയ അവസ്ഥയിലാണ്. പ്രി-പ്രൈമറി വിദ്യാഭ്യാസത്തിന്റെ തകർച്ച സ്കൂൾ വിദ്യാഭ്യാസത്തെ ആകെബധിച്ചിരിക്കുന്നു. സമഗ്രമായ ഒരു ആസൂത്രണം ഇക്കാര്യത്തിൽ അത്യന്താപേക്ഷിതമാണ്. നമ്മുടെ പഞ്ചായത്തിൽ രണ്ട് ഹൈസ്കൂളുകളും ആറ് എൽ. പി. സ്കൂളുകളും ഉണ്ട്.

സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസനത്തെയും തൊഴിലില്ലായ്മയേയും സാരമായി ബാധിച്ചിട്ടുണ്ട്.

വനിതകളുടെ തൊഴിൽ പരിശീലനകേന്ദ്രങ്ങളും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും പരിമിതമാണ്.

പഞ്ചായത്തിനകത്ത് ആകെയുള്ള എട്ട് സ്കൂളുകളിൽ നാല് സ്കൂളുകളാണ് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നത്. എയിഡഡ് മേഖലയിൽ നാല് എൽ. പി. സ്കൂളുകളും പ്രവർത്തിക്കുന്നു.

### നമ്മുടെ ഗ്രാമത്തിലെ സ്കൂളുകൾ

ഗവ: എച്ച്. എസ്. കഞ്ചാംപഴിഞ്ഞി

ഗവ: എച്ച. എസ്. പരണിയം

ഗവ: എൽ. പി. എസ്. പരണിയം

ഗവ: എൽ. പി. എസ്. തിരുപുറം

എൽ. എം. എസ്. എൽ. പി. എസ്. തിരുപുറം

എൽ. എം. എസ്. എൽ. പി. എസ്. കുട്ടുനിന്നതിൽ

സെന്റ് ജേക്കബ്ബ് എൽ. പി. എസ്. വട്ടവിള

സെന്റ് ജോസഫ് എൽ. പി. എസ്. മുള്ളുവിള

വിദ്യാഭ്യാസ മേഖലയിലെ മറ്റൊരു ശ്രദ്ധേയമായ വസ്തുത പഞ്ചായത്തിലെ ഇടത്തരക്കാരായ ആളുകൾപോലും തങ്ങളുടെ കുട്ടികളെ നഗരത്തിലെ കോൺവെന്റ് സ്കൂളുകളിൽ വിദ്യാഭ്യാസം ചെയ്യിക്കുവാൻ വ്യഗ്രത കാട്ടുന്നു എന്നതാണ്. ഉപരിപഠനത്തിന് പ്രധാനമായും നഗരങ്ങളിലെ കോളേജുകളെയും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ആശ്രയിക്കുന്നു.

### ഭൗതികസാഹചര്യങ്ങളും അക്കാഡമിക് സൗകര്യങ്ങളും

സ്കൂളുകളിൽ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ മിക്ക സ്കൂളുകളിലും ഇല്ലായെന്നത് വസ്തുതയാണ്. അക്കാഡമിക് അസൗകര്യങ്ങൾ നമ്മുടെ സ്കൂളുകൾ നേരിടുന്നു. ഹൈസ്കൂളുകളിൽ പോലും വേണ്ടത്ര

"എല്ലാ തരം വിദ്യാഭ്യാസത്തിന്റെയും അന്തിമ ലക്ഷ്യം സ്വഭാവ രൂപീകരണമാണ്"
– ഗാന്ധിജി

'വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനു വേണ്ടിയാണ്."
– പോളോ ഫ്രെയർ

ഡസ്ക്കുകളും ബഞ്ചുകളും ഇല്ല. ആധുനിക ദൃശ്യശ്രവ്യമാധ്യമങ്ങളുടെ പ്രയോഗം ഇനിയും നമ്മുടെ സ്കൂളുകളിൽ എത്തിക്കേണ്ടതായിട്ടുണ്ട്.

## പ്രീപ്രൈമറി വിദ്യാഭ്യാസം

പ്രീപ്രൈമറി വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന പഞ്ചായത്ത് നഴ്സറിയും അംഗൻവാടികളും സ്വകാര്യ വിദ്യാഭ്യാസത്തിന് അമിത പ്രാധാന്യം നൽക്കുകയും, പഞ്ചായത്തിനകത്തും പുറത്തുമുള്ള സ്വകാര്യസ്ഥാപനങ്ങളിൽ അയച്ചുപഠിപ്പിക്കാനാണ് താല്പര്യം കാണിക്കുന്നത്. അംഗനവാടികളിലെ പരിമിതമായ ഭൗതികസാഹചര്യങ്ങളാണ് രക്ഷിതാക്കളെ ഇതിന് പ്രേരിപ്പിക്കുന്നത്.

ഈ അടിസ്ഥാനത്തിലാണ് ഗ്രാമ



നഴ്സറി സ്കൂളുകളും പഞ്ചായത്തിലുണ്ട്. ഇതിന്റെ പ്രയോജനം പഞ്ചായത്തിലെ ന്യൂനപക്ഷം കുട്ടികൾക്കുമാത്രമേ പ്രയോജനപ്പെടുന്നുള്ളൂ. സാമ്പത്തികമായി മുന്നോക്കം നില്ക്കുന്നവരും, ഇടത്തരക്കാരും പ്രീപ്രൈമറി

സഭയിൽനിന്ന് ഉയർന്നപ്രശ്നങ്ങളും നിർദ്ദേശങ്ങളും പരിഹരിക്കേണ്ടത്. പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്കൂളായ ഗവ: എച്ച്. എസ്. കഞ്ചാം പഴിഞ്ഞിയെ പ്ലസ്ടു സ്കൂളായി ഉയർത്തുക ഗവ: എച്ച്. എസ് പരണിയത്തെ വൊക്കേഷ

**"വായന ഒരു പൂർണ മനുഷ്യനെ സൃഷ്ടിക്കുന്നു - ഉള്ളൂർ"**

ണരാ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തുകയും ടെക്നിക്കൽ വിദ്യാഭ്യാസം നൽകുന്നതിനായി ഒരു I T I സ്ഥാപിക്കുകയും ചെയ്യുക.

* പോങ്ങ്, ആനമരാവലിച്ച, നെല്ലിവിള, മനവേലി എന്നിവിടങ്ങളിൽ പ്രീപ്രൈമറി സ്കൂളുകൾ ആരംഭിക്കുക.
* മുള്ളുവിളയിൽ പ്രവർത്തിക്കുന്ന പ്രൈമറി സ്കൂളിനെ UP സ്കൂളും, ഹൈസ്കൂളുമായി ഉയർത്തുക.
* കുമിളിയും പരണിയവും കേന്ദ്രങ്ങളായി ഒരു ചിൽഡ്രൻസ് പാർക്കും, ഒരു ബേബിക്രഷും നിർമ്മിക്കുക.
* 100 വർഷത്തോളം പഴക്കമുള്ള എൽ. എം. എസ്. എൽ. പി. എസ്സ് തിരുപുറം സ്കൂളിനെ യു. പി. എസ് ആക്കി അപ് ഗ്രേഡ്ചെയ്യുക.
* പുത്തൻകട കേന്ദ്രീകരിച്ച് ഒരു ഒരു നെഴ്സറിസ്കൂൾ സ്ഥാപിക്കുക. കുഴിവിളയിൽ ഒരു ബാലവാടി സ്ഥാപിക്കുക.
* തൊഴിലധിഷ്ഠിതമായ രീതിയിലുള്ള പ്രവർത്തനങ്ങൾക്കായി P.S.C ക്ലാസ്സുകളും ചർച്ചക്ലാസ്സുകളും സംഘടിപ്പിക്കുന്നതിനുവേണ്ടി ഒരു വർക്കിംഗ് ഹാൾ തുറന്ന് പ്രവർത്തിപ്പിക്കുക.
* കഞ്ചാം പഴിഞ്ഞി സെന്റ് ജേക്കബസ് L.P.S-നെ UPS ആയി അപ്ഗ്രേഡ് ചെയ്യുക.
* അംഗൻവാടി സെന്റർ സ്ഥാപിക്കുക.
* നെഴ്സറി സ്കൂളുകൾ സ്ഥാപിക്കുക.
* നിലവിലുള്ള ഹരിജൻ കോളനിയിലെ നെഴ്സറി സ്കൂളുകൾ (വെൽഫയർ, ബ്ലോക്ക്) മെച്ചപ്പെടുത്തുക.
* പുത്തൻകടവാർഡിൽ ഒരു പ്രീപ്രൈമറി സ്കൂൾ അനുവദിക്കുക.
* തിരുപുറം പഞ്ചായത്തിൽ ബധിര മൂക വിദ്യാകേന്ദ്രം സ്ഥാപിക്കുക.
* വിദ്യാജ്യോതിപദ്ധതി തിരുപുറം പഞ്ചായത്തിൽ വ്യാപകമാക്കുക.
* വിദ്യാഭ്യാസ കോംപ്ലക്സ് സ്ഥാപിക്കുക.
* നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പുസ്തകവും വസ്ത്രവും സൗജന്യമായികൊടുക്കുവാനുള്ള സൗകര്യം പഞ്ചായത്തിലുടനീളം നടപ്പിലാക്കുക.
* വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം വിലയിരുത്തുന്നതിനുവേണ്ടി രക്ഷിതാക്കളുടെയും അദ്ധ്യാപകരുടെയും സംഗമം വിളിച്ചുചേർക്കുക.
* തിരുപുറം LPGS-നെ UPSആയി അപ്ഗ്രേഡ് ചെയ്യുക.
* പഞ്ചായത്തിൽ റസിഡൻഷ്യൽ പബ്ലിക് സ്കൂൾ അനുവദിക്കുക.
* പുറുത്തിവിള വാർഡിൽ സ്ഥിതിചെയ്യുന്ന ബാലവടിപുത്തൻകട LPGS-ന്റെ കീഴിൽ പ്രവർത്തിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.

* കഞ്ചാംപഴിഞ്ഞി സ്കൂളിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളിലെ അദ്ധ്യാപകർക്ക് വേതനം ലഭിക്കാനുള്ള നടപടിയും പ്രീ- പ്രൈമറിക്ക് പ്രത്യേക കെട്ടിടം നിർമ്മിക്കുകയും ചെയ്യുക.
* അരുമാനൂർക്കട ലക്ഷംവീട് പരിസരത്ത് ഒരു നഴ്സറി സ്കൂൾ അനുവദിക്കുക.
* തിരുപുറം പഞ്ചായത്ത് നഴ്സറിസ്കൂൾ മെയിന്റനൻസ് ചെയ്യുക.
* പരണിയം GHS-ൽ ഒരു സ്പോർട്സ് ഡിവിഷൻ ആരംഭിക്കുകയും കായിക അദ്ധ്യാപകനെ നിയമിക്കുകയും ചെയ്യുക.
* കുട്ടനിന്നതിൽ LMSLPS-നെ UPS സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുക.

**സ്കൂളിന്റെ പൊതുസ്ഥിതി**

| നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ്/ സർക്കാർ | വിദ്യാർത്ഥികൾ | | ആകെ | അദ്ധ്യാപകർ |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | | |
| 1. | ഗവ: HS കഞ്ചാംപഴിഞ്ഞി | സർക്കാർ | 401 | 372 | 773 | 29 |
| 2. | ഗവ: HS പരണിയം | സർക്കാർ | 226 | 156 | 382 | 25 |
| 3. | ഗവ: എൽ. പി. ജി. എസ്. തിരുപുറം | സർക്കാർ | 60 | 47 | 107 | 4 |
| 4. | ഗവ: എൽ. പി. ജി. എസ്. പരണിയം | സർക്കാർ | 39 | 32 | 71 | 4 |
| 5. | സെന്റ് ജോസഫ് എൽ. പി. എസ്കുളത്തറാവിള | എയിഡഡ് | 149 | 123 | 275 | 5 |
| 6. | സെന്റ് ജേക്കബ്സ് എൽ.പി.എസ്.മാവിളക്കടവ് | എയിഡഡ് | 107 | 116 | 223 | 6 |
| 7. | എൽ. എം. എസ്. എൽ.പി.എസ്കുട്ടനിന്നതിൽ | എയിഡഡ് | 67 | 73 | 140 | 3 |
| 8. | എൽ. എം. എസ്. എൽ. പി. എസ്. തിരുപുറം | എയിഡഡ് | 80 | 60 | 140 | 4 |
| | ആകെ | | 1129 | 979 | 2108 | 80 |

**അറിവുണ്ടാകാൻ പഠിക്കണം പുസ്തകങ്ങളും പത്രങ്ങളും വായിക്കണം.**
**പത്രങ്ങളിൽ എന്തെല്ലാം വാർത്തകളാണുള്ളത്!**
**പത്രവായന ഒരു ശീലമാക്കണം. അറിവുണ്ടായാലേ മനുഷ്യൻ വളരുകയുള്ളു.**
**മനുഷ്യനും സമൂഹവും വളരാൻനമുക്കു നല്ല പുസ്തകങ്ങൾ വായിക്കാം.**
**വായിച്ചു വളരാം.**

ണരം ഹയർ സെക്കന്ററി സ്കൂളായി ഉയർത്തുകയും ടെക്നിക്കൽ വിദ്യാഭ്യാസം നൽകുന്നതിനായി ഒരു I T I സ്ഥാപിക്കുകയും ചെയ്യുക.

* പോങ്ങ്, ആനമരംവലിച്ച, നെല്ലിവിള, മനവേലി എന്നിവിടങ്ങളിൽ പ്രീപ്രൈമറി സ്കൂളുകൾ ആരംഭിക്കുക.

* മുള്ളുവിളയിൽ പ്രവർത്തിക്കുന്ന പ്രൈമറി സ്കൂളിനെ UP സ്കൂളും, ഹൈസ്കൂളുമായി ഉയർത്തുക.

* കുമിളിയും പരണിയവും കേന്ദ്രങ്ങളായി ഒരു ചിൽഡ്രൻസ് പാർക്കും, ഒരു ബേബിക്രഷും നിർമ്മിക്കുക.

* 100 വർഷത്തോളം പഴക്കമുള്ള എൽ. എം. എസ്. എൽ. പി. എസ്സ് തിരുപുറം സ്കൂളിനെ യു. പി. എസ് ആക്കി അപ് ഗ്രേഡ്ചെയ്യുക.

* പുത്തൻകട കേന്ദ്രീകരിച്ച് ഒരു ഒരു നെഴ്സറിസ്കുൾ സ്ഥാപിക്കുക. കുഴിവിളയിൽ ഒരു ബാലവാടി സ്ഥാപിക്കുക.

* തൊഴിലധിഷ്ഠിതമായ രീതിയിലുള്ള പ്രവർത്തനങ്ങൾക്കായി P.S.C ക്ലാസ്സുകളും ചർച്ചക്ലാസ്സുകളും സംഘടിപ്പിക്കുന്നതിനുവേണ്ടി ഒരു വർക്കിംഗ് ഹാൾ തുറന്ന് പ്രവർത്തിപ്പിക്കുക.

* കഞ്ചാം പഴിഞ്ഞി സെന്റ് ജേക്കബസ് L.P.S-നെ UPS ആയി അപ്ഗ്രേഡ് ചെയ്യുക.

* അംഗൻവാടി സെന്റർ സ്ഥാപിക്കുക.

* നെഴ്സറി സ്കൂളുകൾ സ്ഥാപിക്കുക.

* നിലവിലുള്ള ഹരിജൻ കോളനിയിലെ നെഴ്സറി സ്കൂളുകൾ (വെൽഫയർ, ബ്ലോക്ക്) മെച്ചപ്പെടുത്തുക.

* പുത്തൻകടവാർഡിൽ ഒരു പ്രീപ്രൈമറി സ്കൂൾ അനുവദിക്കുക.

* തിരുപുറം പഞ്ചായത്തിൽ ബധിരമൂക വിദ്യാകേന്ദ്രം സ്ഥാപിക്കുക.

* വിദ്യാജ്യോതിപദ്ധതി തിരുപുറം പഞ്ചായത്തിൽ വ്യാപകമാക്കുക.

* വിദ്യാഭ്യാസ കോംപ്ലക്സ് സ്ഥാപിക്കുക.

* നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പുസ്തകവും വസ്ത്രവും സൗജന്യമായികൊടുക്കുവാനുള്ള സൗകര്യം പഞ്ചായത്തിലുടനീളം നടപ്പിലാക്കുക.

* വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം വിലയിരുത്തുന്നതിനുവേണ്ടി രക്ഷിതാക്കളുടെയും അദ്ധ്യാപകരുടെയും സംഗമം വിളിച്ചുചേർക്കുക.

* തിരുപുറം LPGS-നെ UPSആയി അപ്ഗ്രേഡ് ചെയ്യുക.

* പഞ്ചായത്തിൽ റസിഡൻഷ്യൽ പബ്ലിക് സ്കൂൾ അനുവദിക്കുക.

* പുറുത്തിവിള വാർഡിൽ സ്ഥിതിചെയ്യുന്ന ബാലവടിപുത്തൻകട LPGS-ന്റെ കീഴിൽ പ്രവർത്തിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.

* കഞ്ചാംപഴിഞ്ഞി സ്കൂളിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളിലെ അദ്ധ്യാപകർക്ക് വേതനം ലഭിക്കാനുള്ള നടപടിയും പ്രീ- പ്രൈമറിക്ക് പ്രത്യേക കെട്ടിടം നിർമ്മിക്കുകയും ചെയ്യുക.
* അരുമാനൂർക്കട ലക്ഷംവീട് പരിസരത്ത് ഒരു നഴ്സറി സ്കൂൾ അനുവദിക്കുക.
* തിരുപുറം പഞ്ചായത്ത് നഴ്സറിസ്കൂൾ മെയിന്റനൻസ് ചെയ്യുക.
* പരണിയം GHS-ൽ ഒരു സ്പോർട്സ് ഡിവിഷൻ ആരംഭിക്കുകയം കായിക അദ്ധ്യാപകനെ നിയമിക്കുകയം ചെയ്യുക.
* കുട്ടനിന്നതിൽ LMSLPS-നെ UPS സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുക.

### സ്കൂളിന്റെ പൊതുസ്ഥിതി

| നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ്/ സർക്കാർ | വിദ്യാർത്ഥികൾ | | ആകെ | അദ്ധ്യാപകർ |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | | |
| 1. | ഗവ: HS കഞ്ചാംപഴിഞ്ഞി | സർക്കാർ | 401 | 372 | 773 | 29 |
| 2. | ഗവ: HS പാണിയം | സർക്കാർ | 226 | 156 | 382 | 25 |
| 3. | ഗവ: എൽ. പി. ജി. എസ്. തിരുപുറം | സർക്കാർ | 60 | 47 | 107 | 4 |
| 4. | ഗവ: എൽ. പി. ജി. എസ്. പരണിയം | സർക്കാർ | 39 | 32 | 71 | 4 |
| 5. | സെന്റ് ജോസഫ് എൽ. പി. എസ്. മുള്ളുവിള | എയിഡഡ് | 149 | 123 | 275 | 5 |
| 6. | സെന്റ് ജേക്കബ്സ് എൽ.പി.എസ്.മാവിളക്കടവ് | എയിഡഡ് | 107 | 116 | 223 | 6 |
| 7. | എൽ. എം. എസ്. എൽ.പി.എസ് കുട്ടനിന്നതിൽ | എയിഡഡ് | 67 | 73 | 140 | 3 |
| 8. | എൽ. എം. എസ്. എൽ. പി. എസ്. തിരുപുറം | എയിഡഡ് | 80 | 60 | 140 | 4 |
| | ആകെ | | 1129 | 979 | 2108 | 80 |

**അറിവുണ്ടാകാൻ പഠിക്കണം പുസ്തകങ്ങളും പത്രങ്ങളും വായിക്കണം.**
**പത്രങ്ങളിൽ എന്തെല്ലാം വാർത്തകളാണുള്ളത്!**
**പത്രവായന ഒരു ശീലമാക്കണം. അറിവുണ്ടായാലേ മനുഷ്യൻ വളരുകയുള്ളൂ.**
**മനുഷ്യനും സമൂഹവും വളരാൻനമുക്കു നല്ല പുസ്തകങ്ങൾ വായിക്കാം.**
**വായിച്ചു വളരാം.**

# പാർപ്പിടവും സാമൂഹ്യക്ഷേമവും


## എ. പാർപ്പിടം

തലസ്ഥാനനഗരത്തിൽ നിന്നും 27 കിലമീറ്റർ അകലെ പ്രകൃതിരമണീയമായ പൂവാർ കടൽത്തീരത്തുനിന്നും 5 കിലോമീറ്റർ ഉള്ളിലായാണ് തിരുപുറം ഗ്രാമപഞ്ചായത്തിന്റെ സ്ഥാനം. ജില്ലയിലെ മറ്റൊരു പഞ്ചായത്തിനും അവകാശപ്പെടാൻ കഴിയാത്ത സമതല പ്രദേശവും, പ്രകൃതിരമണീയമായ ഭൂപ്രകൃതിയും, കൃഷിയിടങ്ങളുംകൊണ്ട് സുന്ദരമാണ് ഈ ഗ്രാമം.

ഭവനനിർമ്മാണ രംഗത്ത് വിപ്ളവാത്മകമായ മാറ്റമൊന്നും നമ്മുടെ ഗ്രാമപഞ്ചായത്തിന് ഉണ്ടായിട്ടില്ല. കുടിലുകളിലും, ഇരുനിലകെട്ടിടങ്ങളിലും, ഓല, ഓട് മേഞ്ഞ് താമസിക്കുന്നവരും നമ്മുടെ പഞ്ചായത്തിലുണ്ട്.

| | |
|---|---|
| ആകെജനസംഖ്യ | 16600 |
| വീടുകൾ | 5456 |
| ഓടിട്ടത് | 1473 |
| ടെറസ് (1) നില | 1065 |
| ഇരുനില | 39 |
| കുടിൽ | 2879 |

ഭവനനിർമ്മാണ സഹകരണ



സംഘം തിരുപുറം പഞ്ചായത്തിലില്ല. മറ്റു ധനകാര്യസ്ഥാപനങ്ങളിലും, ദേശസാൽകൃതബാങ്കുകളിലും ഭവനനിർമ്മാണവായ്പയുടെ പലിശനിരക്ക് കൂടിയതിനാൽ സാധാരണക്കാരായ ആളുകൾക്ക് ഭവനനിർമ്മാണ വായ്പയെടുക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

രണ്ടോ മൂന്നോ സെന്റ് സ്ഥലമുള്ളവർക്ക് വീട് നിർമ്മിക്കുന്നതിന് സൗകര്യപ്രമായ തരത്തിൽ കേരള ബിൽഡിംഗ്റൂൾസിൽ മാറ്റം വരുത്തണം. കേന്ദ്രസംസ്ഥാന സർക്കാരുകൾ സന്നദ്ധസംഘടനകൾ വഴിദുർബലരെ സഹായിക്കാൻ നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതികൾ ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കാത്തുകൊണ്ട് യഥാർത്ഥഗുണഭോക്താവിന് ഇതിന്റെ സഹായം ലഭിക്കുന്നില്ല.

സാമ്പത്തീകമായ വളരെതാഴ്ന്ന നിലവാരം ഉള്ളആളുകളാണ് മൂള്ളുവിളവാർഡിലുള്ളത്. 20% ആളുകൾക്കും വാസയോഗ്യമായ പാർപ്പിടമില്ല. ഇവരെ കണ്ട്പിടിച്ച് സ്വന്തമായി വീട്വയ്ക്കുന്നതിനുള്ള ധനസഹായം നൽകണം. തിരുപുറം വാർഡിലെ ദുർബ്ബലവിഭാഗങ്ങൾക്ക് സർവ്വേയുടെഅടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി 300 പേർക്കെങ്കിലും പാർപ്പിടസൗകര്യത്തിന് കുറഞ്ഞത് 25000 രൂപവീതമെങ്കിലും ഗ്രാന്റായി അനുവദിയ്ക്കണം.

രണ്ടേക്കർ പത്തൊൻപത് സെന്റുള്ള തിരുപുറം വാർഡിലെ ലക്ഷംവീട്കോളനിയിൽ ഇടിഞ്ഞ് വീഴാറായിരിക്കുന്ന 44 കുടുംബങ്ങൾക്കായുള്ള • 22വീടുകൾ പൊളിച്ചുമാറ്റിഓരോകുടുംബത്തിനും പ്രത്യേകം പ്രത്യേകം വീട്വച്ച് കൊടുക്കുക.

IRDPസ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാകുടുംബങ്ങൾക്കും പാർപ്പിടധനസഹായം നൽകുക.

പുത്തൻകടവാർഡിൽ പണിതീരാത്ത വീടുകൾക്ക് അവപൂർത്തീകരിക്കാൻവേണ്ടി ധനസഹായം നൽകുക.

• ഓലമേഞ്ഞവീടുകൾക്ക് ഓട് മേയുന്നതിന് 50% ഗ്രാന്റും 50% വായ്പയും അനുവദിക്കുക.

തിരുപുറം പഞ്ചായത്തിൽ സ്വന്തമായി രണ്ട് സെന്റ് ഭൂമിഎങ്കിലും നിർദ്ധനരായ ആളുകൾക്ക് ഭവനനിർമ്മാണത്തിന് ആവശ്യമായ ധനസഹായം നൽക്കുക

## ബി. സാമൂഹ്യക്ഷേമം

ഒരു സമൂഹത്തിലെ എല്ലാഅംഗങ്ങൾക്കും ആഹാരം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ചികിത്സാ സൗകര്യം എന്നിവ ലഭ്യമാകുന്ന ഒരു കാലഘട്ടത്തിൽ മാത്രമേ നമ്മുടെ രാജ്യത്തിന്റെ ആസൂത്രണവും വികസനവും അവകാശപ്പെടാൻ സാധിക്കുകയുള്ളു. കഴിഞ്ഞ പഞ്ചവത്സരപദ്ധതികൾ എല്ലാം ഈ ലക്ഷ്യം നേടുന്നതിനു വേണ്ടി കോടികൾ ഒഴുക്കിയെങ്കിലും നമ്മുടെ ഗ്രാമങ്ങളിൽ ഇന്നും മൂന്നു നേരം ഭക്ഷണം ലഭിക്കാത്തവരേയും പാർപ്പിടം ഇല്ലാതെ വഴിയോരങ്ങളിലും, പുറമ്പോക്കുകളിലും കഴിയുന്നവരേയും ചികിത്സായ്ക്ക് ആവശ്യമായ സാമ്പത്തിക ശേഷി ഇല്ലാത്തവരേയും കാണാൻ കഴിയുന്നു. അതുപോലെ തന്നെ ഇടത്തരക്കാരിൽ ദരിദ്രവൽക്കരണവും പ്രകടമാണ്. വികസന പ്രവർത്തനങ്ങൾക്ക് ജനകീയസൂത്രണ പ്രക്രിയയിലൂടെ പുതിയ മാനം നേടുന്ന

ഈ ഘട്ടത്തിൽ സാമൂഹ്യക്ഷേമപദ്ധതികൾ സർക്കാർ വിവിധ ഏജൻസികൾ മുഖേന ചിലവഴിക്കുന്ന ഓരോ രൂപയും നമ്മുടെ ഗ്രാമങ്ങളിൽ ദരിദ്രജനവിഭാഗങ്ങൾക്ക് പൂർണ്ണമായും ഉപയോഗപ്പെടുന്ന രീതിയിൽ ആയിരിക്കണമെന്ന് ഉറപ്പുവരുത്തേണ്ടതാണ്.



നമ്മുടെ പഞ്ചായത്തിൽ 2000ത്തോളം വരുന്ന കർഷകത്തൊഴിലാളികളും 1000ത്തോളം വരുന്ന ദരിദ്ര കർഷകരും 250ത്തോളം വരുന്ന നെയ്ത്ത് തൊഴിലാളികളും, 150ൽപരം നിർമ്മാണ തൊഴിലാളികളും, ചെറുകിട കച്ചവടക്കാരും, കച്ചവടസ്ഥാപനങ്ങളിൽ പണിയെടുക്കുന്നവരും, വാഹന തൊഴിലാളികളും ഗൾഫ് രാജ്യങ്ങളിൽ പോയി തൊഴിൽ ചെയ്യുന്നവരും, സർക്കാർ അർദ്ധസർക്കാർ ഉദ്യോഗസ്ഥരും ഉപജീവനത്തിനായി സ്വയം തൊഴിൽ ചെയ്യുന്നവരും ആയിട്ടുള്ളജ

**ഇരുട്ടിനെ പഴിക്കുന്നതിനു പകരം അവിടെ ഒരു മെഴുകുതിരി കൊളുത്തിവയ്ക്കു**
**- വെൽത്തി ഫിഷർ**

**കൊടുക്കും തോറുമേറിടും വിദ്യ തന്നെ മഹാധനം**

നങ്ങളാണ് ഭൂരിഭാഗവും. ഇതിൽ കർഷക തൊഴിലാളികളുടെയും കർഷകരുടെയും പ്രതിശീർഷവരുമാനം വളരെ കുറവാണ്.

ഇടത്തരം ദരിദ്രകുടുംബങ്ങളിലുള്ള വികലാംഗർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, 60 വയസ്സ് കഴിഞ്ഞ ദരിദ്രരായ കർഷക തൊഴിലാളികൾ, നെയ്ത്ത് തൊഴിലാളികൾ, അന്ധരായിട്ടുള്ളവർ, വിധവ, വാർദ്ധക്യകാല പെൻഷനുകൾക്കു അർഹരായവർ, പട്ടികജാതി പട്ടികവർഗ്ഗേതര മിശ്രവിവാഹിതർ, അഗതി പെൻഷന് അർഹതയുള്ളവർ, കുഷ്ഠരോഗം, ക്യാൻസർ, ക്ഷയരോഗം തുടങ്ങിയ മാരക രോഗങ്ങൾ ബാധിച്ചവർക്കുള്ള ധനസഹായത്തിന് അർഹതയുള്ളവർ, വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം തൊഴിൽ രഹിതർക്കുള്ള തൊഴിലില്ലായ്മ വേതനം, ആശ്രിതരുടെ ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിക്ഷേമപദ്ധതികൾക്ക് അർഹരായവരുടെ സംഖ്യ വളരെ വലുതാണ്. ഇത്തരം ജനവിഭാഗങ്ങളെ കണ്ടെത്തേണ്ടതും അവർക്ക് ആശ്വാസ നടപടികൾ സ്വീകരിക്കേണ്ടതും നമ്മുടെ ചുമതലയാണ്.

മേൽ പറഞ്ഞ അസംഘടിതരും നിരാശ്രയരും അടങ്ങുന്ന വിവിധ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങളിലൂടെയും സാമ്പത്തിക ഉന്നമനത്തിലൂടെയും മാത്രമേ നമ്മുടെ പഞ്ചായത്തിന്റെ വികസന ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ കഴിയുകയുള്ളു. ഇതിനുള്ള പരിശ്രമം വളരെ വലുതാണ്. എന്നാൽ പോലും കൂട്ടായ്മയും സർക്കാരിന്റേയും വിവിധ ഏജൻസികളുടെയും സാമ്പത്തിക സഹായങ്ങളും പ്രശ്നപരിഹാരത്തിന് എളുപ്പമാകുന്ന ഘടകങ്ങളാണ്.

1. അംഗ വൈകല്യമുള്ള കുട്ടികൾക്ക് കെയർ ഹോം, ഡേ-കെയർ സെന്റർ, ശിശുമന്ദിരം സ്ഥാപിക്കുക.
2. തിരുപുറം പഞ്ചായത്തിലെ അഗതികളുടെ ജീവിതപുരോഗതിക്ക് വേണ്ടി ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.
3. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു വൃദ്ധ സദനം ആരംഭിക്കുക.
4. പ്രീ. പ്രൈമറി സ്കൂളുകൾ പഞ്ചായത്തിലെ എല്ലാ പ്രൈമറി സ്കൂളുകളിലും ആരംഭിക്കുക.
5. മുള്ളുവിളയിൽ A.N.M. സെന്റർ സ്ഥാപിക്കുക.
6. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും അംഗൻവാടികൾ സ്ഥാപിക്കുക.
7. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും നേഴ്സറി സ്കൂളുകളും ബേബി ക്രഷുകളും, ഫീഡിംഗ് സെന്ററുകളും സ്ഥാപിക്കുക.
8. ദരിദ്ര വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം 10,000 രൂപ എങ്കിലും നൽകുക.
9. വെള്ളപൊക്കം നേരിടുന്ന പഞ്ചായത്തായതിനാൽ വെള്ളപൊക്ക കെടുതിയിൽ നിന്നും രക്ഷപ്പെടുത്തുന്നതിനായി ഒരു നിക്ഷേപ ഫണ്ട് പഞ്ചായത്തിന് അനുവദിക്കുക.

# സംസ്ക്കാരം

നെയ്യാറിന് പടിഞ്ഞാറും, പൂവാർ പഞ്ചായത്തിന് വടക്കും, കാഞ്ഞിരം കുളം പഞ്ചായത്തിന് കിഴക്കും, പെരുമ്പഴുതൂർ അതിയന്നൂർ പഞ്ചായത്തുകൾക്ക് തെക്കും സ്ഥിതിചെയ്യുന്ന 8.57 ച.കി.മീറ്റർ വിസ്ത്രീർണ്ണമുള്ള പ്രദേശമാണ് തിരുപുറം ഗ്രാമപഞ്ചായത്ത്.

പണ്ട് പൂവാറും, തിരുപുറവും ഒറ്റ ഗ്രാമമായിരുന്നപ്പോൾ ഉണ്ടായിരുന്ന മത മൈത്രിയുടെയും സംസ്കാര സമ്പന്നതയുടെയും ഈറ്റില്ലുമായിരുന്ന ഈ ഗ്രാമം. തിരുവിതാംകൂറിന്റെ യുവ രാജാവായിരുന്ന മാർത്തണ്ഡവർമ്മ എട്ടുവീട്ടിൽ പിള്ളമാരുടെ കൈയ്യിൽപെടാതെ ഒളിച്ചു താമസിക്കാൻ തെരെഞ്ഞടുത്ത സ്ഥലങ്ങളിൽ പ്രധാനമാണ് തിരുപുറം ഗ്രാമത്തിനടുത്ത പൂവാർ.

മാർത്താണ്ഡവർമ്മയുടെയും, രാജാകേശവദാസിന്റേയും, പാദസ്പർശം ഏറ്റ ഈ ഗ്രാമം നെയ്യാറിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന ചെറിയ ഗ്രാമം, മഹാദേവന്റെ അനുഗ്രഹത്താൽ സംപുഷ്ടമാണ്.

സംഹാരത്തിന്റെ പ്രതീകമായ ശിവൻകുടികൊള്ളുന്ന പ്രദേശം, ഭദ്രകാളിയും, അയ്യപ്പനും, ശ്രീകൃഷ്ണനും, ദോശവത്സലം ശാസ്ത്രിയാരുടെ ജന്മം കൊണ്ട് ധന്യമായതും ക്രിസ്തുവിന്റെ പ്രമാണങ്ങൾ മുറുകെ പിടിക്കുന്ന പള്ളികളും ശ്രീനാരായണ ഗുരുവിന്റെ തത്വങ്ങൾ ഉയർത്തിക്കാട്ടുന്ന നാരായണീയരും ഉൾപ്പെടുന്നതാണ് ഈ ഗ്രാമം.

ഒരു ഗ്രാമത്തിന്റെ ഭൂപ്രകൃതി, കാലാവസ്ഥ, വിദ്യാഭ്യാസപുരോഗതി, തൊഴിൽ, കലാ സാംസ്കാരിക പ്രവർത്തനങ്ങൾ, ചരിത്ര പശ്ചാത്തലം, ആചാരനുഷ്ഠാനങ്ങൾ, ആരാധനാവിധികൾ, ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ എന്നിവയിലധിഷ്ഠിതമാണ് ആ പ്രദേശത്തിന്റെ സംസ്ക്കാരം.

അനാചാരങ്ങൾക്കും, അന്ധവിശ്വസങ്ങൾക്കും ജാതിമതചിന്തകൾക്കും, അഴിമതിക്കും അതീതമായി, സാമൂഹ്യബോധവും, സാംസ്ക്കാരിക പ്രതിബന്ധതയുമുള്ള ജനതയാണ് ഇവിടെ അതിവസിക്കുന്നത്. സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന ഈ ഗ്രാമപ്രദേശത്തിലെ ജനങ്ങളിൽ ജാതിയുടേയോ മതത്തിന്റേയോ പേരിൽ അഭിപ്രായ അനൈക്യമുണ്ടാക്കുവാൻ ആർക്കും സാധ്യമല്ല. സൗഹൃദം, സഹകരണം, സഹിഷ്ണത, സാഹോദര്യം സമഭാവന എന്നീമൂല്യങ്ങളിൽ അധിഷ്ഠിതമായ ജീവിതക്രമം ഈ ഗ്രാമപഞ്ചായത്തിൽ സമാധാന അന്തരീക്ഷം ഉറപ്പാക്കുന്നു.

തിരുപുറം ശ്രീമഹാദേവർക്ഷേത്രം, ഇരുവൈക്കോണം മുടിപ്പുര, കുമിളിശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, തിരുപുറം കോക്സ്മെമ്മോറിയൽ ദേവാലയം, വട്ടവിള സെന്റ് ജോസ് ദേവാലയം, പത്തനാവിള സാന്റ് ജോസ് ദേവലയം തുടങ്ങിയ ക്ഷേത്രങ്ങളും ക്രിസ്ത്രീയ ദേവാലയങ്ങളും ഈ ഗ്രാമത്തിന്റെ സംസ്ക്കാരിക വളർച്ചയ്ക്ക് അടിസ്ഥാനഘടകങ്ങളാണ്. ഈ ദേവാലയങ്ങളോട് അനുബന്ധിച്ച് നടത്തുന്ന സ്കൂളുകളും, ആർട്ട്സ് ക്ലബ്ബുകളും സാംസ്ക്കാരികകേന്ദ്രങ്ങളും, നാട്ടിലെ ജനങ്ങളുടെസാംസ്കാരിക വളർച്ചയ്ക്ക് പ്രയോജനം ചെയ്യുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട ഉത്സവങ്ങളായ ശ്രീ മഹാദേവക്ഷേത്രത്തിലെ ആറാട്ടും, മുടിപ്പുരയിലെത്തുക്ക മഹോത്സവവും, തിരുകുടുംബദേവാലയത്തിലെ സപ്രപ്രദിക്ഷണവും സെന്റ് ജേക്കബ് ചർച്ചിലെ തിരുനാളുമെല്ലാം നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ മതമൈത്രിയുടെ ഉദാഹരണമാണ്.

കാടിന്റെ ഉൾഭാഗത്ത് വികസിച്ച് കൊഴിഞ്ഞുപോകുന്ന പുഷ്പങ്ങലെ പോലെയും, മഹാസമുദ്രത്തിന്റെ അന്തർഭാഗത്ത് ഒളിച്ചുകിടക്കുന്ന രത്നങ്ങളെപോലെയും, കലാകായിക പ്രതിഭകൾ നമ്മുടെ ഗ്രാമത്തിലുണ്ട്. ഈ കലാപ്രതിഭകളെയും, കായിക താരങ്ങളെയും കണ്ടെത്തുകയും അവരെ ദേശീയ അന്തർദ്ദേശീയ മേഖലകളിലേയ്ക്ക് പറഞ്ഞയക്കുവാൻ ചുറ്റുപാടുണ്ടാക്കുന്നതിന് ഒരു പൊതുകളിസ്ഥലത്തിന്റെയും പൊതുവേദിയുടെയും അഭാവം ഈ പഞ്ചായത്തിലുണ്ട്.

നമ്മുടെ പ്രധാന ഗ്രന്ഥശാലകളിൽ പ്രഥമസ്ഥാനം വഹിക്കുന്നത് 50വർഷത്തെ പ്രവർത്തനപാരമ്പര്യമുള്ള മുടന്നാന്നിയിലെ MVNM ഗ്രന്ഥശാലയാണ്. ഈ ഗ്രന്ഥശാലയ്ക്ക് 5സെന്റ് സ്ഥലവും സ്വന്തം കെട്ടിടവും 6000ത്തോളം പുസ്തകങ്ങളുണ്ട്.


തിരുപുറം ജംഗ്ഷനിൽ ഗ്രാമസേവാസമിതി എന്ന ഗ്രന്ഥശാലയ്ക്ക് 5സെന്റ് സ്ഥലവും കെട്ടിടവും 6000 തോളം പുസ്തകവുമുണ്ട്. കുട്ടനിന്നതിൽ മിനിക്ലബ് ലൈബ്രറിക്ക് 6സെന്റ് സ്ഥലവും സ്വന്തം കെട്ടിടവും 5000-ത്തോളം പുസ്തകവുമുണ്ട്. കഞ്ചാംപഴിഞ്ഞിവിജ്ഞാന മഞ്ജരി ഗ്രന്ഥശാലയ്ക്ക് 2000 പുസ്തകവും 2സെന്റ് സ്ഥലവും ഉണ്ട്. എന്നാരാ ഗ്രന്ഥശാല പ്രവർത്തിക്കുന്നത് വാടകകെട്ടിടത്തിലാണ്. മുള്ളുവിളയിൽ മഹാത്മാഗാന്ധി സ്മാരക ഗ്രന്ഥശാലയ്ക്ക് 5സെന്റ് സ്ഥലവും സ്വന്തം കെട്ടിടവുമുണ്ട്. ഇരുവൈക്കോണം ഉദയാഗ്രന്ഥശാലയ്ക്ക് സ്ഥലവും സ്വന്തം കെട്ടിടവുമുണ്ട്.

നമ്മുടെ പഞ്ചായത്തിലെ കലാസാംസ്കാരിക കായിക കേന്ദ്രങ്ങൾ താഴെപറയുന്നു.

1. പ്രീയദർശിനി ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്- ഇരുവൈക്കോണം.
2. ഫ്രൺസ് ക്ലബ്ബ് കുട്ടനിന്നതിൽ
3. കേരളാ സ്റ്റേറ്റ് എഡ്യൂക്കേഷൻ ആന്റ് കൾച്ചർ അസോസിയേഷൻ- തിരുപുറം
4. മാതൃഭൂമി സ്റ്റഡി സർക്കിൾ - പരണിയം
5. യുവജന സമിതി - പുത്തൻകട
6. യുവജന സമിതി - തിരുപുറം
7. ആർട്ട്സ് ബ്യൂറോ - തിരുപുറം
8. യെങ്മെൻസ് ബ്യൂറോ - തിരുപുറം
9. AKG. കലാസാംസ്കാരിക കേന്ദ്രം, കഞ്ചാംപഴിഞ്ഞി
10. കമ്യൂണിറ്റിസെന്റർ കഞ്ചാംപഴിഞ്ഞി
11. സൂര്യ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് - പഴയകട
12. സ്റ്റാർ ആർട്ട്സ് ആന്റ് സ്പോർട് ക്ലബ്ബ് - പുത്തൻകട
13. സെയിൽ വ്യൂ കലാസാംസ്ക്കാരിക കേന്ദ്രം
14. സ്വദേശാഭിമാനി ആർട്ട്സ് ആന്റ് സ്പോർട് ക്ലബ്ബ് - ആണ്ടിക്കുടി
15. 9 വാർഡുകളിലായി 9 ജനവിദ്യാകേന്ദ്രങ്ങളുണ്ട്.

# വനിത

ഇൻഡ്യയുടെ സാംസ്ക്കാരിക, രാഷ്ട്രീയ ചരിത്രത്തിൽ സ്ത്രീകൾക്ക് പ്രഥമസ്ഥാനമാണുള്ളത്. എന്നാൽ പുരുഷനോടൊപ്പം സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിൽ



നമ്മൾ പരാജയപ്പെടുന്നു. അതിന് നിരവധികാരണങ്ങൾഉണ്ട്. സാമൂഹ്യരംഗങ്ങളിൽ വനിതകൾ ഇന്നും വളരെ അധികം പിന്നോക്കം നിൽക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, സാമൂഹ്യക്ഷേമം തുടങ്ങിയവയിൽ വനിതകൾക്ക് അർഹിക്കുന്ന സ്ഥാനം ലഭിക്കുന്നില്ല.

സാംസ്ക്കാരിക കേരളത്തിൽ സ്ത്രീകൾക്ക് പ്രാധാന്യം നൽകുന്നതിന് നിരവധി നിയമങ്ങളും നിലവിലുണ്ട്. പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് സ്ത്രീകൾക്ക് സ്വയംഭരണസ്ഥാപനങ്ങളിൽ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടേയും പുരുഷന്മാരുടേയും എണ്ണം ഏകദേശം തുല്യമാണ്. 8259 വനിതകളുള്ള നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസരംഗത്ത് വലിയൊരു മാറ്റം ഉണ്ടായിട്ടുണ്ട്. എന്നാൽ സ്വയം തൊഴിൽ രംഗത്ത് വേണ്ടത്ര പുരോഗതിയും പ്രാതിനിധ്യവും ഉണ്ടായികാണു

ന്നില്ല. വനിതാക്ഷേമരംഗത്ത് നിരവധി തൊഴിൽ സാദ്ധ്യതകളുള്ള നമ്മുടെ പഞ്ചായത്തിൽ അതിനുള്ള സാഹചര്യം ഉണ്ടാകേണ്ടിയിരിക്കുന്നു. വനിതകളെ മുഖ്യധാരയിൽ കൊണ്ടുവരാനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പഞ്ചായത്ത് രാജ് സംവിധാനം ഫലപ്രദമായ ഒന്നാണ് എന്നതിൽ സംശയമില്ല.

വനിതകൾക്കായി റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കുക.

വനിതകൾക്കായി തയ്യൽ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുക ചാരിറ്റബിൾസൊസൈറ്റി ആക്ട് അനുസരിച്ച് വനിതാസഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുക.

കരകൗശല ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് പരിശീലപ്പിക്കുന്നതിനായി ടെയിലറിംഗ് സെന്ററുകൾ സ്ഥാപിക്കുക.

സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിക്കുക.

D.W.C.R.A യൂണിറ്റുകൾ സ്ഥാപിക്കുക

വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ IRDP ധനസഹായം നൽകുക.

ഒരു വീട്ടിൽ ഒരു വനിതക്കെങ്കിലും സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതി നടപ്പിലാക്കുക.

മെഴുകുതിരി വ്യവസായയൂണിറ്റ് ആരംഭിക്കുക.

വനിതകൾക്ക് ഡ്രൈസം ട്രെയിനിംഗ് കൊടുക്കുക.

കരകൗശല ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ഒരു യൂണിറ്റ് സ്ഥാപിക്കുക.

പൊതുക്കാര്യങ്ങൾ നടത്തുന്നതിനും പാവപ്പെട്ട പെൺകുട്ടികളുടെ വിവാ

**സ്ത്രീധനത്തിന്റെ പേരിൽ എന്തെല്ലാം കുഴപ്പങ്ങൾ!**
**എത്രയെത്ര ദുരിതങ്ങൾ!**
**സ്ത്രീധനം വാങ്ങരുത്. സ്ത്രീധനം കൊടുക്കരുത്.**
**സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും കുറ്റകരം.**

**തുല്യമായ അധ്വാനത്തിനു തുല്യവേതനം.**
**ഒരേ ജോലി ചെയ്യുന്ന പുരുഷനും സ്ത്രീക്കും ഒരേ കൂലി**

# സഹകരണ പ്രസ്ഥാനം

സഹകരണ പ്രസ്ഥാനം ഇൻഡ്യയിൽ തുടക്കംകുറിച്ചത് 1904കേന്ദ്രപരസ്പര നിയമം നടപ്പിൽ വന്നതുമുതലാണെങ്കിലും ഇൻഡ്യയിൽ സ്വാതന്ത്ര്യം ലഭിച്ചതുവരെ പ്രസ്ഥാനത്തിന്റെ വളർച്ച അഭികാമ്യമായിരുന്നു എന്ന് പറയുവാൻ സാധിക്കുകയില്ല. ഇൻഡ്യക്ക് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം മാത്രമാണ് സഹകരണസംഘങ്ങളുടെ വളർച്ച അത്ഭുതപൂർവ്വമായിതീർന്നത്. ഇൻഡ്യൻ ഭരണഘടനയിലെ മാർഗ്ഗനിർദ്ദേശ തത്വങ്ങൾ അനുസരിച്ച് സഹകരണം, സാമൂഹ്യനീതിക്കും സാമ്പത്തിക വളർച്ചയ്ക്കും വേണ്ടിയുള്ള അംഗീകൃത ഉപകരണമായിതീർന്നു. കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇൻഡ്യൻ സഹകരണപ്രസ്ഥാനത്തിന് മാതൃകയാണ്.

തിരുപുറം ഗ്രാമപഞ്ചായത്തിൽ സഹകരണമേഖലയിലെ പ്രധാനപ്പെട്ട ധനകാര്യസ്ഥാപനമാണ് തിരുപുറം സർവ്വീസ് സഹകരണ ബാങ്ക്. കൂടാതെ കഞ്ചാംപഴിഞ്ഞിയിലും പുത്തൻകടയിലും രണ്ട് വനിതാസഹകരണ സംഘങ്ങൾ ഉണ്ട്.

കാർഷിക പഞ്ചായത്തായ ഈ പഞ്ചായത്തിൽ 4 പാൽസൊസൈറ്റികൾ ഇരുവൈക്കോണം, പുത്തൻകട, പരണിയം, കഞ്ചാംപഴിഞ്ഞി എന്നീ സ്ഥലങ്ങളിൽ ഉണ്ട്.

കൈത്തറി മേഖലയിൽ 7 സംഘങ്ങൾ പ്രവർത്തിക്കുന്നു.

ഏറ്റവും അധികം ജനപങ്കാളിത്തമുള്ളത് തിരുപുറം സർവ്വീസ് ബാങ്കിനാണ്. പഞ്ചായത്തിലെ പകുതിയോളം പേർ സംഘത്തിലെ സഹകാരികളാണ്. ഈ സംഘത്തിൽ നിന്നും കാർഷിക വികസനത്തിനാവശ്യമായ എല്ലാവിധ വായ്പകളും നൽകിവരുന്നു. ഇൻഡ്യാ ഗവണ്മെന്റിന്റെയും കേരളസർക്കാരിന്റെയും പലസ്കീമുകളുമായി കാർഷിക വികസനത്തിനാവശ്യമായ വായ്പകൾ വിതരണം ചെയ്തു വരുന്നു. ചെറുകിട വ്യവസായത്തിനും കന്നുകാലിവളർത്തലിനും സ്വയം തൊഴിൽ കണ്ടെത്തുവാനുള്ള ഗവണ്മെന്റ് തലത്തിലുള്ള വായ്പകൾ വിതരണം ചെയ്തുവരുന്നു.

സഹകരണ മേഖലയിൽ ഒരു കൊപ്രാസംഭരണശാല സ്ഥാപിക്കുക.

ഒരു മെഴുകിതിരി നിർമ്മാണശാല സ്ഥാപിക്കുക.

ചന്ദനതിരി ഫാക്ടറി സ്ഥാപിക്കുക.

ഒരു ഖാദി ഉല്പാദനകേന്ദ്രം സ്ഥാപിക്കുക.

തീപ്പെട്ടി കമ്പനിസ്ഥാപിക്കുക.

ഇലക്ട്രോണിക് ചോക്ക് നിർമ്മാണ കേന്ദ്രം സ്ഥാപിക്കുക.

പനയോല വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

പുൽപായ്നെയ്ത്ത് യൂണിറ്റ് സ്ഥാപിക്കുക.

ഒരു കൈത്തറി സഹകരണ സംഘം സ്ഥാപിക്കുക.

ഒരു ക്ഷീരോല്പാദകവ്യവസായ സഹകരണ സംഘം സ്ഥാപിക്കുക.

ക്ഷീര സസ്ക്കരണ വിപണന സംഘം സ്ഥാപിക്കുക.

**തിരുപുറം ഗ്രാമ പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ**

തിരുപുറം സർവ്വീസ് സഹകരണ ബാങ്ക്.

പുനക്കാട് കൈത്തറി സഹകരണ സംഘം.

കുട്ടനിന്നതിൽ കൈത്തറി സഹകരണ സംഘം.

പരണിയം കൈത്തറി സഹകരണ സംഘം.

ഹരിജൻ വനിത കൈത്തറി സഹകരണസംഘം.

പത്തനാവിളകൈത്തറി സഹകരണ സംഘം.

ഇരുവൈക്കോണം കൈത്തറി സഹകരണസംഘം.

തിരുവനന്തപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആറ് ക്രഡിറ്റ് യൂണിയൻ യൂണിറ്റുകൾ ഈ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

കഞ്ചാംപഴിഞ്ഞി വനിതാസഹകരണസംഘം.

വട്ടവിള വനിത സഹകരണസംഘം

പത്തനാവിളവനിതാ സഹകരണ സംഘം.

തിരുപുറം വനിതാ സഹകരണ സംഘം.

പുത്തൻകട വനിതാ ടെയിലറിംഗ് സഹകരണസംഘം.

വട്ടവിളവനിത ടെയിലറിംഗ് സഹകരണ സംഘം.

പത്തനാവിള ടെയിലറിംഗ് സഹകരണ സംഘം.

ഒൽപത് വാർഡിലും ഒൻപത് ജനവിദ്യാകേന്ദ്രം സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

നമുക്കു പ്രകൃതി നൽകിയ വിലപ്പെട്ട സമ്പത്താണു വനങ്ങളും മരങ്ങളും അവയെ തളർത്തുകയും തകർക്കുകയുമല്ല, വളർത്തുകയും ഓമനിക്കുകയുമാണു വേണ്ടത്. മരങ്ങൾ മനുഷ്യന്റെ മിത്രങ്ങളും വനങ്ങൾ ജനങ്ങൾക്കു ആശ്വാസമരുളുന്ന രമ്യരംഗങ്ങളുമാണ്.

അക്ഷരം അറിവന്റെ താക്കോൽ. അറിവാണ് ശക്തി

കണ്ണുണ്ടായാൽ പോരാ കാണണം

ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട

# പട്ടികജാതി പട്ടികവർഗ്ഗം

നമ്മുടെരാജ്യത്തിന്റെ ചരിത്രത്തിനു മുന്നിൽ ജനകോടികളുടെ ഹൃദയത്തിൽ ആത്മഹർഷത്തിന്റെ പൂക്കുല വിരിയിച്ചുകൊണ്ട്, ജനാധിപത്യത്തിന്റെ സമൂർത്തമായ വെന്നിക്കൊടി പാറിച്ചുകൊണ്ടാണ് ഒൻപതാം ജനകീയ ആസൂത്രണ പദ്ധതി നമുക്ക് മുന്നിൽ പുഞ്ചിരിതൂകി നില്ക്കുന്നത്.

ഈ സന്ദർഭത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസനത്തെക്കുറിച്ച് ആരോഗ്യകരമായ ചിന്തകൾ നമ്മുടെ മുന്നിൽ കടന്നുവരുന്നു. പകലന്തിയോളം പണിചെയ്ത് മണ്ണിനെ പൊന്നാക്കി മാറ്റിയ മണ്ണിന്റെ മക്കളുടെ ഇന്നലെകളിലെ ജീവിതം ഈ നാടിന്റെ ചരിത്രംകൂടിയാണ്. ഈ നാട്ടിലുണ്ടായ വിദ്യാഭ്യാസ, സാമൂഹിക സാംസ്ക്കാരിക സാമ്പത്തിക മുന്നേറ്റങ്ങൾ നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെയും ഉന്നമനത്തിനു വഴിതെളിച്ചു.

നമ്മുടെ പഞ്ചായത്തിൽ സാംബവർ, പുലയർ, വേടർ, പരവർ, മണ്ണാൻ, തണ്ടാൻ തുടങ്ങിയ പട്ടികജാതി പട്ടികവർഗ്ഗങ്ങളുണ്ട്. നമ്മുടെ പഞ്ചായത്തിൽ ദർപ്പനിന്നകോളനി, തിരുപുറം ഹരിജൻ കോളനി, ഇരുവൈക്കോണം കോളനി, നെടിയ വിള പറയൻ വിള കോളനി നുള്ളിയോട് തോട്ടം കോളനി, അരുമാനൂർ ലക്ഷംവീട് കോളനി, കാരയ്ക്കാവിള കോളനി, പത്തനാവിള കോളനി, മാൻകുളം കോളനി തുടങ്ങിയ 9 കോളനികളുണ്ട്.

നമ്മുടെ പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ട 460 വനിതകളും 526 പുരുഷന്മാരും പട്ടികവർഗ്ഗത്തിൽ രണ്ട് പുരുഷന്മാരും രണ്ട് സ്ത്രീകളും ഉണ്ട്. നമ്മുടെ ഗ്രാമസഭകളിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിന്റെ ഉന്നമനത്തിനായി മുന്നോട്ടുവച്ച പ്രശ്നങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. പട്ടികതജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടതും സ്വന്തമായി ഭൂമിയില്ലാത്തതും, വീടില്ലാത്തതുമായ എല്ലപേർക്കും ഭൂമി നല്കുകയും [ഹരിജൻ വെൽഫയർ മുഖേന] വീട് നല്കുകയും പഴയവീടുകൾ പുതുക്കി പണിയുകയും വേണം.

2. എല്ലാ ഹരിജൻ കോളനികളിലും ഹരിജനങ്ങൾ താമസിക്കുന്ന മറ്റ് സ്ഥലങ്ങളിലും ശുദ്ധജലം എത്തിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുക.

3. പുത്തൻകടവാർഡിലെ ഹരിജൻ കോളനിയിൽ ഒരു പമ്പ്സെറ്റ് സ്ഥാപിച്ച് പുതിയ ടാങ്ക് കെട്ടിശുദ്ധജലംവിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കുക.

4. എല്ലാ ഹരിജൻ വീടുകളിലും കക്കൂസ് നിർമ്മിച്ച് നല്കണം.

5. പുത്തൻകട ഹരിജൻ കോളനിയിൽ ഒരു പബ്ലിക്ക് ഹെൽത്ത് സബ്സെന്റർ സ്ഥാപിക്കുക.

6. എല്ലാ ഹരിജൻ കോളനികളിലും ഹരിജൻ വീടുകൾ പൂർണ്ണമായി വൈദ്യുതികരിക്കുക.

7. എല്ലാ ഹരിജൻ മേഖലകളിലെ റോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

8. വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതി വേണ്ടി ഉദിങ്കാട് ഹരിജൻ സെറ്റിൽമെന്റ് കോളനിയിൽ ട്രാൻസ്ഫോമർ സ്ഥാപിക്കുക.

9. നിർദ്ധനരായ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ തുടർവിദ്യാഭ്യാസ ത്തിനുവേണ്ട സഹായങ്ങൾ പഞ്ചാ യത്ത് തലത്തിൽ നടപ്പിലാക്കുക.

10. നിർദ്ധനരായ ഹരിജൻ വിദ്യാർത്ഥി കൾക്ക് സ്ഥിരമായി താമസിച്ചു പഠി ക്കാനുള്ള ഒരു റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുക.

11. വായനാ ശീലംവളർത്തുന്നതിനു വേണ്ടി ഇപ്പോൾ SC. ST. ഡിപ്പാർട്ടു മെന്റിൽ നിലവിലുള്ള ലൈബ്രറി സ്കീം പുത്തൻകട ഹരിജൻ കോള നിക്കടുത്ത് സ്ഥാപിക്കുക.

12. ഹരിജനങ്ങളായ വിദ്യാർത്ഥികളുടെ ഉന്നമനത്തിനുവേണ്ടി പുതിയ ITC സ്ഥാപിക്കുകയും ഇലക്ട്രോ ണിക്കും, കമ്പ്യൂട്ടർ പഠനവും തുട ങ്ങിയ ട്രേഡുകളും നടപ്പിലാക്കുക.

13. ഹരിജൻ വിദ്യാർത്ഥികളുടെ ആരോ ഗ്യപരവും മാനസികപരവുമായ കഴി വുകളെ പരിപോഷിപ്പിക്കുന്നതിനു വേണ്ടി ഒരു സ്റ്റേഡിയം നിർമ്മി ക്കുക.

14. ഹരിജനങ്ങളുടെ കലാ പരമായ മേന്മ കൾ ഉയർത്തികൊണ്ടു വരുന്നതിനു വേണ്ടി സംഘടനാ സമിതികൾ രൂപി കരിച്ച് സംഘടനകൾ വഴി പുതിയ ഇൻസ്ട്രമെന്റ്സ് വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ നടപ്പിലാക്കുക.

15. ഹരിജനങ്ങൾക്ക് ജാതി തെളിയി ക്കുന്ന സർട്ടിഫിക്കറ്റ് അവരുടെ ഓരോ ആവശ്യങ്ങൾക്കും തഹ സീൽദാരുടെ ഓരോ സർട്ടിഫിക്കറ്റ് വേണം എന്നുള്ള രീതി മാറ്റി ഒരു സർട്ടിഫിക്കറ്റ് എല്ലാ ആവശ്യ ങ്ങൾക്കും ഉപകരിക്കത്തക്ക രീതി യിൽ സ്ഥിര സർട്ടിഫിക്കറ്റായി നൽകുക.

16. ഹരിജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി പുതിയ തൊഴിൽ സംരഭ ങ്ങൾ ആരംഭിക്കുക.

17. ഹരിജനങ്ങളുടെ വീടുകളിൽ അടു ക്കളത്തോട്ടം നിർമ്മിക്കുന്നതിനു വേണ്ടി വിത്തും, വളവും സൗജന്യ മായി നൽകുക.

18. പുത്തൻകട, അരുമാനൂർ കട എന്നി ഹരിജൻ കോളനികളിൽ പുതിയ തയ്യൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

19. കന്നുകാലി വളർത്തുന്നതിന് താല്പ ര്യമുള്ള ഹരിജനങ്ങൾക്ക് അതിനു വേണ്ടുന്ന ധന സഹായം നൽകുക.

20. ഹരിജനങ്ങളുടെ ഉന്നമനത്തിനായി ഈറ്റപന തുടങ്ങിയവ ഉപയോഗിച്ചു കരകൗശല വസ്തുക്കൾ നിർമ്മിക്കു ന്നതിനുള്ള കുടിൽ വ്യവസായങ്ങൾ ആരംഭിക്കുക.

21.സാങ്കേതിക വിദ്യാഭ്യാസവും മറ്റ് അടിസ്ഥാന വിദ്യാഭ്യാസവും നേടിയിട്ടുള്ള ഹരിജൻ തൊഴിൽ രഹിതർക്ക് ഉദ്ദേശം 50ലക്ഷം രൂപ മുതൽ മുടക്കിയിട്ടുള്ള ഒരു ഉല്പാദന കേന്ദ്രം സ്ഥാപിക്കുക

22.ഹരിജനങ്ങൾക്ക് വാഹനങ്ങൾ, ഉപകരണങ്ങൾ മുതലായവ വാങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്ന സ്കീം പഞ്ചായത്ത് വഴി നടപ്പിലാക്കുക.

23.കൈത്തറിമേഖലകളിൽ തൊഴിൽ കണ്ടെത്തുന്ന തിനുവേണ്ടി ആധുനിക ഉപകരണങ്ങളോടു കൂടിയ പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും - അവ ഹരിജനങ്ങളായ തൊഴിൽ രഹിതർക്ക് പ്രയോജനപ്പെടത്തക്കവിധത്തിൽ സ്കീം നടപ്പിലാക്കകയും ചെയ്യുക.

24.നമ്മുടെ പഞ്ചായത്തിൽ ഹരിജനങ്ങൾക്ക് ലൈസൻസുള്ള രണ്ടു റേഷൻ കട നടപ്പിലാക്കുക.

25.പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി വിവിധ നിലവാരത്തിലുള്ള സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

26.പുത്തൻ കട വാർഡിലെ ഹരിജൻ കോളനിയിൽ ഒരു കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുക.

27.അരുമാനൂർ കട ലക്ഷം വീട് കോളനിയിൽ ഒരു ആഗ്രോ സർവ്വീസ് സെന്റർ സ്ഥാപിക്കുക.

28.ഹരിജനങ്ങൾ തിങ്ങി പാർക്കുന്ന ഉദിങ്കാട്, അരുമാനൂർ കട ലക്ഷം വീട് പുലവങ്ങൽ ലക്ഷം വീട് കുമിളി ലക്ഷം വീട്, ഇരുവൈക്കോണം ദർപ്പനിന്ന, പത്തനാവിള എന്നി ഹരിജൻ കോളനികളിൽ T.V. കിയോക്സും വായനശാലയും നിർമ്മിച്ച് വേണ്ടതായ സാംസ്കാരിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.

29.ഹരിജനങ്ങൾക്കായി സർക്കാർ നൽകുന്ന ഫണ്ടുകൾ ദുരുപയോഗം ചെയ്യുന്നത് തടയുക.

30.നിർദ്ധനരായ ഹരിജൻ പെൺകുട്ടികൾക്ക് വിവാഹധന സഹായം ഏർപ്പെടുത്തുക.

31.പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് സംസ്ഥാന കേന്ദ്രഗവൺമെന്റുകളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെ കുറിച്ചുള്ള ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

ഹരിജനങ്ങളുടെ ഉന്നമനത്തിനായി ഹരിജൻ വെൽഫെയർ, ഗ്രാമപഞ്ചായത്തിലെയും മറ്റു ഇതര സ്ഥാപനങ്ങളിലേയും 20% വരുന്ന ഫണ്ടാണ് ഉപോയഗിക്കുന്നത്.

**ഒറ്റയ്ക്ക് ആർക്കെങ്കിലും ജീവിക്കാൻ പറ്റുമോ?**
**ഇല്ല, പരസ്പരം സഹകരിച്ചേ പറ്റൂ.**

**ചെറിയ ചെറിയ തർക്കങ്ങൾ മറക്കണം**
**സഹകരിച്ചു പ്രവർത്തിച്ചാൽ**
**സാമൂഹ്യ പുരോഗതി നിശ്ചയം.**

# വിഭവ സമാഹരണം

വളരെ വിസ്തൃതമല്ലാത്തതും, ഉയർന്ന് താഴ്ന്ന ഭൂപ്രകൃതിയോടും കൂടിയ പ്രദേശമാണ് നമ്മുടേത്. 16600 അംഗ ജനസംഖ്യയുള്ള പഞ്ചായത്തിൽ ഭൂരിപക്ഷവും കർഷകരും കർഷകതൊഴിലാളികളുമാണ്. ചുള്ള തൊഴിലാളികളും ഇടത്തരം കർഷകരും ചെറുകിട കച്ചവടക്കാരും ഇതിൽ ഉൾപ്പെടുന്നു. എന്നിരുന്നാലും നമ്മുടെ ആവശ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ കാര്യമായ വിഭവക്കുറവ് അനുഭവപ്പെടുന്നു. വൻവ്യവസായസ്ഥാപനങ്ങളോ ഫാക്ടറികളോ പൊതുമേഖലസ്ഥാപനങ്ങളോ വിഭവസമാഹരണത്തിന് ആവശ്യമായ മറ്റ് സ്രോതസ്സുകളോ നമുക്കില്ല. ഈ ചുറ്റുപാടിൽ നിന്നുമാണ് നമ്മുടെ പഞ്ചായത്തിന്റെ വിഭവ സമാഹരണത്തിന്റെ രൂപരേഖ തയ്യാറാക്കേണ്ടത്.

നമ്മുടെ പഞ്ചായത്തിന്റെ ഭൂരിഭാഗം ജനങ്ങളും കാർഷിക മേഖലയിലും, ചെറിയൊരുവിഭാഗം ചെറുകിട പരമ്പരാഗത വ്യവസായങ്ങളിലും പണിയെടുക്കുന്നു. ഈ മേഖലകളിൽ വന്നിട്ടുള്ള തൊഴിൽ ലഭ്യതക്കുറവ് പഞ്ചായത്തിന്റെ സാമ്പത്തിക അടിത്തറയെ സാരമായി ബാധിക്കുന്നുണ്ട്. പരിമിതമായ കെട്ടിടനികുതിയും, സർക്കാരിന്റെ വിവിധ ഇനത്തിലുള്ള വിഹിതങ്ങളുമാണ് പഞ്ചായത്തിന്റെ പ്രധാന വരവിനങ്ങൾ.

### വിഭവ സമാഹരണം

മോട്ടോർ ഘടിപ്പിച്ച ഇരുചക്രവാഹനങ്ങളുടെ നികുതി പഞ്ചായത്തിൽ അടയ്ക്കുന്നതിന് സംവിധാനം ഉണ്ടാക്കുക

കെട്ടിട നിർമ്മാണചട്ടം നടപ്പിലാക്കുക


പഞ്ചായത്തിലെ കുളങ്ങളിൽ ശുദ്ധജലമത്സ്യകൃഷി ആരംഭിച്ച് വരുമാനം കണ്ടെത്താവുന്നതാണ്.

പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമികളിൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് വരുമാനം കണ്ടെത്താവുന്നതാണ്.

പട്ടിക - 1

**നമ്മുടെ പഞ്ചായത്തിലെ പ്രധാനബാങ്കുകൾ**

| ഇനവിവരം | പേരുകൾ |
|---|---|
| വാണിജ്യബാങ്കുകൾ | തമിഴ്നാട് മർക്കന്റയിൽ ബാങ്ക് |
| സഹകരണ ബാങ്കുകൾ | സർവ്വീസ് സഹകരണബാങ്ക് |
| സഹകരണ വായ്പാസംഘങ്ങൾ | തിരുപുറം വനിതാ സഹകരണ സംഘം<br>പുത്തൻകട വനിത സഹകരണസംഘം |



# ഉപസംഹാരം

നാളിതുവരെയുള്ള നമ്മുടെ ജനാധിപത്യ സംവിധാനത്തിൽ മാതൃകകളില്ലാത്ത ഒരു പ്രവർത്തനമാണ് ഈ സംരംഭത്തിൽകൂടി ചെയ്തിരിക്കുന്നത്. സ്ഥിതിവിവരകണക്കുകളുടെ ലഭ്യതകുറവ്, ഉള്ളവ പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാത്തത്, പഞ്ചായത്തിലെ മുഴുവൻ സാദ്ധ്യതകളും പ്രയോജനപ്പെടുത്താൻ സാധിക്കാതെ പോയത് തുടങ്ങിയവയെല്ലാം ഈ റിപ്പോർട്ടിന്റെ പൂർണ്ണതയ്ക്ക് തടസ്സമായിട്ടുണ്ട്.


സന്നദ്ധപ്രവർത്തകരുടെയും ഗ്രാമസഭകളുടെയും സർക്കാർ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സഹായത്തോടുകൂടിയാണ് ഈ രേഖ പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിന്റെ ഭാവിവികസന പ്രവർത്തനങ്ങളുടെ ഒരു മാർഗ്ഗരേഖമാത്രമാണിത്. ഇവ പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല. പോരായ്മകൾ നിരവധി ഉണ്ടാകാം. അവയെല്ലാം ചൂണ്ടിക്കാട്ടി നമുക്കിതിനെ കുറ്റമറ്റതാക്കാൻ ശ്രമിക്കാം.

തിരുപുറം പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും സമൂലമായ പുരോഗതിക്കുവേണ്ടി ഒരുപുതിയ വികസന സംസ്ക്കാരത്തിനുവേണ്ടി ഒത്തൊരുമിച്ച് നമുക്ക് മുന്നേറാം.

സ്നേഹാദരപൂർവ്വം

ഡി. രവീന്ദ്രൻ

തിരുപുറം
27.12.96



തിരുപുറം ഗ്രാമ പഞ്ചായത്ത്
ശ്രീ.ഡി.രവീന്ദ്രൻ